# സ്നേഹത്തിന്റെ പിൻവിളി

ജോജി ടി. സാമുവൽ

*പ്രസിദ്ധീകരണം:*

**ജീവമൊഴി പബ്ളിക്കേഷൻസ്**
കുമാരനല്ലൂർ പി.ഓ.,
കോട്ടയം 686 016, കേരള

***Snehathinte Pinvili***
(Malayalam)

*By:*
**Joji T. Samuel**

*Published by:*
**Jeevamozhi Publications**
Kumaranalloor P.O
Kottayam 686 016. Kerala

*Cover Designing:*
**Biju M. Philip**

*DTP:*
**Graphic Media**
Ph:2300395

*First impression:* 1500 copies

*For more details:*
**Jeevamozhikal**
Kumaranelloor P.O
Kottayam-686 016

Price: **Rs. 30.00**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സ്നേഹത്തിന്റെ പിൻവിളി | 7 |
| 2. | വിജയമന്ത്രവും രക്ഷാദൂതും | 10 |
| 3. | ഉപരിതലത്തിലെ ക്രിസ്തീയത | 13 |
| 4. | ജീവിതവും ശുശ്രൂഷയും | 15 |
| 5. | എന്റെ സ്വന്തം യേശു | 17 |
| 6. | ‘സത്യകൃപ’യെ സ്വീകരിക്കുക | 19 |
| 7. | ഇന്നു നമുക്കു വേണ്ടത്... | 21 |
| 8. | വിജയത്തിലേക്കു കീഴടങ്ങുക | 23 |
| 9. | പാപരോഗത്തെ തിരിച്ചറിയുക പരമവൈദ്യനെ സമീപിക്കുക | 25 |
| 10. | വികാരമോ ഇച്ഛയോ? | 28 |
| 11. | സ്വർഗത്തിലെപോലെ ഭൂമിയിലും... | 31 |
| 12. | മതഭക്തിക്കപ്പുറം... | 34 |
| 13. | അല്പത്തിൽ വിശ്വസ്തത | 36 |
| 14. | ആവശ്യമുണ്ട്; ജീവിക്കുന്ന രക്തസാക്ഷികളെ | 38 |
| 15. | സഭകൾ നേരിടുന്ന ഭീഷണി | 41 |
| 16. | തോറ്റവർക്ക് ഒരു സുവിശേഷം | 44 |
| 17. | തിന്മയോടു തോല്ക്കുകയോ? | 47 |
| 18. | സുപ്രധാന സത്യം | 50 |
| 19. | ശുശ്രൂഷയെക്കുറിച്ച് ഒരു വ്യത്യസ്തസന്ദേശം | 53 |
| 20. | ആരാധനയും സ്തുതിയും | 56 |
| 21. | ശിഷ്യത്വത്തിന്റെ ഒറ്റയടിപ്പാത | 59 |
| 22. | അനുതാപത്തെ അവഗണിക്കരുത് | 61 |
| 23. | ഗിരിപ്രഭാഷണത്തിന്റെ അന്തസ്സത്ത | 64 |
| 24. | യഥാർത്ഥ്യത്തിന്റെ ആത്മാവ് | 67 |
| 25. | കുഞ്ഞാടോ ചെന്നായോ? | 70 |
| 26. | (സ്വയം) വിധിക്കുക; (മറ്റുള്ളവരെ) വിധിക്കാതിരിക്കുക | 73 |
| 27. | കരുണയുടെ കാൽവയ്പ് | 77 |
| 28. | ആഴങ്ങൾ തേടുന്ന ദൈവം | 80 |
| 29. | യേശുവെപ്പോലെ ആകുവാൻ... | 83 |
| 30. | വിജയകരമായ ക്രിസ്തീയജീവിതം | 86 |
| 31. | ആ പാദമുദ്രകളിൽ പദമൂന്നി... | 89 |
| 32. | വിഗ്രഹങ്ങളേ വിട | 91 |
| 33. | ‘സൂര്യകാന്തിപ്പൂവി’ന്റെ സന്ദേശം | 94 |

# അവതാരിക

ജോജി സാമുവലിന്റെ ശുശ്രൂഷയെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു രോഗത്തിന്റെ മൂലകാരണം കണ്ടെത്തി ചികിത്സ നിർദ്ദേശിക്കുന്ന ഒരു നല്ല ഡോക്ടറുടെ കാര്യമാണ് ഓർമ്മയിൽ വരുന്നത്. ജീവിതവഴിത്താരയിൽ ദൈവം അഭിമുഖമായി അയയ്ക്കുന്ന ആത്മീയഡോക്ടർമാരുടെ രോഗനിർണയമോ ചികിത്സാവിധികളോ എല്ലാ ക്രിസ്ത്യാനികളും അംഗീകരിച്ചെന്നുവരികയില്ല. പരമാർത്ഥഹൃദയം ഉള്ളവരും ദൈവത്തിനായി ദാഹിക്കുന്നവരും മാത്രമേ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കയുള്ളു. ഈ ഗ്രന്ഥം ദൈവമുമ്പാകെയുള്ള നിങ്ങളുടെ സത്യസന്ധതയും ദൈവത്തിനായുള്ള ദാഹവും പരീക്ഷിക്കുന്ന ഒന്നായിരിക്കും.

ദൈവഭൃത്യന്മാർ രണ്ടുതരമുണ്ട്: ചിലർ പൗലോസിനെപ്പോലെ ദൈവാത്മാവിന്റെ തീക്ഷ്ണതയിൽ ആഞ്ഞടിക്കുന്നവരായിരിക്കും. മറ്റുള്ളവർ ബർന്നബാസിനെപ്പോലെ ശാന്തരും മൃദുഭാഷികളുമായിരിക്കും. ജോജി, ബർന്നബാസിനെപ്പോലെയുള്ള ആളാണ്. ശാന്തമായ ജലാശയത്തിന് ആഴമുണ്ടായിരിക്കുമെന്നത് സത്യമായതുപോലെ, ജോജിയുടെ വാക്കുകൾ വലിയ ആഴമുള്ളവയാണ്. അവ ദൈവത്തിന്റെ ഹൃദയത്തിൽനിന്നുവരുന്ന വാക്കുകളാണെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നിങ്ങൾക്ക് അനുഗ്രഹമായിരിക്കും, തീർച്ച.

കോട്ടയത്തുള്ള ക്രിസ്ത്യൻ അസംബ്ലി സെന്ററിൽ കൂടുന്ന പ്രാദേശിക സഭയിലെ ഒരു മൂപ്പനാണ് ജോജി സാമുവൽ. മലയാളമനോരമ ദിനപത്രത്തിൽ അസിസ്റ്റന്റ് എഡിറ്റർ എന്നതാണ് അദ്ദേഹത്തിന്റെ സെക്കുലർ ജോലി. അതേസമയം കോട്ടയത്തുനിന്നു പ്രസിദ്ധീകരിക്കുന്ന 'ജീവമൊഴികൾ' എന്ന ക്രിസ്തീയമാസികയുടെ എഡിറ്ററും ജോജി തന്നെ. ആ ജീവമൊഴികളിൽ ആദ്യകാലത്തു പ്രത്യക്ഷപ്പെട്ടവയും അനേകർക്ക് വെല്ലുവിളിയും അനുഗ്രഹവും ആയിത്തീർന്നവയുമായ പത്രാധിപലേഖനങ്ങളുടെ സമാഹാരമാണ് നിങ്ങളുടെ കൈകളിൽ ഗ്രന്ഥരൂപേണ എത്തിയിരിക്കുന്നത്.

നിങ്ങൾ ഈ ഗ്രന്ഥത്തിന്റെ താളുകളിലൂടെ സഞ്ചരിക്കുമ്പോൾ ജീവനിലേക്ക് നയിക്കുന്ന 'ഇടുക്കമുള്ള പാത' കണ്ടെത്തുവാൻ ദൈവം സഹായിക്കട്ടെ. നമ്മുടെ കാലഘട്ടത്തിൽ വളരെ ചുരുക്കം ക്രിസ്തീയ വിശ്വാസികൾ മാത്രമേ ഈ ഇടുക്കമുള്ള പാത കണ്ടെത്തിയിട്ടുള്ളു എന്ന സത്യം വിസ്മരിച്ചുകൂടാ.

ആശംസകളോടെ

**സാക് പുന്നൻ**

ബാംഗ്ലൂർ
10-4-2004

*"എന്റെ കൃതി*

*രാജാവിനുവേണ്ടിയുള്ളത് എന്നു*

*ഞാൻ പറയുന്നു" (സങ്കീർത്തനം 45:1)*



# സ്നേഹത്തിന്റെ പിൻവിളി

**അ**വനെവിട്ട് ഒരൊളിച്ചോട്ടം
ഇരവിലൂടെ, പകലറുതികളിലൂടെ
വർഷങ്ങളുടെ കമാനങ്ങൾക്കടിയിലൂടെ
മനസ്സിന്റെ ഇടവഴിയിലൂടെ
കണ്ണുനീരിന്റെ മൂടൽമഞ്ഞിലൂടെ
അവനെ വിട്ടിന്നീ ഒളിച്ചോട്ടം

ദൈവത്തെ വിട്ടുള്ള തന്റെ (മനുഷ്യരാശിയുടേയും) പലായനം ഫ്രാൻസിസ് തോംപ്സൺ എന്ന അനുഗൃഹീത കവി വർണ്ണിക്കുന്നതിങ്ങനെയാണ്. എന്നാൽ തന്നെവിട്ട് ഒളിച്ചോടുന്ന മനുഷ്യനെ ദൈവം അങ്ങനെ വിടുന്നില്ല. നിത്യമായ സ്നേഹത്തോടെ അവന്റെ പിന്നാലെ അവിടുന്നു തെരഞ്ഞുചെല്ലുന്നു – സ്നേഹത്തിന്റെ ഭാഷയിൽ അവനുമായി സംവദിക്കാൻ ശ്രമിക്കുന്നു. പക്ഷേ ആ സ്നേഹത്തിന്റെ വിളിയൊച്ചയെ അവഗണിച്ച് ധാർഷ്ട്യത്തോടെ അവൻ മുന്നോട്ടു പോകുകയാണ്. എന്നാൽ അവിടുന്നു പിൻതിരിയുന്നില്ല. മടുപ്പില്ലാതെ, പിന്നാലെ, ഒരു വേട്ടനായെപ്പോലെ... ഒടുവിൽ അതു സംഭവിക്കുന്നു. ദൈവം അവനെ പിടികൂടുന്നു. സ്നേഹത്തിന്റെ ഒരു വേട്ടയാടൽ ആയിരുന്നു അത്.

1893ൽ രചിച്ച 'സ്വർഗ്ഗത്തിന്റെ വേട്ടനായ്' എന്ന കവിതയിൽ യേശുവിനെ, 'ഓരോ മനുഷ്യനേയും സ്നേഹാർദ്രമായ ഹൃദയത്തോടെ നിരന്തരം പിൻതുടരുന്ന ഒരു അസാധാരണ സ്നേഹമൂർത്തി'യായി ചിത്രീകരിക്കുന്നു. 'ഇടറാത്ത കാൽവയ്പുകൾ, വ്യക്തമായ വേഗം, പ്രൗഢമായ തിടുക്കം.' യേശു പിന്നാലെ വരികയാണ് – സ്നേഹത്തിന്റെ പിൻവിളിയുമായി.

ദൈവത്തെ വിട്ട് സ്വന്ത ഇഷ്ടങ്ങളുടെ ഇടനാഴികളിലൂടെ ചുറ്റിത്തിരിയുന്ന മനുഷ്യൻ മറ്റെന്തിനേക്കാളുമേറെ സഹതാപം അർഹിക്കുന്നു. നെഞ്ചുവിരിച്ച്, തല ഉയർത്തിപ്പിടിച്ച്, തൻപോരിമയോടെയാണ് അവന്റെ നടപ്പ്. 'എനിക്കു വേണ്ടതെന്തെന്ന് എനിക്കറിയാം' എന്നാണ് അവന്റെ പ്രഖ്യാപനം. ഈ ലോകത്ത് സ്വന്തമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാനുള്ള വിയർപ്പൊഴുക്കലാണ് അവന് ജീവിതം. ഈ തിരക്കിനിടയിൽ അവൻ സ്വയം നഷ്ടപ്പെടുന്നു. മറ്റൊന്നിനും അവന് സമയമില്ല. വെട്ടിപ്പിടിക്കാനും നേടിയെടുക്കാനുമുള്ള ഈ ഓട്ടത്തിൽ താൻ തൃപ്തനും സന്തുഷ്ടനുമാണെന്ന് അവൻ ഭാവിക്കുന്നു. സ്വയം അങ്ങനെ വിശ്വസിപ്പിക്കുന്നു. എന്നാൽ വാസ്തവം എന്താണ്? കാഴ്ചയ്ക്ക് പുറമേ മനോഹരമെങ്കിലും ഉള്ളിൽ പുഴു

ക്കുത്തുവീണ ഒരു പുഷ്പംപോലെയാണ് അവന്റെ ജീവിതം. ആന്തരിക മായ ഒട്ടേറെ അസ്വസ്ഥതകൾ അവനെ വീർപ്പുമുട്ടിക്കുന്നു. ദൈവത്തിന്റെ രൂപത്തിൽ അവന്റെ ഹൃദയത്തിലുള്ള ശൂന്യതയെ മറ്റു പലതുകൊണ്ടും അടയ്ക്കുവാൻ എത്ര ശ്രമിച്ചിട്ടും വിജയിക്കാത്തതിലുള്ള നിസ്സഹായതയുടെ തിക്കുമുട്ടലാണ് അത്. സ്രഷ്ടാവിലേക്കു ചെല്ലുവാനുള്ള സൃഷ്ടിയുടെ ഹൃദ യത്തിലെ യഥാർത്ഥ ദാഹത്തെ, ഈ ലോകത്തിലെ നിരർത്ഥകസുഖങ്ങൾ, തൃഷ്ണകളെ ശമിപ്പിക്കുമ്പോഴുള്ള വ്യർത്ഥസന്തോഷം, ബൗദ്ധികമായ അന്വേഷണങ്ങൾക്ക് ഉത്തരം കിട്ടുമ്പോഴുള്ള താത്ക്കാലിക ശാന്തി, ആഗ്ര ഹസാഫല്യം മൂലം ലഭ്യമാകുന്ന നൈമിഷികസാന്ത്വനം എന്നിവകൊണ്ടു തൃപ്തിപ്പെടുത്താൻ ശ്രമിച്ചതാണ് അവന്റെ പരാജയം. 'ഈ വെള്ളം കുടി ക്കുന്നവനൊക്കെയും പിന്നെയും ദാഹിക്കും' എന്ന ക്രിസ്തുവചനം അവ നിൽ നിവൃത്തിയാകുകയാണ് (യോഹ. 4:13).

പക്ഷേ അവനെ അവന്റെ അസ്വാസ്ഥ്യങ്ങളുമായി വെറുതെ വിടാൻ സ്നേഹവാനായ ദൈവം ഒരുക്കമല്ല. അവിടുന്ന് അവന്റെ അലച്ചിലുകളെ അറിയുന്നു (സങ്കീ. 56:8). അവന്റെ ഹൃദയത്തിലെ ശൂന്യതയെ നികത്തു വാനും അവന്റെ അന്തർദ്ദാഹങ്ങളെ ശമിപ്പിക്കുവാനും അവനെ സ്വസ്ഥനാ ക്കുവാനും തന്റെ തന്നെ നിറവുകൊണ്ട് അവനെ ധന്യനാക്കുവാനും അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ദൈവത്തോടു മത്സരിച്ച് അക ന്നുപോയ മനുഷ്യകുലത്തെ ഒന്നാകെയെന്നപോലെ വ്യക്തികളെയും അവി ടുന്ന് തേടിച്ചെല്ലുന്നു. ഓരോരുത്തരേയും അവരവരുടെ വ്യക്തിപരമായ തല ങ്ങളിൽ സന്ധിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. എഴുതപ്പെട്ട ദൈവവ ചനത്തിന് പുറത്തും ആളുകളുടെ ജീവിതസാഹചര്യങ്ങളിലൂടെ അവരെ അഭിമുഖീകരിക്കുവാനും അവരോടു സംസാരിക്കുവാനുമാണ് ദൈവം ശ്രമി ക്കുന്നത്. ഇതിനുവേണ്ടി വ്യക്തികളുടെ ജീവിതത്തിനു പരിധികളും പരിമി തികളും സൃഷ്ടിക്കുകയും അവരുടെ സാഹചര്യങ്ങളേയും അനുഭവങ്ങ ളേയും അവിടുന്ന് ആ വിധത്തിൽ ക്രമീകരിക്കുകയും ചെയ്തിരിക്കുന്നു. "അവിടുന്ന് ഒരുവനിൽ നിന്ന് എല്ലാ ജനപദങ്ങളേയും സൃഷ്ടിച്ചു; അവർക്കു വിഭിന്നകാലങ്ങളും വാസഭൂമികളും നിശ്ചയിച്ചുകൊടുത്തു. ഇത് അവർ ദൈവത്തെ അന്വേഷിക്കുന്നതിനും അനുഭവത്തിലൂടെ അവിടുത്തെ കണ്ടെ ത്തുന്നതിനും വേണ്ടിയാണ്' എന്ന ദൈവവചനം ശ്രദ്ധിക്കുക (പ്രവൃ. 17:26,27). അങ്ങനെയാണെങ്കിൽ, സുഹൃത്തേ, താങ്കൾ കണ്ടുമുട്ടാനിടയായ ഒരാൾ, കേൾക്കാൻ കഴിഞ്ഞ ഒരു പ്രസംഗശകലം, വായിക്കാനിടയായ ഒരു പുസ്തകം, പൊടുന്നനെ ലഭിച്ച ഒരു ഉൾവെളിച്ചം, കടന്നുപോയ ഒരു പ്രത്യേക സാഹചര്യം ഇവയൊന്നും യാദൃച്ഛികമായിരുന്നില്ല. ദൈവസാന്നി ധ്യബോധത്തിലേക്കു നിങ്ങളെ നയിച്ച ആ അനുഭവങ്ങളോരോന്നും നിങ്ങളെ





അനുസ്യൂതം പിൻതുടരുകയായിരുന്ന സ്നേഹമൂർത്തിയുടെ കാലൊച്ചക ളായിരുന്നു! ജീവിതത്തിൽ സംഭവിച്ചതൊന്നും വെറുതെയായിരുന്നില്ലെന്നും ആ സംഭവങ്ങളിലൂടെയും സാഹചര്യങ്ങളിലൂടെയും ദൈവം നിങ്ങളോടു സംസാരിക്കുകയായിരുന്നുവെന്നും അറിയുക. ഇപ്പോൾ ഈ വരികളിലൂടെ നിങ്ങളുടെ കണ്ണുകൾ കടന്നുപോകാനിടയാകുന്നതും ഒരു യാദൃച്ഛികതയായി കാണരുതേ. നിങ്ങളോടു സംവദിക്കുവാൻ ആഗ്രഹിക്കുന്ന സ്വർഗത്തിന്റെ സ്നേഹത്തെ നിങ്ങൾ ഇവിടെ നേർക്കുനേർ കണ്ടുമുട്ടുകയാണ്. സ്രഷ്ടാ വിനുവേണ്ടിയുള്ള നിങ്ങളുടെ ഹൃദയത്തിന്റെ ദാഹത്തെ തൃപ്തിപ്പെടുത്തു വാനായി 'ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.' എന്ന് ആഹ്വാനം ചെയ്ത ഒരുവനെ നിങ്ങൾ ഒരിക്കൽകൂടി അഭിമുഖീകരിക്കുക യാണ്. അവനെ വിട്ട് ദിനരാത്രങ്ങളിലൂടെ, വർഷങ്ങളിലൂടെ നിങ്ങൾ നട ത്തുന്ന പലായനം ഇനി എത്ര നാൾ? സ്വയസഹതാപത്തിന്റെ കണ്ണീർ മറയ്ക്കു പിന്നിലൂടെ, വൃഥാസങ്കല്പങ്ങളുടെ കെട്ടുപിണഞ്ഞ ഇടവഴികളി ലൂടെ ഉള്ള ഈ ഒളിച്ചോട്ടം അവസാനിപ്പിച്ച് യാഥാർത്ഥ്യത്തെ അംഗീകരി ക്കുക.

"അങ്ങയിൽ നിന്ന് ഞാൻ എവിടെപ്പോകും? അങ്ങയുടെ സന്നിധി വിട്ട് ഞാൻ എവിടെ ഓടിയൊളിക്കും? ആകാശത്തിൽ കയറിയാൽ അങ്ങ് അവിടെയുണ്ട്; ഞാൻ പാതാളത്തിൽ കിടക്കവിരിച്ചാൽ അങ്ങ് അവിടെയുണ്ട്. ഞാൻ പ്രഭാതത്തിന്റെ ചിറകുധരിച്ച് സമുദ്രത്തിന്റെ അതിർത്തിയിൽ ചെന്നു വസിച്ചാൽ അവിടെയും അങ്ങയുടെ കരം എന്നെ നയിക്കും. അങ്ങയുടെ വലതു കൈ എന്നെപ്പിടിക്കും." (സങ്കീ. 139:6–9) എന്ന ഏറ്റുപറച്ചിലോടെ, ജീവിതത്തിലുടനീളം നിങ്ങളെ പിൻതുടർന്ന ആ സ്നേഹത്തിനു മുൻപിൽ ഇപ്പോൾ കീഴടങ്ങുക.

◆

# വിജയമന്ത്രവും രക്ഷാദൂതും

**ഇ**രുപതാം നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയനായ വ്യക്തി ആരായിരുന്നു?

മഹാത്മാഗാന്ധി മുതൽ അഡോൾഫ് ഹിറ്റ്ലർ വരെ ഒട്ടേറെ ആളുകളുടെ പേരുകളാണു പലരും നിർദ്ദേശിക്കുന്നത്.

എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിനെ ഏറ്റവും കൂടുതൽ സ്വാധീനിക്കാൻ പോകുന്ന വ്യക്തിയോ?

പലർക്കും അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. അവർ ഏകസ്വരത്തിൽ പറയുന്നു: ബിൽ ഗേറ്റ്സ്. കംപ്യൂട്ടർ മാന്ത്രികൻ, സോഫ്റ്റ്വെയറുകളുടെ സുൽത്താൻ, ലോകത്തിലെ ഇന്നത്തെ ഏറ്റവും വലിയ ധനികൻ -ബിൽഗേറ്റ്സിന് ഇപ്പോൾ തന്നെ വിശേഷണങ്ങൾ ഒട്ടേറെയാണ്. വരും വർഷങ്ങളിൽ ലോകത്തിന്റെ ഭാവി നിയന്ത്രിക്കാൻ പോകുന്നത് ബിൽ ഗേറ്റ്സാണെന്നു കരുതുന്നവർ ധാരാളം.

അടുത്തകാലത്തു പുറത്തിറങ്ങിയ ബിൽഗേറ്റ്സിന്റെ ആത്മകഥാസ്പർശിയായ ഗ്രന്ഥമായ 'മുമ്പിലുള്ള വഴി' (Road ahead) നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നതും ലോകത്തെ മുഴുവൻ കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്ന, ഇനിയും കോടികളുടെ സ്വത്ത് വാരിക്കൂട്ടാൻ വെമ്പുന്ന, നേട്ടങ്ങൾ മാത്രം കൊയ്യാൻ കൊതിക്കുന്ന, ആർത്തിപെരുത്ത, ദുര അടങ്ങാത്ത ഒരു മനുഷ്യനെയാണ്.

സത്യത്തിൽ ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് കുതിക്കാൻ വെമ്പുകയും ഇന്നത്തെ മൂഷികമത്സരത്തിൽ (Rat race) എങ്ങനേയും ഒന്നാമതെത്താൻ ഉഴറിപ്പാഞ്ഞു നടക്കുകയും ചെയ്യുന്ന ആധുനികമനുഷ്യന് എല്ലാം കൊണ്ടും ചേർന്ന വീരനായകൻ തന്നെയല്ലേ ബിൽ ഗേറ്റ്സ്?

ആധുനികകാലത്തു മാത്രമല്ല, എന്നും ഒന്നാമതെത്താനുള്ള ത്വര മനുഷ്യനെ സ്വാധീനിച്ചിരുന്നു. മനുഷ്യന്റെ വീഴ്ച തന്നെ ഇതുമായി ബന്ധപ്പെട്ടതാണ്. ഏദൻ തോട്ടത്തിൽ ദൈവം ആക്കിയിരുന്ന അവസ്ഥയിൽ തൃപ്തിയില്ലാതെ ദൈവത്തെപ്പോലെ ആകുവാൻ നടത്തിയ ശ്രമമാണല്ലോ മനുഷ്യന്റെ പതനത്തിനുവഴിയൊരുക്കിയത്. മനുഷ്യന്റെ സൃഷ്ടിക്കും മുൻപേ ഉളവായ ആദിമപാപവും നിഗളം തന്നെ.

"ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്ക്





മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നിങ്ങനെ ലൂസിഫർ എന്ന മാലാഖ നിഗളിച്ചപ്പോൾ അവൻ പിശാചായി അധഃപതിച്ചു. തുടർന്ന് മനുഷ്യനേയും അതേ പാപത്തിലേക്കു വീഴ്ത്തിയ സാത്താൻ, മനുഷ്യോത്പത്തിയുടെ തുടക്കം മുതൽ മനുഷ്യരാശിയെ ഒന്നാമതെത്താനുള്ള മത്സര ഓട്ടത്തിൽ പങ്കാളികളാക്കി മാറ്റുകയായിരുന്നു.

'ഏറ്റവും മികച്ചതിനു മാത്രമേ അതിജീവിക്കാനാകൂ' എന്നതത്ത്വം മനുഷ്യനു പറഞ്ഞുകൊടുത്ത് സാത്താൻ അവന്റെ സ്വാർത്ഥതയെ ഊതിപ്പെരുപ്പിച്ചു. മത്സരം കൂടാതെ നിലനിൽക്കാനാവില്ല എന്ന മട്ടിൽ ലോകവ്യവസ്ഥിതിയെയും സമ്പ്രദായങ്ങളെയും (Systems) സംവിധാനം ചെയ്ത് മനുഷ്യനെ ദൈവത്തിൽ നിന്ന് അങ്ങനെ എന്നെന്നേക്കുമായി അകറ്റി നിർത്താം എന്നു സാത്താൻ കണക്കു കൂട്ടി.

എന്നാൽ സാത്താൻ ഉണ്ടാക്കിവച്ച ഈ സമ്പ്രദായത്തിന് നേരെ എതിരായ ഒരു രക്ഷാപദ്ധതിയുമായി ഈ ലോകത്തിലേക്ക് കടന്നുവന്ന ഒരുവനുണ്ടായിരുന്നു - കർത്താവായ യേശുക്രിസ്തു.

'ഉന്നതങ്ങളിലേക്ക് ഉന്നതിയിലേക്ക്' എന്നതായിരുന്നു സാത്താന്റെ വിജയമന്ത്രം എങ്കിൽ അതിനുനേരേ എതിർദിശയിലേക്ക് എന്നതായിരുന്നു യേശുവിന്റെ രക്ഷാദൂത്.

'അവിടുന്ന് ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളനായിത്തീർന്നു' (ഫിലി. 2:6-8).

താഴ്മയുടെ ഏഴുപടികൾ ഇറങ്ങി ഭൂമിയിൽ വന്ന യേശു മുപ്പത്തിമൂന്നര വർഷത്തെ ജീവിതത്തിലും ഇവിടെ നിലവിലിരുന്ന നിലനില്പിനായുള്ള മത്സരത്തിൽ പങ്കാളിയാകാതെ മാറിനിന്നു. ഈ മത്സരത്തിലേക്കു തന്നേയും വലിച്ചിഴയ്ക്കാൻ സാത്താൻ ഒളിഞ്ഞും തെളിഞ്ഞും പല ശ്രമങ്ങൾ നടത്തിയിട്ടും സാധിച്ചില്ല. (ലൂക്കോ. 4: 1-13). ഒടുവിൽ താഴ്മയുടെ ഏറ്റവും ഒടുവിലത്തെ പടിയായ മരണത്തിൽ യേശു തന്റെ രക്ഷാകരദൗത്യം പൂർത്തീകരിച്ചു.

താഴ്മയുടെ ഈ വഴിയിൽ മാത്രമേ മനുഷ്യനു ദൈവത്തെ അഭിമുഖീകരിക്കാൻ കഴിയുകയുള്ളു. ഇക്കാര്യം ഇത്രയേറെ പ്രധാനമായതുകൊണ്ടാണ് പുതിയനിയമത്തിൽ രണ്ടു ലേഖനങ്ങളിൽ ഒരുവാക്യം ഒരു പോലെ ഉദ്ധരിച്ചിരിക്കുന്നത്- ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു (യാക്കോ. 4:6, 1 പത്രൊ. 5:5).

രണ്ടു വാക്യങ്ങളുടെ പിൻബലം പോലും ഇല്ലാത്ത പലതിനും ഉപദേശപ്പട്ടികയിൽ സ്ഥാനം നൽകുകയും താഴ്മയെ ഒരു സദ്ഗുണം മാത്രമായി ക്രിസ്തീയഗോളം ഇന്നു കാണുകയും ചെയ്യുന്നത് എത്രയോ ദുഃഖകരം!

നിലനിൽപ്പിനായുള്ള മത്സരവും കയ്യടക്കുവാനും വെട്ടിപ്പിടിക്കുവാനുമുള്ള ശ്രമങ്ങളും ഇന്നു ക്രിസ്തീയ മണ്ഡലങ്ങളിലും കാണുമ്പോൾ യേശു ഒരുക്കിയ രക്ഷാപദ്ധതി മനുഷ്യരുടെ ദൃഷ്ടിയിൽ നിന്നും മറയ്ക്കുന്നതിൽ സാത്താൻ എത്രമാത്രം വിജയിച്ചിരിക്കുന്നുവെന്നു ഖേദത്തോടെ ഓർത്തുപോകുന്നു.....

യേശു പറഞ്ഞു: "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ... എന്നോടു പഠിപ്പിൻ" (മത്താ. 11:29)

നമുക്ക് അവിടുത്തെ പാദപീഠത്തിലിരുന്ന് ഈ പാഠം പുതുതായി പഠിക്കാം.

◆



# ഉപരിതലത്തിലെ ക്രിസ്തീയത

**ഹി**മാലയ സാനുക്കളിലെ വനാന്തരങ്ങളിലൊന്നിലൂടെ നടന്നുപോകവേ, തളർന്നുപോയ സാധുസുന്ദരസിംഗ് ഒരു കാട്ടരുവിയുടെ ഓരത്ത് വിശ്രമത്തിനായി ഇരുന്നു. അടിത്തട്ടുപോലും കാണത്തക്കവിധം പരന്നൊഴുകുന്ന കണ്ണീരുപോലെ ശുദ്ധമായ ജലം. ആ കാട്ടുചോലയിൽനിന്ന് ദാഹം തീർത്ത് കയറിയ അദ്ദേഹം ഒരു കൗതുകത്തിന് അരുവിയുടെ അടിത്തട്ടിൽനിന്ന് ഒന്നുരണ്ട് ഉരുളൻ കല്ലുകൾ കയ്യിലെടുത്തു. മിനുസമുള്ള ആ കല്ലുകൾ കൈയിലെടുത്ത് ഓമനിക്കുമ്പോൾ അദ്ദേഹം ശ്രദ്ധിച്ചു – ഉവ്വ്, ഈ കല്ലുകളുടെ ഉപരിതലത്തിൽ ഒരു നനവുണ്ട്. എന്നാൽ ഈ കല്ലുപൊട്ടിച്ച് അതിന്റെ ഉള്ളിലേക്ക് കടന്നു നോക്കിയാലോ? ഇല്ല അതിന്റെ ഉള്ളിൽ ഉപരിതലത്തിലുള്ള നനവിന്റെ, ആർദ്രതയുടെ, ഒരു കണികപോലും കാണുകയില്ല. വെള്ളത്തിലാണ് ഉരുളൻപാറക്കല്ലിന്റെ കിടപ്പ്. അതിനു മുകളിലും താഴെയും വശങ്ങളിലും കൂടെ തൊട്ടുരുമ്മി എത്രയോ വർഷങ്ങളായി ജലം ഒഴുകിപ്പോകുന്നു. പക്ഷേ അതിൽ ഒരു തുള്ളിപോലും, നനവിന്റെ ഒരു കണികപോലും, ഉള്ളിലേക്ക് കടന്നിട്ടില്ല.

ഈ സംഭവം വിവരിച്ചുകൊണ്ട് പിന്നീടൊരിക്കൽ സാധുസുന്ദരസിംഗ് എഴുതി: ഉപരിതല സ്പർശിയായ ഇത്തരം ഒരു ക്രിസ്തീയതയുണ്ട്. ക്രിസ്തുവിന്റെ ചൈതന്യം ഹൃദയത്തിലേക്ക്, ആത്മാവിലേക്ക് കടക്കാത്ത, ആഴം കുറഞ്ഞ, ഉപരിപ്ലവമായ ഒരു ക്രിസ്തീയത.

മാരാമൺ കൺവൻഷനിൽ പ്രസംഗിക്കുവാൻ ഒരിക്കൽ കേരളത്തിലെത്തിയപ്പോഴും സാധു സുന്ദരസിംഗ് ഈ ഉദാഹരണം പറഞ്ഞതായി കേട്ടിട്ടുണ്ട് – ക്രിസ്തീയപ്രവർത്തനങ്ങളാലും പ്രസംഗങ്ങളാലും സുവിശേഷപ്രഘോഷണങ്ങളാലും പൂരിതമായ (Saturated) കേരളത്തിൽ തലമുറകൾ ജീവിച്ചിട്ടും ഉപരിതലസ്പർശിയായ ഒരു ക്രിസ്തീയതയെ ഇന്നും താലോലിക്കുന്ന മലങ്കരയിലെ നസ്രാണികളോട് ഒരു താക്കീത് എന്നവണ്ണം!

'എന്റെ പിന്നാലെ വരിക' എന്നുപറഞ്ഞ് നടന്നുപോയ നസറായ ഗുരുവിനെ അനുഗമിക്കുന്നതാണ് ക്രിസ്തീയ ജീവിതം. അങ്ങനെയെങ്കിൽ ഉപരിതലസ്പർശിയായ ഒരു ക്രിസ്തീയതയേയും ആഴമുള്ള ഒരു ക്രിസ്തീയ ജീവിതത്തെയും നമുക്ക് എങ്ങനെയാണ് തിരിച്ചറിയാൻ കഴിയുന്നത്? യഥാർത്ഥമുത്തിനേയും അനുകരണത്തേയും എങ്ങനെ വേർതിരിച്ചു മനസ്സിലാക്കാം? ക്രിസ്തീയതയുടെ ചൈതന്യം ഹൃദയത്തിൽ സ്വാംശീകരിച്ചിട്ടുണ്ടോ എന്ന് എപ്പോഴാണ് വെളിവാകുന്നത്? പ്രായോഗികജീവിതത്തിൽ അടിസ്ഥാന പ്രശ്നങ്ങളോട് (Basic Issues) ഉള്ള ഒരുവന്റെ പ്രതികരണം

അതിലേക്ക് വെളിച്ചം വീശും. പണം, പ്രതാപം, ബഹുമാനം, സാമൂഹിക അംഗീകാരം, സമ്പത്ത് എന്നിവയോടുള്ള അവന്റെ മനോഭാവം അതു വ്യക്തമാക്കും. അത്ഭുതമെന്നു പറയട്ടെ, ഇവയോട് അടുത്തുവരുമ്പോൾ വ്യത്യസ്ത ഉപദേശങ്ങളും വിഭിന്നമായ നടപടിക്രമങ്ങളും ഉള്ള വിവിധ വിഭാഗങ്ങളിൽ പെടുന്ന ക്രിസ്ത്യാനികളും ഒരേ മട്ടിൽ പെരുമാറുന്നത് കാണാം. ഫ്രഞ്ചു നാസ്തികൻ വോൾട്ടയർ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: 'ക്രിസ്ത്യാനികൾക്കിടയിൽ വ്യത്യസ്ത വിശ്വാസങ്ങൾ പുലർത്തുന്നവരും വിവിധ വിഭാഗങ്ങളിൽപ്പെടുന്നവരുമുണ്ട്. എന്നാൽ പണത്തിന്റെ കാര്യം വരുമ്പോൾ അവരെല്ലാം ഒരേ വിഭാഗത്തിൽപ്പെടുന്നു; ഒരേ വിശ്വാസം പുലർത്തുന്നു.' ഈ വിമർശനം ഒരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത് – അടിസ്ഥാന പ്രശ്നങ്ങളോടുള്ള നമ്മുടെ മനോഭാവത്തിലും പ്രതികരണത്തിലും ഒരു സ്വയനിഷേധത്തിന്റെ മുദ്ര പതിഞ്ഞിട്ടില്ലെങ്കിൽ നമ്മുടെ ക്രിസ്തീയത ഉപരിതലസ്പർശിയാണ്. സംശയമില്ല.

തന്നെ അനുഗമിക്കുന്നവരുടെ ബന്ധങ്ങളുടേയും അവരുടെ കൈവശം ഉള്ളതിന്റെയും എന്തിന്, സ്വന്ത ജീവന്റെ തന്നേയും മേൽ ഇത്തരം നിഷേധത്തിന്റെ ഒരു 'കുരിശടയാളം' ഉണ്ടായിരിക്കണമെന്ന് യേശു ആവശ്യപ്പെട്ടു (ലൂക്കോ. 14:25–35). സ്വന്തജീവിതത്തിൽ ഉടനീളം ഈ ക്രൂശ് വഹിച്ചശേഷമാണ് തന്നെ അനുഗമിപ്പാൻ ആഗ്രഹിച്ചവരുടെ മുമ്പിൽ യേശു ഈ നിബന്ധന വച്ചത്. 'ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനുമതി' (മത്താ. 10:25). ഈ കുരിശ് വഹിക്കാത്ത ശിഷ്യത്വത്തിൽ കുറഞ്ഞുള്ളതെല്ലാം ഉപരിതലസ്പർശിയായ ക്രിസ്തീയതയാണ്.

◆



# ജീവിതവും ശുശ്രൂഷയും

**1**929. ചൈനയിലെ തെരുവുകളിലൊന്നിലൂടെ ക്രിസ്തുശിഷ്യനായ വാച്ച്മാൻ നീ നടന്നു പോകുകയായിരുന്നു. ലോകപ്രകാരമുള്ള ഒരു തൊഴിൽ ഇല്ല. അറിയപ്പെടുന്ന വലിയൊരു ക്രിസ്തീയശുശ്രൂഷയുമില്ല. ആരോഗ്യവും തകർന്നു. ചെറുപ്പക്കാരനാണെങ്കിലും ബലഹീനനായതിനാൽ ഒരു വടിയും പിടിച്ച് പ്രാകൃതനെപ്പോലെ മെല്ലെ നടന്നു പോകുമ്പോൾ, പെട്ടെന്ന് ഒരാൾ വന്ന് കൈയിൽ പിടിച്ചു. നോക്കുമ്പോൾ കോളജിൽ തന്നെ പഠിപ്പിച്ചിരുന്ന പ്രൊഫസർ. അദ്ദേഹം വാച്ച്മാൻ നീയെ വഴിയരികിലുള്ള ഒരു ചായക്കടയിലേക്കു നയിച്ചു. ഇരുവരും ഇരുന്നു. അവിശ്വസനീയമായ എന്തോ കണ്ടതുപോലെ പ്രൊഫസർ ഒരക്ഷരം മിണ്ടാതെ വാച്ച്മാൻ നീയെ അടിമുടി നോക്കുകയാണ്. ഒടുവിൽ അദ്ദേഹം ശബ്ദം താഴ്ത്തി ചോദിച്ചു. "കോളജിൽ പഠിക്കുമ്പോൾ എത്ര സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു നീ! ഒരു വലിയ ആളാകുമെന്നും നീ ഉന്നതനിലയിൽ എത്തുമെന്നും ഞങ്ങൾ കരുതിയിരുന്നു. പക്ഷേ... നീ ഒടുവിൽ ഇങ്ങനെയായിത്തീർന്നുവെന്നാണോ പറയാൻ പോകുന്നത്?"

"സത്യത്തിൽ അതു കേട്ടപ്പോൾ ആദ്യം എനിക്കു പാഴായിപ്പോയ ജീവിതത്തെ ഓർത്ത് കരയാനാണ് തോന്നിയത്" വാച്ച്മാൻ നീ എഴുതി. "പക്ഷേ പെട്ടെന്ന്, ഒരുപക്ഷേ ജീവിതത്തിൽ ആദ്യമായി, ഞാൻ എന്നെത്തന്നെ ശൂന്യനാക്കിയ സ്ഥാനത്തു നിറയുന്ന മഹത്വത്തിന്റെ ആത്മാവിനെ ഞാൻ കണ്ടു. എന്റെ ജീവിതം കർത്താവിനുവേണ്ടി ചെലവാക്കികളയുവാൻ കഴിഞ്ഞല്ലോ, എന്ന ചിന്ത എന്റെ ആത്മാവിനെ തേജസ്സുകൊണ്ടു നിറച്ചു."

ഒന്നും പാഴായിപ്പോകുന്നതു സഹിക്കാൻ കഴിവില്ലാത്തവരാണു മനുഷ്യർ. ഈ ലോകത്ത് എല്ലാം പരമാവധി ഉപയോഗിക്കപ്പെടണം. പണം, കഴിവുകൾ, സ്വാധീനങ്ങൾ ഇവയൊന്നും പാഴാക്കരുത്. സൗഹൃദങ്ങൾ, പരിചയം, അടുപ്പം, ബന്ധങ്ങൾ തുടങ്ങിയവയും പരമാവധി മുതലാക്കണം. ഇവയെല്ലാം സമർത്ഥമായി വിനിയോഗിച്ച് ബുദ്ധിപൂർവ്വം കരുക്കൾ നീക്കി പുരോഗതിയും, നേട്ടവും, വിജയവും, ഭദ്രതയും കയ്യടക്കണം – ഈ ലോകത്തിന്റെ ഗതി ഇങ്ങനെയാണ്.

ക്രിസ്തീയ ശുശ്രൂഷയുടെ രംഗത്തും, നിർഭാഗ്യവശാൽ, ഇന്ന് ഇതേ ഫോർമുലയാണ് പരീക്ഷിക്കപ്പെടുന്നത്. പ്രവർത്തനങ്ങൾ ചെറിയൊരു തലത്തിൽ നിന്ന് വലിയതലത്തിലേക്ക്, ശുശ്രൂഷ അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക്... ഇല്ലാ, ഒന്നും പാഴാക്കിക്കൂടാ. എല്ലാം പരമാവധി ഉപയോ

ഗിക്കപ്പെടണം. നേട്ടം, വിജയം, വിപുലീകരണം– ഇതിലാണ് കണ്ണ്. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിച്ചുകൊള്ളും! ഈ പ്രവർത്തനകോലാഹലങ്ങൾക്കിടയിൽ ആരെങ്കിലും സ്വയജീവന്റെ വെൺകൽഭരണി തകർത്ത് സ്നേഹ തൈലംകൊണ്ട് നിശ്ശബ്ദം നാഥനെ ശുശ്രൂഷിച്ചാൽ യൂദാ ഇസ്കര്യോത്താവിനെപ്പോലെ അവർ ചീറും "ഈ വെറും ചെലവ്, ഈ പാഴാക്കൽ, എന്തിന്?"

യേശുവിന്റെ പാദത്തിൽ മറിയ ഒഴുക്കികളഞ്ഞ തൈലത്തിന് മുന്നൂറു വെള്ളിക്കാശു വിലയുണ്ടായിരുന്നെന്നും അത് പല നല്ലകാര്യങ്ങൾക്കും ഉപയോഗിക്കാമായിരുന്നെന്നും ശിഷ്യന്മാർ ചൂണ്ടിക്കാട്ടിയപ്പോൾ 'പ്രയോജനപ്രദമായ ഒരു വേലയെ'ക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങളോട് അവിടുന്നു യോജിച്ചില്ല. മറിച്ച് അവളെ അഭിനന്ദിക്കുകയും ആളുകളുടെ ശ്രദ്ധയെ ആ 'പ്രവൃത്തി'യിൽ നിന്ന് 'അവളി'ലേക്ക് തിരിച്ചുവിടുകയുമാണ് അവിടുന്നു ചെയ്തത്.

ഉവ്വ്, യേശു എപ്പോഴും അങ്ങനെയാണ്. ശുശ്രൂഷയുടെ വലിപ്പത്തെക്കാൾ ശുശ്രൂഷിക്കുന്ന ആളിനെയാണ് അവിടുന്നു നോക്കുന്നത്. പ്രവർത്തനത്തെക്കാൾ, അതിനു പിന്നിലുള്ള മനോഭാവമാണ് അവിടുത്തേക്ക് പ്രധാനം. ജീവിതത്തിൽ നിന്നുവേറിട്ട ഒരു ശുശ്രൂഷ അവിടുന്ന് ആഗ്രഹിക്കുന്നില്ല. അഥവാ ജീവിതവും ശുശ്രൂഷയും രണ്ടല്ല, ഒന്നാണ്.

'ലോകത്തിൽ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം ഇവൾ ചെയ്തതും പ്രസ്താവിക്കപ്പെടും' എന്ന് യേശു അവിടെ തുടർന്നു പറയുന്നു. എന്താണതിന്റെ അർത്ഥം? ലോകമെങ്ങും യഥാർത്ഥ സുവിശേഷത്തോടൊപ്പം ഇത്തരം സ്വയം നഷ്ടപ്പെടുത്തലിന്റെ, പാഴാക്കലിന്റെ, സന്ദേശം പ്രസ്താവിക്കപ്പെടേണ്ടതുണ്ട് എന്നാണതിന്റെ സൂചന എന്നു വാച്ച്മാൻ നീ പറഞ്ഞിട്ടുള്ളത് ഓർക്കുന്നു. നിങ്ങളുടെ 'ശുശ്രൂഷ'യെ സംബന്ധിച്ചിടത്തോളം ഈ സന്ദേശം എത്രത്തോളം പ്രസക്തമാണ്? കഴിവുകളും ജീവിതവും അവിടുത്തെ പാദത്തിൽ ഒഴുക്കിക്കളയത്തക്കവണ്ണം ശുശ്രൂഷയ്ക്കു യോഗ്യനായ പുരുഷനായി യേശുവിനെ നിങ്ങൾ കണ്ടിട്ടുണ്ടോ?

◆



# എന്റെ സ്വന്തം യേശു

**യേ**ശുക്രിസ്തുവിന്റെ മാനുഷികതയ്ക്ക് ഏറെ ഊന്നൽ നൽകിക്കൊണ്ട് ആംപ്ടൻ സിംക്ലയർ രചിച്ചിട്ടുള്ള ഒരു പുസ്തകമുണ്ട്. അതിലെ ആശയങ്ങളോടു യോജിച്ചില്ലെങ്കിലും പുസ്തകത്തിന്റെ തലക്കെട്ട് ആരെയും പിടിച്ചു നിർത്തും - My personal Jesus (എന്റെ സ്വന്തം യേശു).

ചരിത്രത്തിൽ ഒരു യേശുവുണ്ട്. രണ്ടായിരം വർഷം മുമ്പ് പാലസ്തീനിൽ പിറന്ന്, കാലത്തെ ഏ.ഡി യെന്നും ബി.സി യെന്നും രണ്ടായി പകുത്ത്, ജീവിച്ചു കടന്നുപോയ യേശു. ഈ യേശുവിന്റെ ജീവിതത്തെയും ഉപദേശങ്ങളെയും അഭിനന്ദനപൂർവ്വം നോക്കിക്കാണുന്നവർ ഒട്ടേറെയാണ് -യേശുവിന്റെ വാക്കുകൾ ഉദ്ധരിക്കുന്നവർ, തന്റെ ആശയങ്ങൾ ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നവർ എന്നിങ്ങനെ. യേശു അവരെ സംബന്ധിച്ചിടത്തോളം ഒരാദർശപുരുഷനാണ്. യേശുവുമായുള്ള അവരുടെ ബന്ധം ആശയതലത്തിൽ ഒതുങ്ങി നിൽക്കുന്നുവെന്നു പറയാം.

ഇതിനും ഒരുപടി അപ്പുറത്ത് യേശുവിനെ രക്ഷകനായി അംഗീകരിച്ചുവെന്ന് അവകാശപ്പെടുന്നവരുടെ എണ്ണവും കുറവല്ല. 'ചരിത്രത്തിലെ യേശു' തങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നുവെന്ന് കരുതുന്നവർ. ഇതെങ്ങനെ കഴിഞ്ഞുവെന്നു ചോദിച്ചാൽ 'വിശ്വാസത്താൽ' എന്നാവും അവരുടെ മറുപടി.

ഉവ്വ്, വിശ്വാസം വളരെ വ്യക്തിപരമായ ഒരു കാര്യമാണ്. എന്നാൽ ഒരാളുടെ വിശ്വാസത്തിന് അയാളുടെ ജീവിതത്തിൽ ഒരു സാംഗത്യം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ആ 'വിശ്വാസം' ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. നമ്മുടെ വിശ്വാസം ജീവിതം കൊണ്ടുസാധൂകരിക്കപ്പെടുന്നില്ലെങ്കിൽ ആ വിശ്വാസം വിശ്വാസമല്ലെന്നു പറയേണ്ടിവരും. മറിച്ച് ആ വിശ്വാസത്തിന് നമ്മുടെ ജീവിതത്തിന്മേൽ തൊട്ടറിയത്തക്കവണ്ണം നേരിട്ടൊരു ബന്ധമുണ്ടെങ്കിൽ അതാണു സജീവമായ വിശ്വാസം. ഒരുദാഹരണം പറയട്ടെ. ഭൂമി പരന്നതാണെന്നാണ് ഒരുകാലത്ത് പരക്കെ വിശ്വസിച്ചുപോന്നിരുന്നത്. എന്നാൽ ഗലീലിയോ ആ വിശ്വാസം തെറ്റാണെന്നു തെളിയിച്ചു. തുടർന്ന് എല്ലാവരും ഭൂമി ഉരുണ്ടതാണെന്നു 'വിശ്വസിച്ചു' തുടങ്ങി. എന്നാൽ സത്യം പറഞ്ഞാൽ ഭൂമി പരന്നതാണെങ്കിലും ഉരുണ്ടതാണെങ്കിലും സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിൽ അതു മാറ്റമൊന്നും വരുത്തിയില്ല. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള അവന്റെ പരക്കംപാച്ചിലിനിടയിൽ ഭൂമി ഉരുണ്ടതാവട്ടെ, പരന്നതാവട്ടെ, അതവനെ സംബന്ധിച്ചിടത്തോളം പ്രസക്തമായിരുന്നില്ല. എന്നിട്ടും ഭൂമി ഉരുണ്ടതാണെന്നാണു താൻ 'വിശ്വസിക്കു'ന്നതെന്ന്

അവൻ കരുതിപ്പോന്നു. അങ്ങനെയിരിക്കെ ഒരു യുവനാവികന് – കൊളംബസിന് – കിഴക്കേ ദിക്കിലേക്കു പോകേണ്ടിയിരുന്നു. പക്ഷേ അയാൾ കപ്പലിറക്കിയതു പടിഞ്ഞാറേ ദിശയിലേക്കാണ്! ഭൂമി ഉരുണ്ടതാണെന്ന് യഥാർത്ഥമായും വിശ്വസിച്ച ആ നാവികന് താൻ പടിഞ്ഞാറോട്ടു സഞ്ചരിച്ചാൽ ഒടുവിൽ കിഴക്ക് എത്തിച്ചേരുവാൻ കഴിയുമെന്ന പൂർണവിശ്വാസം ഉണ്ടായിരുന്നു! ഭൂമി ഉരുണ്ടതാണെന്ന പൊതുവിലുള്ള വിശ്വാസത്തിനു വ്യക്തിപരമായി തന്റെ ജീവിതത്തിൽ ഒരു പ്രസക്തി കണ്ടെത്തിയവനായിരുന്നു അയാൾ. വസ്തുനിഷ്ഠമായ ഒരു വിശ്വാസത്തെ അയാൾ വ്യക്തിനിഷ്ഠമാക്കി മാറ്റി.

അനുഭവങ്ങൾക്കും യുക്തിക്കുമെതിരെ കപ്പലിറക്കുന്ന ഈ വിശ്വാസമാണു ചലനാത്മകമായ, സജീവമായ വിശ്വാസം. ഒരുവന്റെ തീരുമാനങ്ങളുടെയും നിലപാടുകളുടെയും ജീവിതത്തിന്റേയും മേൽ ഇതിനു നേരിട്ടൊരു ബന്ധം ഉണ്ടായിരിക്കും.

ചരിത്രത്തിലെ യേശുവിനെ വ്യക്തിപരമായ ഒരു യാഥാർത്ഥ്യമാക്കി മാറ്റിയിരിക്കുന്നു എന്നു നിങ്ങൾ അവകാശപ്പെടുമ്പോൾ അതിനുപിന്നിൽ ഇപ്രകാരം സജീവമായ, ചലനാത്മകമായ ഒരു വിശ്വാസമുണ്ടോ? ഈ വിശ്വാസത്തിനു നിങ്ങളുടെ ജീവിതത്തിന്മേൽ തൊട്ടറിയാൻ പാകത്തിൽ ഒരു സ്വാധീനവും നേരിട്ടൊരു ബന്ധവും ഉണ്ടോ? യേശു രക്ഷകൻ എന്ന പൊതുവിലുള്ള വസ്തുനിഷ്ഠമായ വിശ്വാസത്തെ വേറിട്ട് വ്യക്തിനിഷ്ഠമായ ഒരു തലത്തിൽ നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ കൂടെ കൊണ്ടു നടക്കുന്നതു 'സ്വന്തം യേശു'വിനെയല്ല 'ചരിത്രത്തിലെ യേശു'വിനെയാണ്.

◆



# 'സത്യകൃപ'യെ സ്വീകരിക്കുക

**ഒ**രിക്കലും കൂട്ടിമുട്ടാത്ത റെയിൽപ്പാളംപോലെ ജീവിതത്തിൽ പ്രസംഗവും പ്രവൃത്തിയും സമാന്തരമായിക്കൊണ്ടുപോയിക്കൊണ്ടിരുന്ന ഒരു സുവിശേഷ പ്രസംഗകനെക്കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്. ഒരു പരസ്യ സ്ഥലത്തു വച്ചു നടന്ന പ്രസംഗത്തിന്റെ തുടക്കത്തിൽ അദ്ദേഹം പ്രസ്താവിച്ചു: "ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ ഇപ്പോൾ നില്ക്കുന്നത് ദൈവകൃപയിലാണ്." ഉടനെ സദസ്സിൽ നിന്നു സ്ഥലവാസിയായ ഒരു ചെരിപ്പുകടക്കാരൻ എഴുന്നേറ്റു പരസ്യമായി പറഞ്ഞത്രേ: "താങ്കൾ ദൈവകൃപയിലല്ല, എന്റെ കടയിൽ നിന്നു മൂന്നു മാസം മുമ്പു വാങ്ങിയ ഒരു ജോഡി ഷൂസിലാണു നില്ക്കുന്നത്. അതിന്റെ വില ഇതുവരെ തന്നിട്ടുമില്ല."

ഇത് ഒരു കഥയായിരിക്കാം. എന്നാൽ ഇതു ഖേദപൂർവം വിരൽ ചൂണ്ടുന്നത് ചില സത്യങ്ങളിലേക്കാണ് – ഒന്ന്: സ്വന്ത ഇഷ്ടത്തിനൊത്തു ജീവിക്കാനുള്ള അനുവാദമായി  ദൈവകൃപയെ കാണുന്നവരുടെ എണ്ണം പെരുകിവരുന്നു! രണ്ട്: അവർ മൂലം ദൈവനാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു!

കൃപ എന്നവാക്ക് നാം പ്രത്യേകമായ അർത്ഥത്തിൽ കാണുന്നതു തിരുവചനത്തിലാണ്. ദൈവം മനുഷ്യനിൽ നിന്ന് ആവശ്യപ്പെടുന്ന കാര്യങ്ങൾ സാധിപ്പാൻ ദൈവം തന്നെ മനുഷ്യനു ദാനമായി നൽകുന്ന അത്ഭുത ശക്തിയെ ഒരു വാക്കിൽ സംക്ഷേപിക്കേണ്ടിവന്നപ്പോൾ തിരുവചന രചയിതാക്കൾ കണ്ടെത്തിയ പദമാണു കൃപ.

പക്ഷേ പുതിയനിയമത്തിന്റെ അവസാനതാളുകളിലെത്തുമ്പോൾ നാം മറ്റൊരു പ്രയോഗം കാണുന്നു– 'സത്യകൃപ' (1 പത്രൊ 5:12). എന്തുകൊണ്ടാണ് അപ്പോസ്തലനായ പത്രൊസിനു കൃപയിൽ നിന്നു വേറിട്ട് സത്യകൃപ എന്ന മറ്റൊരു പദം കണ്ടെത്തേണ്ടിവന്നത്? അതിന്റെ ഉത്തരം യൂദായുടെ ലേഖനത്തിലാണു നാം കാണുന്നത്. ദൈവത്തിന്റെ കൃപയെ സ്വന്ത ഇഷ്ടത്തിനൊത്തു ജീവിക്കാനുള്ള ലൈസൻസായി കണക്കാക്കുന്ന ചിലർ അതിനകം സഭകളിൽ നുഴഞ്ഞു കടന്നിരുന്നു (യൂദാ 4)! ഈ 'വ്യാജകൃപ'യിൽ നിന്ന് യഥാർത്ഥകൃപയെ വേറിട്ടു കാണിക്കാൻ പത്രൊസിനു പുതിയൊരു പദപ്രയോഗം വേണ്ടിവന്നു – സത്യകൃപ.

ഒന്നാം നൂറ്റാണ്ടിൽ തന്നെ വ്യാജകൃപയുടെ വക്താക്കൾ സഭയിൽ നുഴഞ്ഞുകയറിയിരുന്നെങ്കിൽ ഇന്നതിന്റെ സ്വാധീനം എത്ര വ്യാപകമായിരിക്കും! വ്യാജകൃപയെയും സത്യകൃപയെയും തമ്മിൽ ഇന്ന് എങ്ങനെയാണു

തിരിച്ചറിയാൻ കഴിയുന്നത്? നിങ്ങൾ കൃപയ്ക്കു കീഴിലാണെങ്കിൽ പാപം നിങ്ങളുടെമേൽ ഭരണം നടത്തുകയില്ലെന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക (റോമ. 6:14). ഈ അളവുകോൽ ഉപയോഗിച്ച് യഥാർത്ഥ കൃപയെ തിരിച്ചറിയരുതോ? പാപത്തേയും വിശുദ്ധിയെയും ലഘു വായി എടുക്കുന്നവർ യേശു തന്നെ ഈ ഭൂമിയിലേക്കു കൊണ്ടുവന്ന കൃപയെ (യോഹ. 1:17) തുച്ഛീകരിക്കുന്നവരല്ലേ?

ഇത്തരക്കാരുടെ വന്ധ്യവും ഊഷരവുമായ ജീവിതത്തെ വർണിക്കുവാൻ യൂദ ഒട്ടേറെ വാങ്മയ ചിത്രങ്ങൾ ഉപയോഗിക്കുന്നു. സ്നേഹസദൃകളിൽ മറഞ്ഞു കിടക്കുന്ന പാറകൾ... കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ... ഇലകൊഴിഞ്ഞും ഫലമില്ലാതെയും വേരറ്റും പോയ വൃക്ഷങ്ങൾ... അന്ധകാര ഗർത്തങ്ങളിലേക്കു വഴിതെറ്റി പ്രയാണം ചെയ്യുന്ന നക്ഷത്രങ്ങൾ...എന്നിങ്ങനെ. നിഷ്ഫലതയും അനിവാര്യമായ നാശവുമാണ് ഇവയുടെ എല്ലാം മുഖമുദ്ര.

ദൈവവചനമാകുന്ന കണ്ണാടിയിൽ ഇപ്പോൾ മുഖം നോക്കുമ്പോൾ നിങ്ങളുടെ പ്രതിബിംബത്തിന്റെ സ്ഥാനത്ത് എന്താണു നിഴലിക്കുന്നത്? കാറ്റിനാൽ തുരത്തപ്പെടുന്ന ജലശൂന്യമായ ഒരു മേഘമാണോ? അതോ ഉണങ്ങി കടപുഴകിയ ഒരു ശരത്കാലവൃക്ഷമാണോ? ലജ്ജയുടെ നുര ഉയർത്തുന്ന ഒരു ഉന്മത്തതരംഗം? വക്രഗതിയുള്ള ഒരു നക്ഷത്രം?... ഭയപ്പെടേണ്ട. ഇപ്പോഴും വൈകിപ്പോയിട്ടില്ല. പക്ഷേ ഇനി താമസിക്കരുത്. സ്വന്ത ഇഷ്ടപ്രകാരമുള്ള ജീവിതത്തിനു മറയായി ദൈവകൃപയെ ഉപയോഗിക്കാതിരിക്കുക. അങ്ങനെചെയ്യുമ്പോൾ ദൈവപുത്രനെ ചവിട്ടിക്കളയുകയും നമ്മെ ശുദ്ധീകരിച്ച പുതിയ ഉടമ്പടിയുടെ രക്തത്തെ മലിനമെന്നെണ്ണുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയുമാണു ചെയ്യുന്നതെന്ന് തിരിച്ചറിയുക. വ്യാജകൃപയോട് വിടപറയുക. സത്യകൃപയെ ഹൃദയംഗമമായി സ്വീകരിക്കുക.

◆



# ഇന്നു നമുക്കു വേണ്ടത്......

"ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥൻ" (സങ്കീ. 34:18) ഒരു ചെറിയ വാക്യം. പക്ഷേ എത്ര വലിയ സത്യം!

ഈ സത്യം പക്ഷേ പ്രായോഗികജീവിതത്തിൽ പലർക്കും ഒരു യാഥാർത്ഥ്യമായി അനുഭവപ്പെടാറില്ല. അവർ ചോദിക്കും "ജീവിതത്തിൽ എത്രയോവട്ടം എന്റെ ഹൃദയം നുറുങ്ങിയിട്ടുണ്ട്! എന്നിട്ടും കർത്താവ് എന്നോട് അടുത്തിരിക്കുന്നതായി എനിക്ക് അനുഭവിക്കുവാൻ കഴിയുന്നില്ലല്ലോ. ഹൃദയം നുറുങ്ങിയവർക്ക് കർത്താവു സമീപസ്ഥനാണെങ്കിൽ എന്തുകൊണ്ടാണ് അവിടുന്ന് എന്നെ വിട്ട് അകന്നിരിക്കുന്നത്?"

നുറുക്കം-ഇന്ന് ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു വാക്കാണത്. ഇലക്ട്രോണിക് ഓർഗന്റെ പശ്ചാത്തലത്തിൽ ഹൃദയദ്രവീകരണക്ഷമമായ രാഗത്തിൽ ഒരു ക്രിസ്തീയ ഗാനം ആലപിക്കപ്പെട്ടപ്പോൾ ഓർക്കാപ്പുറത്തു കണ്ണു നനഞ്ഞുപോയതിനെയാണോ നിങ്ങൾ 'നുറുക്കം' എന്നു വിളിക്കുന്നത്? യേശുവിന്റെ ക്രൂശുമരണത്തെ വാക്ചാതുരിയോടെ ഒരു പ്രസംഗകൻ വരച്ചുകാട്ടിയപ്പോൾ ഹൃദയത്തിലുണ്ടായ ഒരു വിങ്ങൽ? പ്രിയപ്പെട്ടവരുടെ രോഗത്തിന്റെയോ, വേർപാടിന്റെയോ, ജീവിത്തിലുണ്ടായ ഒരു പ്രതിസന്ധിയുടേയോ മുൻപിൽ നിങ്ങൾ "എന്റെ ദൈവമേ" എന്നു വിലപിച്ച ഒരു നിമിഷം? ഇതൊക്കെ ഓരോ തരത്തിലുള്ള ഹൃദയത്തകർച്ചയാകാം. എന്നാൽ 'കോതമ്പുമണി നിലത്തു വീണു ചാകുക' എന്നു കർത്താവു പറഞ്ഞപ്പോൾ അവിടുന്ന് അർത്ഥമാക്കിയ തരത്തിലുള്ള സമ്പൂർണ്ണവും മൗലികവുമായ ഒരു നുറുക്കം ആകുന്നില്ല അതൊന്നും.

ഉദാഹരണത്തിന് നിങ്ങളുടെ കൈയിൽ നിന്ന് ഒരു ലോഹപാത്രം നിലത്തുവീണെന്നിരിക്കട്ടെ. ആ വീഴ്ചയിൽ അതിന്നു ചില പോറലും കേടുപാടും ഉണ്ടായെന്നു വരാം. എന്നാൽ ആ പാത്രം, പാടേ തകർന്നുപോയിട്ടില്ല. അതേ സമയം നിങ്ങളുടെ കൈവിട്ടുനിലം പതിച്ചത് ഒരു കളിമൺ പാത്രമോ സ്ഫടികഭരണിയോ ആണെങ്കിലോ? ഒരൊറ്റ നിമിഷം. അത് ആയിരം ചീളുകളായി തകർന്നുപോയി. നുറുങ്ങിപ്പോയ ആ കഷണങ്ങൾ പെറുക്കിയെടുത്ത് ചേർത്തുവെച്ചാലും അത് ഒരിക്കലും ഇനി പഴയപാത്രം ആകുകയില്ല. രൂപവും ഭാവവും വ്യക്തിത്വവും സ്വത്വവും നഷ്ടപ്പെട്ട് അതു സമ്പൂർണ്ണമായി നുറുങ്ങിപ്പോയി. ഈ മട്ടിലുള്ള സമ്പൂർണ്ണവും മൗലികവുമായ ഒരു നുറുക്കം ജീവിതത്തിൽ നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ കർത്താവു നിങ്ങൾക്കു സമീപസ്ഥനല്ലെങ്കിൽ എന്താണത്ഭുതം?

ദൈവത്തിന്റെ കരങ്ങളിൽ നുറുങ്ങിയ ആളുകൾ അനുഗൃഹീതരാണ്.പക്ഷേ ഇന്നു ക്രിസ്തീയലോകത്ത് അവരുടെ എണ്ണം എത്രയോ പരിമിതം! പ്രശസ്തരായ ക്രിസ്തീയ പ്രസംഗകർ, സംഘാടകർ, എഴുത്തുകാർ എന്നിവരിൽ പലരോടും അടുത്തിടപെടുമ്പോഴാണ് പുറംലോകത്തെ പ്രസംഗകരുടെയും എഴുത്തുകാരുടെയും പ്രശസ്തരുടെയും അതേ 'ഈഗോ'യും, സ്വയജീവനും, നുറുങ്ങപ്പെടാത്ത ജഡവുമാണ് ഇവർക്കും ഉള്ളതെന്ന് നാം ഞെട്ടലോടെ മനസ്സിലാക്കുക. യാഗപീഠത്തിൽ പകുതിമാത്രം വെന്ത ഇവരുടെ ജഡത്തിൽനിന്നുയരുന്ന രൂക്ഷമായ ഗന്ധം സത്യത്തിൽ നമ്മെ മടുപ്പിച്ചുകളയും. 'വീടിനെ മുഴുവൻ സുഗന്ധപൂരിതമാക്കേണ്ട പരിമള'ത്തിന്റെ (യോഹ. 12:3) സ്ഥാനത്താണ് ആളുകളെ ആയിരം കാതം അകലെ നിർത്തുന്ന ഈ പാതിവെന്ത മാംസത്തിന്റെ ഗന്ധം! എത്ര നിർഭാഗ്യകരം!

യേശുവിനെക്കുറിച്ചു തിരുവെഴുത്തു പറയുന്നു: അവനെ തകർത്തുകളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി (യെശ. 53:10). യേശു തന്നെക്കുറിച്ചു പറഞ്ഞു: ഇതു നിങ്ങൾക്കുവേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം (1 കൊരി. 11:24). യേശുവിനെ പിൻപറ്റുന്നുവെന്ന് അവകാശപ്പെടുകയും അതേസമയം ഈ വാക്യങ്ങൾക്കു സ്വന്തജീവിതത്തിൽ ഒരു പ്രസക്തികണ്ടെത്താതെ ഇവയെ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ ഓർമയ്ക്കായുള്ള ഒരനുഷ്ഠാനത്തിന്റെ ഭാഗമായി മാത്രം കാണുകയും ചെയ്യുന്നവരിൽ നിന്ന് ഇതിൽ കൂടുതൽ 'വല്ലനന്മയും' പ്രതീക്ഷിക്കുന്നതെങ്ങനെ?

യഥാർത്ഥമൂല്യങ്ങളിലേക്കുള്ള മടങ്ങിപ്പോക്കിൽ ഇന്നു ക്രിസ്തീയലോകത്തിന് ഒന്നാമതായി വേണ്ടതെന്താണ്? നുറുക്കം.

രണ്ടാമതു വേണ്ടത്?: നുറുക്കം

മൂന്നാമതായി വേണ്ടതോ?: നുറുക്കം.

അതേ, 'തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, കർത്താവു നിരസിക്കുകയില്ല' (സങ്കീ. 51:17).

◆



# വിജയത്തിലേക്കു കീഴടങ്ങുക

**വെ**ള്ളമില്ലാതെ ഉണങ്ങി വരണ്ട ഒരു കിണറ്റിലേക്ക് ഒരാൾ മെല്ലെ ഇറങ്ങുകയായിരുന്നു കിണറിന്റെ തൂണിൽ കെട്ടിയിരുന്ന ബലമുള്ള ഒരു കയറിൽ രണ്ടു കൈകൊണ്ടും പിടിച്ചുതൂങ്ങിയാണ് അയാൾ ആ ഇരുണ്ട കിണറ്റിലേക്ക് ഊർന്നിറങ്ങിക്കൊണ്ടിരുന്നത്. അങ്ങനെ കിണറിന്റെ അടിത്തട്ടിലേക്ക് അയാൾ താണുതാണു പോകുമ്പോൾ പെട്ടെന്ന് കയറിന്റെ നീളം തീർന്നു. എന്തുചെയ്യണമെന്നറിയാതെ അയാൾ കുഴങ്ങി. രണ്ടു കൈകൊണ്ടും കയറിന്റെ അറ്റത്തുപിടിച്ച് തൂങ്ങിക്കിടന്ന് അയാൾ കാലുകൾ പരമാവധി താഴേക്കു നീട്ടിനോക്കി. കിണറിന്റെ അടിത്തട്ടിലെങ്ങാനും സ്പർശിക്കുന്നുണ്ടോ? ഇല്ല. കിണറ്റിൽ ഇരുട്ടായതിനാൽ അടിത്തട്ട് എത്ര താഴെയാണെന്ന് ഊഹിക്കാനും കഴിയുന്നില്ല. ഇനി എന്തുചെയ്യും? കൈവിട്ടാലോ? അയ്യോ, അത്യഗാധമായ ഈ കിണറിന്റെ അനേകം അടി താഴെയുള്ള അടിത്തട്ടിലേക്കു വീണാൽ പിന്നെ നോക്കേണ്ട. ഒടുവിൽ കയറിൽ പിടിച്ച് മുകളിലേക്ക് തിരിച്ചു കയറുവാൻ തന്നെ അയാൾ തീരുമാനിച്ചു. പക്ഷേ അതും എളുപ്പമായിരുന്നില്ല. ക്ഷീണം മൂലം അയാൾക്ക് ഒരടിപോലും മുകളിലേക്കു കയറുവാൻ ശക്തിയുണ്ടായിരുന്നില്ല. കയറിൽ തൂങ്ങി അല്പം മുകളിലേക്ക് കയറിക്കാണും ബലം ക്ഷയിച്ച് ഊർന്ന് പിന്നെയും താഴേക്കു പോന്നു. ഒടുവിൽ കയറിന്റെ അറ്റത്ത് വീണ്ടും നിസ്സഹായനായി പഴയപടി കിടക്കുകയാണ്. ആ കിടപ്പിൽ കിടന്ന് 'സഹായിക്കണേ' എന്ന് അയാൾ നിലവിളിക്കാൻ തുടങ്ങി. പക്ഷേ കിണറ്റിനുള്ളിൽ നിന്നായതിനാൽ ശബ്ദം ഏറെയൊന്നും പുറത്തേക്കുവന്നില്ല. മാത്രമല്ല, വിജനമായ സ്ഥലവും. ആ നിലവിളി ഒരാളുടെ പോലും ചെവിയിൽ പതിച്ചില്ല. സമയം കടന്നുപോകയാണ്. അയാളുടെ ശബ്ദം ക്രമേണ താഴ്ന്നു താഴ്ന്നു വന്നു. തൊണ്ട വരണ്ടു. ശരീരം വിയർപ്പിൽ കുതിർന്നു. ഭാരം മൂലം കൈകൾ കയറിൽ നിന്നു പറിഞ്ഞുപോകുന്നതുപോലെ. അവസാന ശക്തിയും സംഭരിച്ച് അയാൾ ഒരു വട്ടം കൂടി ഉച്ചത്തിൽ നിലവിളിച്ചു. അതും വനരോദനമായി മാറി. ഇനി വയ്യ. ഒരു നിമിഷം പോലും ഈ കിടപ്പ് സഹിക്കാനാവില്ല. 'ദൈവമേ, എന്റെ ആത്മാവിനെ തൃക്കൈയിൽ ഏല്പിക്കുന്നു' എന്ന് അന്തിമമായി പ്രാർത്ഥിച്ച് അയാൾ കയറിൽ നിന്നു കൈവിട്ടു. 'ആ ആ ആ...' എന്ന നിലവിളിയോടെ അനേകം അടി താഴ്ചയിലേക്കു താൻ തലകുത്തി വീഴുന്നു എന്നാണയാൾ കരുതിയത്. പക്ഷേ എന്തത്ഭുതം! കഷ്ടിച്ച് അരയടി താഴേക്കു പതിച്ചില്ല, അതിനു മുൻപ് അയാളുടെ കാലുകൾ ഉറപ്പുള്ള മണ്ണിൽ ചവിട്ടി. കിണറിന്റെ അടിത്തട്ടിൽ നിന്ന് അരയടി മാത്രം മുകളിൽ തൂങ്ങിക്കിടന്നാണ് അയാൾ 'സ്വന്തജീവൻ' രക്ഷിക്കാൻ ഈ മരണപരാക്രമം എല്ലാം നടത്തിയത്!

വിജയകരമായ ഒരു ക്രിസ്തീയ ജീവിതത്തിലേക്കു നമ്മെ നയിക്കുന്ന സമ്പൂർണ്ണ സമർപ്പണത്തിന്റെ (Absolute Surrender) വിവിധ തലങ്ങളിലേക്കു വെളിച്ചം വീശുന്ന ഈ കൊച്ചുകഥ The Christian's Secret of a Happy Life എന്ന ഗ്രന്ഥത്തിൽ നിന്നാണ്.

യഥാർത്ഥആത്മീയതയെ അടുത്തറിയുന്തോറും നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു സംഗതി ഈ ലോകത്തെ ഭരിക്കുന്ന പ്രമാണങ്ങളിൽ നിന്ന് യഥാർത്ഥ ക്രിസ്തീയതയുടെ ആത്മാവ് എത്ര വ്യത്യസ്തമാണ് എന്നതാണ്! 'കീഴടങ്ങരുത്, കീഴടങ്ങുന്നതു പരാജയമാണ്' എന്നത് ഈ ലോകത്തിലെ ഒരു പ്രമാണമാണ്. അതുപോലെ 'തന്നെത്താൻ സഹായിക്കുന്നവരെയാണ് ദൈവവും സഹായിക്കുന്നത്' (God helps those who help themselves) എന്നതും ഈ ലോകത്തിലെ ധാരാളം പേരുടെ ജീവിതപ്രമാണങ്ങളെ സ്വാധീനിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥആത്മികകാര്യങ്ങളെ സമീപിക്കുമ്പോൾ മുകളിൽപ്പറഞ്ഞ രണ്ടു പ്രമാണങ്ങൾക്കും നേരെ എതിരാണ് ദൈവികപ്രമാണങ്ങൾ എന്ന സത്യം നാം കണ്ടെത്തും.

സമ്പൂർണ്ണമായ കീഴടങ്ങൽ, സമർപ്പണം അതാണ് വിജയത്തിലേക്കുള്ള ദൈവത്തിന്റെ വഴി. ജീവിതത്തിന്റെ ഭൂതവർത്തമാന ഭാവികളെ ദൈവകരങ്ങളിൽ പൂർണമായി സമർപ്പിക്കുമ്പോൾ അതു വിജയവും സ്വാതന്ത്ര്യവും കൈവരുത്തുന്നു. അതുപോലെ സ്വയം സഹായിക്കാനുള്ള ശ്രമങ്ങളെ, സ്വന്തപരിശ്രമങ്ങളെ – അത് വിജയകരമായ ഒരു ക്രിസ്തീയ ജീവിത്തിനുവേണ്ടിയുള്ളതായാലും – കൈവിട്ട് ദൈവത്തിങ്കലേക്ക് മാത്രം തിരയുന്നവരെയാണ് ദൈവം സഹായിക്കുന്നത്!

സ്വന്തശ്രമങ്ങളെ വിട്ടുകളഞ്ഞ് ദൈവത്തിനു മുഴുവനായി കീഴടങ്ങിയാൽ ഭാവി ആകെ തകർന്നുപോകും എന്ന അദൃശ്യമായ ഒരു ഭയമാണോ നിങ്ങളെ സമ്പൂർണ്ണസമർപ്പണത്തിൽ നിന്നു പിന്തിരിപ്പിക്കുന്നത്? ഭയപ്പെടേണ്ട. നിങ്ങൾ കൈവിട്ടാൽ യുഗങ്ങളുടെ പാറയായ ക്രിസ്തു എന്ന ഉറപ്പുള്ള സ്ഥലത്തായിരിക്കും നിങ്ങളുടെ കാലുകൾ പതിക്കുന്നത്. കീഴെയുള്ള അവിടുത്തെ ശാശ്വതഭുജങ്ങൾ നിങ്ങളെ താങ്ങിക്കൊള്ളും.

അതുകൊണ്ട്, കൈവിടുക, കീഴടങ്ങുക, വിജയം അരികത്താണ്.

◆



# പാപരോഗത്തെ തിരിച്ചറിയുക പരമവൈദ്യനെ സമീപിക്കുക

**'പാ**പം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല' എന്നാണു തിരുവചന വാഗ്ദാനം. എന്നാൽ ഇടയ്ക്കിടെ പാപങ്ങളിൽ വീഴുകയോ വിടാതെ പിൻപറ്റുന്ന ഏതെങ്കിലും പാപത്തിൽ തുടരുകയോ ചെയ്യുന്നതാണ് പല ക്രിസ്ത്യാനികളുടെയും അനുഭവം. ഇക്കൂട്ടത്തിൽ രണ്ടുതരത്തിലുള്ളവരുണ്ട്. പരാജയങ്ങളെ ഗൗരവമായിട്ടെടുക്കാതിരിക്കുന്നവരാണ് ആദ്യത്തെ കൂട്ടർ. 'ഓ എല്ലാവരും ഇങ്ങനെയൊക്കെയല്ലേ?' എന്ന മുടന്തൻന്യായത്തിൽ മുഖം പൂഴ്ത്തുന്നവരാണവർ. തങ്ങളെ സംബന്ധിച്ച സത്യത്തെ സ്നേഹിക്കാത്തതുമൂലം സ്വയം വഞ്ചിതരായിത്തീരുവാൻ വിധിക്കപ്പെട്ട ഇവരെ അവരുടെ അനിവാര്യമായ ദുരന്തത്തിനു വിട്ടുകൊടുത്തിട്ടു മറ്റേ കൂട്ടരെ നമുക്കു ശ്രദ്ധിക്കാം. തങ്ങളുടെ വീഴ്ചയെയും പരാജയങ്ങളെയും ചൊല്ലി നിരന്തരം ദുഃഖിക്കുന്നവരാണിവർ. പാപം ഒഴിവാക്കി ജീവിക്കാനാണിവർക്കു താത്പര്യം. വിജയകരമായ ഒരു ക്രിസ്തീയ ജീവിതമാണ് എന്നും ഇവരുടെ സ്വപ്നം. നിങ്ങൾ ഇങ്ങനെയൊരുവനാണോ? എങ്കിൽ നിങ്ങളുടെ പ്രശ്നമെന്താണെന്ന് ദൈവവചന വെളിച്ചത്തിൽ പ്രായോഗികതലത്തിൽ കണ്ടെത്തുവാൻ നമുക്കു ശ്രമിക്കാം.

'മനുഷ്യൻ പ്രവർത്തിക്കുന്നതിന്റെ നാലിരട്ടി സംസാരിക്കുന്നു. സംസാരിക്കുന്നതിന്റെ നാലിരട്ടി ചിന്തിക്കുന്നു' എന്നു പറയാറുണ്ട്. അപ്പോൾ ചിന്താമണ്ഡലമാണ് ഒരുവന്റെ ജീവിതത്തിന്റെ സുപ്രധാനതലം. അവൻ 'ജീവിക്കുന്നത്' വലിയൊരളവിൽ അവന്റെ ചിന്തകളിലാണ്. ഈ വസ്തുത അറിയാവുന്നതുകൊണ്ട് അവന്റെ ആത്മാവിന്റെ എതിരാളിയായ സാത്താൻ ചിന്തകളിലാണ് അവനെതിരെയുള്ള പരീക്ഷകൾ ഏറെയും കൊണ്ടുവരുന്നത്.

സാത്താന്റെ പരീക്ഷകൾ, ലോകം, ജഡം, പിശാച് എന്നു ത്രിവിധമാണ് കണ്മോഹം, ജഡമോഹം, ജീവിതത്തിന്റെ പ്രതാപം എന്നിങ്ങനെ മൂന്നായി തിരിച്ച് യോഹന്നാൻ അപ്പോസ്തലൻ പറഞ്ഞിരിക്കുന്നതും ഇതു തന്നെ.

നിങ്ങളെ പാപത്തിൽ വീഴിക്കുവാൻ ഇവയിൽ നിന്നു വ്യത്യസ്തമായ ഒരു തന്ത്രവും കൊണ്ടുവരുവാൻ സാത്താനു കഴിയുകയില്ല. അതുകൊണ്ടുതന്നെ 'സാത്താന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ല.'

ഇതിൽ 'ലോകം' എന്നു വിവക്ഷിക്കുന്നത് ഈ ലോകം വച്ചുനീട്ടുന്ന പ്രലോഭനങ്ങളാണ് – ധനം, ബഹുമാനം, അംഗീകാരം, നേട്ടം എന്നിങ്ങനെ. യേശുവിനെതിരെ പോലും ഈ തന്ത്രം പയറ്റിയവനാണു സാത്താൻ. ഇന്നും അനേകം വിശ്വാസികളെ ലോകം എന്ന മായച്ചന്തയിൽ നിരത്തി വച്ചിരിക്കുന്ന ഒട്ടേറെ പ്രലോഭനങ്ങൾ കൊണ്ടു വീഴ്ത്താൻ 'ലോകത്തിന്റെ പ്രഭു' ശ്രമിക്കുന്നു. നിങ്ങളുടെ ചിന്തകളിൽ പലപ്പോഴും ക്ഷണിക്കപ്പെടാത്ത ഒരതിഥിയെപ്പോലെ കടന്നുവരുന്നത് ഈ ലോകത്തിന്റെ ചിന്തകളാണോ? എങ്കിൽ അപ്പോഴെല്ലാം ലോകത്തിന്റെ എല്ലാം മഹത്വങ്ങളും ഉപേക്ഷിച്ചു നടന്നുപോയ നാഥന്റെ മുഖത്തേക്കു നോക്കൂ. ക്രൂശിന്റെ വഴിയെ ധ്യാനിക്കൂ. അപ്പോൾ ഈ ലോകവും അതിന്റെ മോഹവും നിങ്ങളുടെ കൺമുൻപിൽ ത്തന്നെ ഒഴിഞ്ഞുപോകും. ലോകത്തിന്റെ പ്രലോഭനങ്ങളെ നിങ്ങൾക്ക് അതിജീവിക്കാനും കഴിയും.

സാത്താന്റെ രണ്ടാമത്തെ തന്ത്രമാണ് 'ജഡം'. ജഡത്തിന്റെ സുഖാന്വേഷണങ്ങളെയും തൃഷ്ണകളെയുമാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യരിൽ വലിയൊരു പങ്കിനെ സാത്താൻ വീഴ്ത്തുന്നത് ഈ തന്ത്രത്തിലാണ്. കല, സാഹിത്യം, വിനോദോപാധികൾ എന്നിവയെ ദുരുപയോഗം ചെയ്ത് അനേകരെ അവൻ ഈ പാപത്തിലേക്ക് ആകർഷിക്കുന്നു. ജഡത്തിന്റെ ചിന്തകൾ നിങ്ങളെ സംബന്ധിച്ചിടത്തോളം ശക്തമാണോ? എങ്കിൽ യുദ്ധരംഗത്തു സാധാരണ കേൾക്കാറുള്ള 'വിജയകരമായ പിന്മാറ്റ'മാണ് ഇവിടെ കരണീയം. ജഡത്തിന്റെ ചിന്തകളെ ഊതിക്കത്തിക്കുന്ന എല്ലാ സാഹചര്യങ്ങളിൽ നിന്നും പൊത്തിഫേറിന്റെ ഭവനത്തിലെ യോസഫിനെപ്പോലെ ഓടിമാറുക. 'യൗവനമോഹങ്ങളെ വിട്ടോടുവാൻ' പൗലോസ് തിമൊഥെയോസിനെ ഉപദേശിച്ചപ്പോൾ അപ്പോസ്തലൻ അർത്ഥമാക്കിയത് ഈ വിജയകരമായ പിന്മാറ്റം തന്നെ.

'ദൈവം വാസ്തവമായി അങ്ങനെ കല്പിച്ചിട്ടുണ്ടോ' എന്ന ചോദ്യവുമായി വന്ന് ദൈവകല്പനകളിലും വചനത്തിലും സംശയം ജനിപ്പിക്കുന്ന സാത്താന്റെ മൂന്നാമത്തെ തന്ത്രത്തെയാണ് 'പിശാച്' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ഈ ലോകജ്ഞാനത്തിന്റെയും യുക്തിയുടെയും ഭാഷ ഉപയോഗിച്ചുകൊണ്ട് നിങ്ങളുടെ ചിന്താമണ്ഡലത്തിൽ ദൈവത്തെയും ദൈവകല്പനയെയുംകുറിച്ച് സംശയത്തിന്റെ വിത്തു വിതയ്ക്കാൻ പിശാച് ശ്രമിക്കുമ്പോൾ എന്താണു ചെയ്യേണ്ടത്? നേരത്തെ പിന്മാറ്റമായിരുന്നു വേണ്ടതെങ്കിൽ ഇവിടെ ആക്രമണമാണ് ആവശ്യം. വിശ്വാസമെന്ന പരിചയും ദൈവവചനമാകുന്ന വാളുമേന്തി 'പിശാചിനോട് എതിർത്തു നിൽക്കുക. അപ്പോൾ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.'





നിങ്ങളെ പാപരോഗത്തിൽ വീഴ്ത്തുവാൻ സാത്താൻ ഉപയോഗിക്കുന്ന തന്ത്രങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ചാണ് ദൈവവചനവെളിച്ചത്തിൽ ഇവിടെ ഇഴ വിടർത്തി ചിന്തിച്ചത്. രോഗം, പ്രതിവിധി എന്നിവയെക്കുറിച്ചുള്ള കേവലമായ അറിവ് നിങ്ങളെ സൗഖ്യത്തിലേക്കു നയിക്കുകയില്ല. മറിച്ച് നിങ്ങളുടെ ചിന്തകളെ പരിശോധിച്ച് നിനവുകളെ അറിയിക്കണമേയെന്നു പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക. അപ്പോൾ ഏതു മേഖലയിലാണ് നിങ്ങൾ കൂടെക്കൂടെ വീണുപോകുന്നതെന്നു കണ്ടെത്തുവാൻ കഴിയും. ആ ദിശയിലുള്ള ചിന്തകൾ മേലിൽ വരുമ്പോൾ അവയെ തിരിച്ചറിയുവാനും ജാഗ്രത പാലിക്കുവാനും സാധിക്കും. ചിന്തകളെ സ്കാൻ ചെയ്ത് പരിശുദ്ധാത്മാവു നടത്തുന്ന രോഗനിർണയവുമായി സാക്ഷാൽ പരമ വൈദ്യനായ യേശുവിനെ സമീപിക്കുക. 'നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കാൻ കഴിയും' എന്നു പറയുക. 'എനിക്കു മനസ്സുണ്ട്' എന്ന് അവിടുന്ന് അരുളിച്ചെയ്യും കൈനീട്ടി നിന്നെ തൊടും.

ഓർക്കുക: രോഗമില്ലാത്ത, പാപത്തിൽ വീണുപോകാത്ത, വിജയകരമായ ഒരു ക്രിസ്തീയജീവിതം നിങ്ങളുടെ ജന്മാവകാശമാണ്.

◆

# വികാരമോ ഇച്ഛയോ?

**'ലോ**കത്തെ സ്നേഹിക്കരുത്'- നിഷേധാത്മകമായ (Negative) ഒരു പ്രസ്താവനയാണിത്. ഇതിനെ അർത്ഥവിലോപം വരാതെ ക്രിയാത്മകമായ (Positive) ഒരു പ്രസ്താവനയാക്കി മാറ്റിയാലോ? 'യേശുക്രിസ്തുവിനെ സ്നേഹിക്കണം' എന്നായിരിക്കും അത്. എതിർധ്രുവങ്ങളിൽ നില്ക്കുന്ന രണ്ടു കാര്യങ്ങളിൽ ഒന്നിനെ സ്നേഹിക്കാതിരിക്കണമെങ്കിൽ, സംശയമില്ല, മറ്റേതിനേ സ്നേഹിച്ചേ മതിയാകൂ. ലോകത്തെ സ്നേഹിക്കരുത് എന്നാണോ നിങ്ങളുടെ ആഗ്രഹം? എങ്കിൽ യേശുവിനെ അകമഴിഞ്ഞ് സ്നേഹിക്കൂ. അല്ലാതെ ലോകത്തെ പകെയ്ക്കുവാൻ കഴിയുകയില്ല.

ലളിത സുന്ദരമായ ഒരു കഥയിലൂടെ യേശു തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിങ്ങനെ പരാവർത്തനം ചെയ്യാം: ഭൂതബാധയുള്ള ഒരു വീട്. വീട്ടുടയവൻ ഒരുനാളിൽ ഭൂതത്തെ പുറത്താക്കി, ആവശ്യമില്ലാത്തതെല്ലാം വെളിയിൽ കളഞ്ഞ് വീടെല്ലാം അടിച്ചുവാരി ശുചിയാക്കി. പക്ഷേ ഇപ്രകാരം ഒഴിഞ്ഞവീട് പ്രയോജനമുള്ള എന്തെങ്കിലുംകൊണ്ട് നിറയ്ക്കുവാൻ വീട്ടുടയവൻ ശ്രദ്ധിച്ചില്ല. ഫലം? ചില നാളുകൾകൊണ്ട് വീടിന്റെ സ്ഥിതി പഴയതിനെക്കാൾ വഷളായി. വീട്ടിലെ ഭൂതോപദ്രവം ഏഴു മടങ്ങു വർധിച്ചു! (മത്താ. 12:43-45).

നിഷേധാത്മകമായ ഒരു നിലപാടിനെ ക്രിയാത്മകമായ ഒരു പ്രവൃത്തി പിന്തുടരാത്ത പക്ഷം ഏറെ നാൾ പിടിച്ചു നിൽക്കാനാവില്ല എന്ന സത്യത്തിലേക്കാണ് ഈ ഉപമ വിരൽ ചൂണ്ടുന്നത്.

ലോകസ്നേഹത്തെ നിങ്ങൾ ഹൃദയത്തിൽ നിന്നു പുറത്താക്കുവാൻ തീരുമാനിക്കുന്നുവോ? നല്ലത്. പക്ഷേ ആ ഒഴിഞ്ഞ സ്ഥലം ലോകത്തിന്റെ പ്രഭുവിന് എതിരാളിയായ യേശുവിനോടുള്ള സ്നേഹംകൊണ്ടു നിറയ്ക്കുവാൻ മറക്കരുതേ. അല്ലെങ്കിൽ നിഷേധാത്മകമായ ഒരു നിലപാടുകൊണ്ടുമാത്രം നിലനിൽക്കാൻ കഴിയാതെപോകും.

സ്നേഹിക്കുന്നതിനെയും സ്നേഹിക്കാതിരിക്കുന്നതിനെയും കുറിച്ചു പറയുമ്പോൾ പലർക്കും ഒരു ചിന്താക്കുഴപ്പമുണ്ട്. അവർ ചോദിക്കും "ബോധപൂർവ്വം നാം ശ്രമിച്ചാൽ സ്നേഹിക്കുവാൻ കഴിയുമോ? സ്നേഹിക്കുവാൻ തോന്നുന്നില്ലെങ്കിൽ എന്തുചെയ്യും? ഒരു സ്ഥലത്തുപോകണം അല്ലെങ്കിൽ ഒരു പ്രവൃത്തി ചെയ്യണം എന്നെല്ലാം പറഞ്ഞാൽ അങ്ങനെ ചെയ്യാൻ നാം സ്വയം തീരുമാനിച്ചാൽ മതി നമുക്കതു കഴിയും. എന്നാൽ സ്നേഹത്തിന്റെ കാര്യം അങ്ങനെ തീരുമാനിച്ചുറപ്പിച്ചു ചെയ്യാൻ കഴിയുന്ന ഒന്നാണോ?"





'എത്രയോ ശരി' എന്നു നമുക്ക് ആദ്യ കേഴ്‌വിക്കു തോന്നും. എന്നാൽ ഈ വാദഗതിയെ അടുത്തുനിന്നു ശ്രദ്ധിച്ചാലോ? ഇവർ പറയുന്നതിനെ നമുക്കിങ്ങനെ സംക്ഷേപിക്കാം- "പ്രതികരിക്കുമ്പോൾ മനുഷ്യനെ നിയന്ത്രിക്കുന്ന രണ്ട് വ്യത്യസ്ത ഘടകങ്ങളുണ്ട്. ഒന്ന്: ഈ ഒരു പ്രവൃത്തി ചെയ്യുവാനോ ചെയ്യുവാതിരിക്കുവാനോ തീരുമാനിക്കുന്ന അവന്റെ നിശ്ചയദാർഢ്യം അഥവാ അവന്റെ ഇച്ഛാശക്തി (will). രണ്ട്: അവന്റെ വികാരപരമായ സമീപനം (Emotion). സ്നേഹം ഇച്ഛാശക്തിയുമായല്ല മറിച്ച് രണ്ടാമതു പറഞ്ഞ, വൈകാരികമായ തലം, തോന്നൽ, ഹൃദയം എന്നിവയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇച്ഛകൊണ്ട് നമുക്ക് സ്നേഹിക്കാനാവില്ല."

'ഹൃദയത്തിന്റെ ഭാഷയാണു സ്നേഹം' എന്നെല്ലാം കേട്ടിട്ടുള്ളതുകൊണ്ട് പലപ്പോഴും സ്നേഹത്തെ നമുക്ക് വൈകാരിക തലവുമായി ബന്ധപ്പെടുത്തി മാത്രമേ ചിന്തിക്കാൻ കഴിയുന്നുള്ളു എന്നതു വാസ്തവമാണ്. എന്നാൽ സത്യം അതാണോ? സ്നേഹം ഇച്ഛയിൽ നിന്ന് ആരംഭിക്കുവാൻ കഴിയുകയില്ലേ? എന്നല്ല നിലനിൽക്കുന്ന സ്നേഹം ആരംഭിക്കുന്നത് വികാരത്തിനപ്പുറത്ത് ഇച്ഛയിൽനിന്നല്ലേ? നമ്മുടെ നിത്യജീവിതത്തിൽനിന്ന് ഒരുദാഹരണം ശ്രദ്ധിക്കുക, വീട്ടുകാർ തനിക്കുവേണ്ടി തീരുമാനിച്ച ഒരു വിവാഹത്തിനു സമ്മതിച്ച് അതുവരെ തനിക്ക് അപരിചിതനായിരുന്ന ഒരു പുരുഷനെ ഭർത്താവായി സ്വീകരിക്കുന്ന ഒരു പെൺകുട്ടി. വിവാഹദിനം മുതൽ അവൾ തന്റെ വീട്ടുകാരെയും പരിചിതമായ ചുറ്റുപാടുകളെയും വിട്ട് ഭർത്താവിനോടൊപ്പം ജീവിക്കാൻ തുടങ്ങുകയാണ്. എന്താണ് ഇതിനവളെ പ്രേരിപ്പിക്കുന്നത്? വിവാഹം കഴിഞ്ഞതോടെ താൻ ഈ പുരുഷന്റെ ഭാര്യയാണ്; ഇദ്ദേഹത്തെ സ്നേഹിച്ചും പരിചരിച്ചും ജീവിക്കുകയാണ് തന്റെ കടമ എന്ന വസ്തുതകൾ (facts) അംഗീകരിച്ച് അവനെ സ്നേഹിക്കാൻ തീരുമാനിച്ച് അവൾ തന്റെ ഇച്ഛയെ (will) കീഴ്പ്പെടുത്തി അവനായി സ്വയം സമർപ്പിക്കുന്നിടത്താണ് ആ സ്നേഹബന്ധം തുടങ്ങുന്നത്. സ്നേഹത്തിന്റെ വൈകാരികതലം പിന്നീട് ഈ ഇച്ഛയെ പിൻതുടരുകയല്ലേ ചെയ്യുന്നത്?

ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ചും ഇത് ഇങ്ങനെയാണ്. അല്ലെങ്കിൽ ഇങ്ങനെയായിരിക്കണം. "ദൈവത്തെ സ്നേഹിക്കാൻ ഇച്ഛിക്കുന്നതിലാണ് മുഴുവൻ ക്രിസ്തീയതയും അധിഷ്ഠിതമായിരിക്കുന്നത്" എന്ന് നൂറ്റാണ്ടുകൾക്കു മുൻപുതന്നെ പ്രശസ്ത ക്രിസ്തുശിഷ്യൻ ഫെനലൻ പറഞ്ഞത് എത്ര ശരിയാണ്! 'ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും' എന്ന് യേശു പറയുമ്പോൾ അവിടുന്നു മുട്ടുന്നത് കേവലം വികാരങ്ങളുടെ വാതിലിലല്ല മറിച്ച്

നിങ്ങളെ നിങ്ങളാക്കുന്ന ഇച്ഛയുടെ വാതിലിലാണ്. ("ബൈബിളിൽ 'ഹൃദയം' എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത് വികാരങ്ങളുടെ ഇരിപ്പിടത്തെയല്ല, വ്യക്തിത്വത്തിന്റെ ആകെതുകയായ ഇച്ഛാശക്തിയെയാണ്" എന്ന ഹന്ന വിറ്റാൾ സ്മിത്തിന്റെ അഭിപ്രായം ശ്രദ്ധിക്കുക) കേവലം വികാരത്തിന്റെയും തോന്നലിന്റെയും വാതിൽ തുറന്നല്ല നാം ദൈവത്തെ ജീവിതത്തിൽ സ്വീകരിക്കേണ്ടത്.

ക്രിസ്തീയ ജീവിതത്തിന്റെ പുരോഗതിയും ഇച്ഛയെ, തീരുമാന ശക്തിയെ, നാം എത്രത്തോളം ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇച്ഛയുടെ ദൃഢമായ കാൽവയ്പുകളോടെയാണ് ക്രിസ്തീയ ജീവിതം മുന്നോട്ടുനയിക്കേണ്ടതെന്നു സാരം. അതിനുപകരം ഒരു തോന്നലോ, അനുഭവമോ, വികാരത്തിന്റെ ഒരു വേലിയേറ്റമോ ഉണ്ടായശേഷം ദൈവത്തെ സ്നേഹിക്കാമെന്നും ആ തോന്നലിനെ ആശ്രയിച്ചു ക്രിസ്തീയജീവിതം ആരംഭിക്കാമെന്നുമാണോ നിങ്ങൾ കരുതുന്നത്? എങ്കിൽ പലപ്പോഴും ജീവിതം മുഴുവൻ ഒന്നും സംഭവിക്കാതെ കാത്തിരിക്കേണ്ടിവരും. അതല്ല വൈകാരികമായി ഉണർത്തപ്പെട്ട ഒരു നിമിഷത്തിൽ ദൈവത്തോടു സ്നേഹമുണ്ടെന്നുതോന്നി നിങ്ങൾ ക്രിസ്തീയ ജീവിതം ആരംഭിച്ചെന്നിരിക്കട്ടെ. എങ്കിൽ ആ വൈകാരികാനുഭൂതിയുടെ മലവെള്ളപ്പാച്ചിൽ അവസാനിപ്പിക്കുമ്പോൾ സ്നേഹമെന്ന തോന്നലും വറ്റിപ്പോകുകയില്ലേ? സുഹൃത്തേ, വഞ്ചിക്കപ്പെടരുത്. ഇച്ഛയുടെ ബോധപൂർവ്വമായ തീരുമാനത്തിൽ അധിഷ്ഠിതമാണു ക്രിസ്തീയജീവിതം. തോന്നലുകളെ ആശ്രയിച്ചുള്ള ജീവിതത്തിനു കൊടുങ്കാറ്റുകളെ അതിജീവിക്കുവാൻ കഴിയുകയില്ല. അതിനാൽ ലോകത്തെ സ്നേഹിക്കാതിരിക്കാനും യേശുവിനെ സ്നേഹിക്കാനും നിങ്ങളുടെ ഇച്ഛയെ വയ്ക്കുക. സ്നേഹിക്കാൻ തീരുമാനിക്കുക.

◆



# സ്വർഗത്തിലെപ്പോലെ ഭൂമിയിലും...

"നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ" എന്നു പ്രാർത്ഥിപ്പാൻ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചു. നമ്മുടെ പ്രാർത്ഥന കേട്ട് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ നമ്മുടെ ജീവിതത്തിലും നടപ്പാക്കാൻ തുനിയുന്നുവെന്നിരിക്കട്ടെ. എങ്കിൽ നമ്മിൽ എത്രപേർ 'പിതാവേ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെയാകട്ടെ' എന്ന് ഹൃദയപൂർവ്വം സമ്മതിച്ച് അതു സ്വീകരിക്കും? ക്രിസ്തുവിനെ അനുഗമിക്കുന്നുവെന്ന് അഭിമാനിക്കുന്ന പലർക്കും ജീവിതത്തെക്കുറിച്ച് വ്യക്തമായ പദ്ധതികളും സ്വന്ത ഇഷ്ടങ്ങളും ഉണ്ടെന്നതാണു വാസ്തവം. തൊഴിൽ, താമസം, വിവാഹം, കുട്ടികളുടെ ഭാവികാര്യങ്ങൾ എന്നിവയിലെല്ലാം അവർക്കു തങ്ങളുടേതായ ഹിതങ്ങളും കണക്കുകൂട്ടലുകളുമുണ്ട്. ഭാവിയെക്കുറിച്ചുള്ള ഈ ദീർഘകാലപദ്ധതികളിൽ മാത്രമല്ല ഭക്ഷണം, വസ്ത്രധാരണം, ഉറക്കം, വായന, സംഭാഷണം എന്നിങ്ങനെയുള്ള ദൈനംദിന ജീവിതത്തിലെ നുള്ളുനുറുങ്ങുകാര്യങ്ങളിൽപ്പോലും അവർ അണുവിട വിട്ടുകൊടുക്കാതെ സ്വന്ത ഇഷ്ടങ്ങളെ മുറുകെപ്പിടിക്കുന്നു. ഇവയിൽ ഒരു നേരിയ താളപ്പിഴ സംഭവിച്ചാൽപോലും അവർ സഹിക്കുകയില്ല. എല്ലാം 'പകിട പന്ത്രണ്ടേ' എന്നു നടന്നില്ലെങ്കിൽ അവർ ഈർഷ്യപ്പെടും. ചീറും. പക്ഷേ പ്രാർത്ഥിക്കുമ്പോൾ പിന്നെയും 'നിന്റെ ഇഷ്ടം സ്വർഗത്തിലെപോലെ ഭൂമിയിലും...' എന്നു പറയാൻ മടിയില്ല. എന്തൊരു കാപട്യം! ഈ പ്രാർത്ഥന അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം ഒരു അർത്ഥബോധവും ഉണർത്താത്ത ഒരു 'തത്തമ്മച്ചൊല്ലാ'ണ്.

ക്രിസ്ത്യാനികളുടെ ചില വിവാഹക്ഷണപത്രികകൾ കണ്ടിട്ടില്ലേ? അവ തുടങ്ങുന്നത് "ദൈവേഷ്ടമായാൽ, എന്റെ മകൻ..." എന്നിങ്ങനെയാണ്. അതിലെ 'ദൈവേഷ്ടമായാൽ' എന്ന വാക്ക് കേവലം ഒരു ആലങ്കാരികമായ പ്രയോഗം മാത്രമാണ്. ആ വിവാഹം ആലോചിച്ച് ഉറപ്പിച്ചപ്പോൾ, കൊടുക്കൽ വാങ്ങലുകളെക്കുറിച്ചുള്ള വിലപേശൽ നടന്നപ്പോൾ, വിവാഹ നടത്തിപ്പിന്റെ വിശദാംശങ്ങൾ തീരുമാനിക്കപ്പെട്ടപ്പോളൊക്കെ ദൈവത്തിന് അവിടെ ഒരു കാര്യവുമുണ്ടായിരുന്നില്ല! ഇപ്പോൾ വിവാഹത്തിന്റെ മുഴുവൻ ഒരുക്കങ്ങളും പൂർത്തിയായിരിക്കുന്നു. ഇനി 'ദൈവം തമ്പുരാൻ വന്നു പറഞ്ഞാൽ പോലും' അവരതിൽ നേരിയ മാറ്റമെങ്കിലും വരുത്താൻ തയ്യാറുമല്ല. എങ്കിലും വിവാഹക്ഷണപത്രികയിൽ 'ദൈവേഷ്ടമായാൽ' എന്നു ചേർക്കുവാൻ അവർക്കു മടിയില്ല. കാരണം, അത് അവരുടെ മതപരിവേഷത്തിന്റെ (Form of religion) ഭാഗമാണ്!

ഉവ്വ്, ദൈവേഷ്ടം എന്ന വാക്കിനുപോലും അർത്ഥച്യുതി സംഭവിച്ചിരിക്കുകയും ദൈവഹിതത്തെക്കുറിച്ചുള്ള ചർച്ചകൾ കാലഹരണപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്ന ഒരു ദശാസന്ധിയിൽ നിന്നുകൊണ്ടാണ് നാം ഇപ്പോൾ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലെ നമ്മുടെ ജീവിതത്തിലും ദൈവഹിതത്തിനുള്ള പ്രസക്തിയെപ്പറ്റി സംസാരിക്കുന്നത്!

കർത്താവിന്റെ പ്രാർത്ഥനയുടെ ഈ വരിയിൽ സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നു. സ്വർഗം 'നിത്യത'യെ പ്രതിനിധാനം ചെയ്യുമ്പോൾ ഭൂമി നമ്മുടെ ജീവിതത്തിന്റെ 'വർത്തമാനകാലത്തെ' കുറിക്കുന്നു. നിത്യത, നിത്യജീവൻ എന്നു പറയുന്നത് അവസാനമില്ലാത്ത കാലം, അന്തമില്ലാത്ത ജീവിതം എന്ന കേവലമായ അർത്ഥത്തിലല്ല. മറിച്ച് അതു ദൈവജീവനാണ്; ദിവ്യസ്വഭാവമാണ് (Divine Nature). ഈ ദിവ്യസ്വഭാവത്തിൽ നമുക്കു ധാരാളമായ പങ്കാളിത്തമുണ്ടാകണമെന്നതാണ് നമ്മെക്കുറിച്ചുള്ള എക്കാലത്തെയും ദൈവഹിതം. സ്വർഗ്ഗത്തിൽ നമ്മെക്കുറിച്ചുള്ള ഈ ദൈവഹിതം നിറവേറും. സ്വർഗത്തിലെപ്പോലെ ഇപ്പോൾ ഭൂമിയിലും ഈ ദൈവഹിതം നമ്മുടെ ജീവിതത്തിൽ നിറവേറണമെന്നു പ്രാർത്ഥിക്കുവാനാണു യേശു പഠിപ്പിച്ചത്.

ദിവ്യസ്വഭാവത്തിനു പങ്കുകാരാകുക എന്നതാണു നമ്മെക്കുറിച്ചുള്ള പരമമായ ദൈവഹിതമെന്നു നാം കണ്ടു. ദിവ്യസ്വഭാവത്തോട് അനുരൂപപ്പെടുവാൻ ധാരാളം സാഹചര്യങ്ങൾ ഈ ലോകജീവിതത്തിൽ നമുക്ക് ഒരുക്കിവച്ചിരിക്കുന്നു. ദിവസവും ചെറുതും വലുതുമായ പല കാര്യങ്ങളിൽ നമുക്കു തീരുമാനം എടുക്കേണ്ടിവരുന്നു. ഓരോ തീരുമാനവും ഒന്നുകിൽ നമ്മെ ദിവ്യസ്വഭാവത്തോട് കൂടുതൽ അടുപ്പിക്കും (ദൈവഹിതം നമ്മിൽ നിറവേറും). അല്ലെങ്കിൽ ദിവ്യസ്വഭാവത്തിൽ നിന്നു നമ്മെ അകറ്റും (ദൈവഹിതം നമ്മിൽ നിറവേറാതെപോകും.) ഈ സത്യങ്ങൾ ഒരു വസ്തുത വെളിവാക്കുന്നു - നാം അഭിമുഖീകരിക്കുന്ന സാഹചര്യങ്ങൾ, ആളുകൾ, വസ്തുക്കൾ എന്നിങ്ങനെ നമുക്കു പുറത്തുള്ള കാര്യങ്ങളിലൂടെ ദൈവം തന്റെ ഹിതം നമ്മിൽ പ്രവർത്തിച്ചെടുക്കുകയാണ്. എല്ലാ സാഹചര്യങ്ങളിലും 'നമ്മുടെ ശുദ്ധീകരണമാണു പരമമായ ദൈവേഷ്ടം.' ഈ അടിസ്ഥാനപരമായ വസ്തുത വിസ്മരിച്ച് നമുക്ക് വെളിയിലുള്ള കാര്യങ്ങളിൽ ദൈവഹിതം തെരയുന്നത് എത്ര ഭോഷത്തമാണ്!

അതുപോലെ മനുഷ്യജീവിതത്തിലെ മൂന്നുകാലങ്ങളിൽ വർത്തമാനകാലമാണു നിത്യതയുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നത്. ഭൂതകാലം കഴിഞ്ഞുപോയി. ഇന്ന് ഇപ്പോൾ നാം ദൈവസംസർഗ്ഗം അനുഭവിക്കുന്നു. മനസ്സാക്ഷിയുടെ ശബ്ദത്തിന് ഇപ്പോൾ ചെവിയോർക്കുന്നു. ഇപ്പോൾ നാം





ഒരു ക്രൂശു വഹിക്കുകയാണ്. ദൈവകൃപ ഇപ്പോൾ ഏറ്റുവാങ്ങുന്നു... അങ്ങനെയങ്ങനെ. വർത്തമാനകാലമാണ് ഇപ്പോൾ സജീവം. നിത്യതയിലേക്കു നിക്ഷേപിക്കാൻ കഴിയുന്നത് ഈ വർത്തമാനകാലത്തിലാണ്. വർത്തമാനകാലത്തിൽനിന്നു ശ്രദ്ധ അകറ്റി ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠകളിലും സ്വപ്നങ്ങളിലും നമ്മെ തളച്ചിടാനാണ് സാത്താനും കിങ്കരന്മാരും എപ്പോഴും ശ്രമിക്കുന്നതെന്ന് ക്രിസ്തീയ ചിന്തകൻ സി.എസ്. ലൂയിസ് പറഞ്ഞിരിക്കുന്നത് എത്രയോ ശരിയാണ്! അതുകൊണ്ട് ഭാവിയെക്കുറിച്ചുള്ള ഭയങ്ങളിൽനിന്നും ആഗ്രഹചിന്തകളിൽ നിന്നും കുതറിമാറി നമുക്കു വർത്തമാനകാലത്തിൽ ജീവിക്കാം. ഇപ്പോൾ ഇവിടെ നിന്നുകൊണ്ട് നിത്യതയെ സ്പർശിക്കാം. സ്വർഗത്തെയും ഭൂമിയിലെ നമ്മുടെ വർത്തമാനകാല ജീവിതത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയിലൂടെ ദിവ്യസ്വഭാവമെന്ന ദൈവഹിതത്തിന്റെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് ആഹ്ലാദത്തോടെ നമുക്കു കണ്ടു നില്ക്കാം.

◆

# മതഭക്തിക്കപ്പുറം......

മലയാള ബൈബിളിലെ സുവിശേഷങ്ങളുടെ സ്വച്ഛമായ മേച്ചില്പ്പുറങ്ങളിലൂടെ മെല്ലെ കടന്നുപോകുമ്പോൾ ഒരു ഹീബ്രൂ വാക്ക് നമുക്ക് കല്ലുകടിയാകാം- 'കൊർബ്ബാൻ' (മർക്കോ. 7:11).

എന്താണീ കൊർബ്ബാൻ? വ്യാഖ്യാന ഗ്രന്ഥങ്ങളുടെ സഹായത്തോടെ 'കൊർബ്ബാന്റെ' പൊരുൾ തിരിച്ചെടുത്താലോ? സത്യത്തിൽ ആദ്യം ആരും ഒന്നു ചിരിച്ചു പോകും-യഹൂദന്റെ ഇരട്ട മുഖം ഓർത്ത്, മറ്റുള്ളവരേയും അവനവനെത്തന്നെയും കബളിപ്പിക്കാനുള്ള അവന്റെ സാമർത്ഥ്യം ഓർത്ത്. പിന്നെ 'കൊർബ്ബാന്റെ' സമകാലികപ്രസക്തിയിലേക്കു ചിന്ത പടർന്നുകയറുമ്പോൾ നമ്മുടെ ചിരി ചുണ്ടിൽതന്നെ വറ്റിപ്പോയെന്നും വരാം.

യഹൂദന്റെ പ്രമാണഗ്രന്ഥമായ ന്യായപ്രമാണം അനുസരിച്ച് പ്രായമായ മാതാപിതാക്കളുടെ കാര്യങ്ങൾ അന്വേഷിക്കേണ്ട ചുമതല മകനുള്ളതാണ്. 'അപ്പനേയും അമ്മയേയും ബഹുമാനിക്കുക' എന്ന വാഗ്ദാനത്തോടുകൂടിയ ആദ്യകല്പനയിൽ അവരുടെ ക്ഷേമൈശ്വര്യങ്ങൾ അന്വേഷിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നുവല്ലോ. യഹോവ സ്വന്തം വിരൽകൊണ്ട് എഴുതിക്കൊടുത്ത ഈ കല്പന ലംഘിക്കാൻ ഏതു യഹൂദനും ഒന്നു മടിക്കും. പക്ഷേ പ്രായോഗികതലത്തിൽ വരുമ്പോൾ ഈ കല്പന അക്ഷരാർത്ഥത്തിൽ അനുസരിക്കുവാനും അവനു ബുദ്ധിമുട്ടുണ്ട്. എന്തു ചെയ്യും?

ഈ വിഷമസന്ധിയിലാണ് അവന്റെ അതിസാമർത്ഥ്യം കണ്ടെത്തിയ എളുപ്പവഴി യഹൂദനു തുണയാകുന്നത്. അവൻ ഈ കല്പനയുടെ അനുസരണത്തിന്റെ സ്ഥാനത്ത് തങ്ങളുടെ ഒരു 'സമ്പ്രദായം' പകരം വയ്ക്കുന്നു. ആ സമ്പ്രദായം ഇതാണ്: "മാതാപിതാക്കൾക്ക് കൊടുക്കേണ്ടത് ദേവാലയത്തിലേക്കു കൊർബ്ബാൻ" എന്നു പറഞ്ഞാൽ അവൻ പിന്നീട് ആ തുക അവർക്കു നൽകേണ്ടതില്ല. 'കൊർബ്ബാൻ' എന്ന ഹീബ്രു പദത്തിന് 'ദൈത്തിനുള്ള വഴിപാട്' എന്നാണർത്ഥം. 'കൊർബ്ബാൻ' എന്നു പറഞ്ഞാൽ (പറഞ്ഞാൽ മതി, പിന്നീട് അതു മതപരമായ ആവശ്യത്തിനു ഉപയോഗിക്കണമെന്നു പോലും ഇല്ലത്രേ) അത് അവർക്കു നൽകുന്നതിൽ നിന്ന് അവൻ ഒഴിവുള്ളവനായിരിക്കും. എത്ര സൗകര്യം!

യഹൂദന്റെ പെരുമാറ്റത്തിലെ ഈ കപടമുഖം തുറന്നു കാട്ടിയത് യേശുക്രിസ്തു തന്നെയാണ്. യേശുവിന്റെ ശിഷ്യന്മാർ തങ്ങളുടെ ചില സമ്പ്രദായങ്ങൾ (ആചാരപരമായ കൈകഴുകൽ തുടങ്ങിയവ) പാലിക്കുന്നില്ലെന്ന യഹൂദന്മാരുടെ കുറ്റപ്പെടുത്തലിനു മറുപടി പറയവേയാണ് യേശു ഇക്കാര്യം





ചൂണ്ടിക്കാണിക്കുന്നത്. ദൈവിക കല്പനയ്ക്കു പകരമായി തങ്ങളുടേതായ സമ്പ്രദായങ്ങൾ യഹൂദന്മാർ ആദ്യം ഉണ്ടാക്കുന്നു. പിന്നീട് ആ സമ്പ്രദായം കടുകിടെ തെറ്റാതെ എല്ലാവരും പാലിക്കുന്നുണ്ടോ എന്നതിൽ മാത്രം ശ്രദ്ധിക്കുന്നു. ഈ തിരക്കിനെല്ലാമിടയിൽ ദൈവം നൽകിയ കല്പന മാത്രം ആരും ശ്രദ്ധിക്കുന്നില്ല. ഫലം: സമ്പ്രദായങ്ങളുടെ അനുസരണത്തിൽ മാത്രം ശ്രദ്ധയൂന്നുന്ന യഹൂദൻ മറ്റുള്ളവരെ വഞ്ചിക്കുന്നു; ആത്യന്തികമായി സ്വയം വഞ്ചിതനായും തീരുന്നു.

ദൈവത്തെ കബളിപ്പിക്കാനായി സ്വയം സൃഷ്ടിച്ച വഞ്ചനയുടെ വിഷമവൃത്തത്തിൽ ഒടുവിൽ സ്വയം ബന്ധിതനായിപ്പോയ യഹൂദന്റെ ചിത്രമാണ് ഇപ്പോൾ 'കൊർബ്ബാൻ' എന്ന പദം മനസ്സിലുണർത്തുന്നത്.

ഇന്നത്തെ ക്രിസ്തീയലോകത്തും ('ക്രിസ്തീയലോകം -എന്തൊരു പ്രയോഗം!) ഇത്തരം ധാരാളം 'കൊർബ്ബാൻ' ഇല്ലേ? മാതാപിതാക്കളെ സംരക്ഷിച്ചില്ലെങ്കിലും സാരമില്ല ദശാംശം കൃത്യമായി കൊടുത്താൽ മതി. ജീവിതവിശുദ്ധി പാലിച്ചില്ലെങ്കിലും പ്രശ്നമില്ല എല്ലാ ആഴ്ചയും മുടങ്ങാതെ ആരാധനയ്ക്ക് ഹാജരായാൽ മതി. ബിസിനസിൽ സർക്കാരിനെ കബളിപ്പിച്ചാലും കുഴപ്പമില്ല കൺവൻഷന്റെ നടത്തിപ്പിന് വൻതുക സംഭാവന നൽകിയാൽ മതി.....

ഇതാണു നമ്മുടെ മനോഭാവമെങ്കിൽ യേശുവിന് ഇന്നു നമ്മോടു പറയുവാനുള്ളത് ഇതാണ്: 'നിങ്ങളുടെ *സമ്പ്രദായത്താൽ* നിങ്ങൾ *ദൈവവചനത്തെ* ദുർബലമാക്കിയിരിക്കുന്നു. ഈ ജനം *അധരംകൊണ്ട്* എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ *ഹൃദയം* എന്നെ വിട്ട് അകന്നിരിക്കുന്നു. അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു' (മത്താ. 15:6-9).

യഥാർത്ഥ ആത്മീയതയെയും കേവല മതത്തെയും തിരിച്ചറിയുവാനുള്ള വഴിയും യേശുവിന്റെ ഈ വാക്കുകളിലുണ്ട്. സമ്പ്രദായം, ദൈവവചനം, അധരം, ഹൃദയം എന്നീ സൂചനകൾ ശ്രദ്ധിക്കുക. ദൈവവചനത്തിന്റെ അനുസരണത്തെക്കാൾ മനുഷ്യന്റെ സമ്പ്രദായങ്ങൾ വരവണ്ണം പാലിക്കാനാണു നിങ്ങൾക്കു വ്യഗ്രതയെങ്കിൽ നിങ്ങൾ ആത്മീയനല്ല, മതഭക്തനാണ്. ഹൃദയംകൊണ്ട് ദൈവത്തോട് അടുത്തിരിക്കുന്നതിനെക്കാൾ അധരംകൊണ്ട് ദൈവത്തെ സ്തുതിക്കാനാണു നിങ്ങൾക്കു താത്പര്യമെങ്കിൽ നിങ്ങൾ മതഭക്തനാണ്, ആത്മികനല്ല.

ഉവ്വ്, ദൈവത്തെ കബളിപ്പിക്കുവാൻ നമുക്കാർക്കും കഴിയുകയില്ല.

◆

# അല്പത്തിൽ വിശ്വസ്തത

'വൻ' സംരംഭങ്ങളുടെയും 'മെഗാ' പ്രോഗ്രാമുകളുടെയും കാലഘട്ടമാണിത്. 'വമ്പിച്ച പരിപാടികളും 'മഹാ'യോഗങ്ങളും വലിയ പബ്ലിസിറ്റിയുടെ അകമ്പടിയോടെ നടത്തിയാൽ മാത്രമേ ശ്രദ്ധയും അംഗീകാരവും ലഭിക്കുകയുള്ളു. ഇന്നത്തെ തിരക്കിനും ബഹളത്തിനും ഇടയിൽ എളിയ തുടക്കങ്ങൾ ആരുടേയും കണ്ണിൽപ്പെട്ടില്ലെന്നും വരാം. എന്നാൽ കർത്താവ് തികച്ചും വ്യത്യസ്തനാണ്. ചന്തയിലെ തിക്കിനും തിരക്കിനും ഒച്ചപ്പാടിനും ഇടയിൽ നിലത്തു വീണുപോകുന്ന ചെറിയ പക്ഷിക്കുഞ്ഞുപോലും അവിടുത്തെ കണ്ണിൽപ്പെടാതെ പോകുന്നില്ല. അതും രണ്ടു കാശിനു വാങ്ങുമ്പോൾ 'ഫ്രീ'യായി കൊടുക്കുന്ന ആ അഞ്ചാമത്തെ കുരികിലിന്റെ കാര്യത്തിൽപോലും അവിടുന്നു ശ്രദ്ധാലുവാണ്. (മത്താ. 10:29, ലൂക്കോ. 12:6) തലയിലെ മുടികളും എണ്ണപ്പെട്ടിരിക്കുന്നു! അല്പ കാര്യങ്ങളുടെ ദിവസത്തെ അവിടുന്നു തുച്ഛീകരിക്കുന്നതുമില്ല (സെഖ. 4:10). ദൈവം എത്ര വിശ്വസ്തൻ!

വിശ്വസ്തനായ ദൈവം മനുഷ്യരിൽ തെരയുന്നതും വിശ്വസ്തതയാണ്. തന്നിൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ശക്തനാണെന്നു കാണിപ്പാൻവേണ്ടി അവിടുത്തെ കണ്ണ് ഭൂമിയിലെല്ലാടവും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു (2 ദിന. 16:9). തന്റെ ദാസന്മാരിൽനിന്നും കാര്യസ്ഥന്മാരിൽനിന്നും അവിടുന്ന് ആവശ്യപ്പെടുന്നതും വിശ്വസ്തത തന്നെ. (ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രേ 1 കൊരി. 4:2). ഇവിടെ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. ഈ ലോകത്തിന്റെ രീതിയിൽ നിന്നു വ്യത്യസ്തമായി ദൈവം തന്റെ പ്രവൃത്തി ഏല്പിക്കുന്നതു കഴിവുള്ള ആളുകളെയല്ല. മറിച്ച് വിശ്വസ്തന്മാരെയാണ്! ഇത് നമുക്ക് എത്ര വലിയ ധൈര്യമാണ് നൽകുന്നത്! പ്രത്യേക കഴിവോ പ്രാപ്തിയോ ഇല്ലെന്നാണോ നിങ്ങളുടെ ഖേദം? സുഹൃത്തേ, ദുഃഖിക്കരുത്. ദൈവം കഴിവിനപ്പുറത്ത് വിശ്വസ്തതയെയാണു കണക്കിലെടുക്കുന്നത്.

ദൈവിക കാര്യങ്ങളോട് നമുക്ക് എങ്ങനെയാണു വിശ്വസ്തരായിരിപ്പാൻ കഴിയുന്നത്? ദൈവിക കാര്യമെന്നല്ല, ഏതു കാര്യത്തോടും നമുക്കുള്ള വിശ്വസ്തത അതിനോടുള്ള നമ്മുടെ പ്രതിബദ്ധതയ്ക്ക് (Commitment) ആനുപാതികമായിരിക്കും. അഥവാ ഒരു കാര്യത്തോട് നമുക്കുള്ള പ്രതിബദ്ധതയിൽ കവിഞ്ഞ വിശ്വസ്തത നമുക്കതിനോട് പുലർത്താൻ കഴിയുകയില്ല. കുറച്ചു പ്രതിബദ്ധത, കൂടുതൽ വിശ്വസ്തത.. അങ്ങനെയൊരു അവസ്ഥ സാദ്ധ്യമല്ല. അതുകൊണ്ട് തന്നെയാണ് ദൈവികകാര്യങ്ങളോട് പൂർണ്ണ പ്രതിബദ്ധത (Total Commitment) തന്റെ ദാസന്മാരിൽ നിന്നു ദൈവം ആവശ്യപ്പെടുന്നത്.





ഈ ലോകജീവിതത്തിൽ ദൈവത്തിന്റെ ഒരു വിശ്വസ്തദാസനായിരിക്കുന്നതിൽ കവിഞ്ഞ് എന്തു ഭാഗ്യമാണുള്ളത്? എന്നാൽ നിർഭാഗ്യവശാൽ വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്ന ഒരു കാലഘട്ടമാണിത്. 'വിശ്വസ്തദാസൻ' എന്ന പ്രയോഗം തന്നെ പൊതുവേദികളിൽ ഇന്നു കേൾക്കാനില്ല. പകരം 'വിലയേറിയ ദാസൻ', 'ശ്രേഷ്ഠദാസൻ' 'അതിശ്രേഷ്ഠദാസൻ' എന്നെല്ലാമാണ് പരസ്യമായി പരിചയപ്പെടുത്തുന്നത്! എത്ര പരിതാപകരം! കർത്താവിന്റെ ഒരു യഥാർത്ഥദാസനെ സംബന്ധിച്ചിടത്തോളം 'വിശ്വസ്തൻ' എന്ന വിശേഷണംപോലെ കർണ്ണാനന്ദകരമായിരിക്കുമോ മറ്റേതൊരു 'വിലയേറിയ' സംബോധനയും?

ഒരു വിശ്വസ്തദാസൻ തന്റെ വിശ്വസ്തത തെളിയിക്കുന്നതു കൊച്ചു കാര്യങ്ങളിലാണ്. മറ്റുള്ളവർ ഗൗരവമായി എടുക്കാത്ത കാര്യങ്ങൾ, ഇടപാടുകൾ, സംസാരങ്ങൾ, മനോഭാവങ്ങൾ, തീരുമാനങ്ങൾ എന്നിവയിലെല്ലാം അവൻ ദൈവമുൻപാകെ വിശ്വസ്തനായി നിൽക്കാൻ ആഗ്രഹിക്കുന്നു. ഈ ലോകത്തിൽ തനിക്ക് ഒരേയൊരു ജീവിതം മാത്രമേ നൽകപ്പെട്ടിട്ടുള്ളു എന്നവനു ബോധ്യമുണ്ട്. ഇവിടെ എടുക്കുന്ന തീരുമാനങ്ങളും പുലർത്തുന്ന മനോഭാവങ്ങളുമാണ് തന്റെ നിത്യതയെ നിർണ്ണയിക്കുന്നതെന്നും അവനറിയാം. ഈ തിരിച്ചറിവ് കൊച്ചുകാര്യങ്ങളിൽ അവനെ ശ്രദ്ധാലുവാക്കുന്നു. വ്യർത്ഥമായ സംഭാഷണം, അനാവശ്യമായ ചെലവുകൾ, സൂക്ഷ്മതയില്ലാത്ത പെരുമാറ്റങ്ങൾ എന്നിവയെല്ലാം അവൻ ഒഴിവാക്കുന്നു. താൻ മറ്റൊരാളുടെ 'ദാസനാ'ണെന്നും സ്വന്ത ഇഷ്ടം പോലെ ജീവിക്കാൻ സ്വാതന്ത്ര്യമില്ലാത്തവനാണെന്നും അവൻ ഇടയ്ക്കിടെ സ്വയം മുന്നറിയിപ്പു നൽകിക്കൊണ്ടിരിക്കും.

"ഈ ജീവിതത്തിൽ വലിയ വെളിപ്പാടുകളൊന്നും എനിക്കില്ല. പക്ഷേ കൊച്ചുകാര്യങ്ങളിൽ ദൈനംദിന ജീവിതത്തിൽ കർത്താവിനെ വിശ്വസ്തമായി പിൻപറ്റാൻ ഞാൻ പഠിച്ചിട്ടുണ്ട്." വാച്ച്മാൻ നീയുടേതാണ് ഈ വാക്കുകൾ. ഏതു തലമുറയിലേയും ക്രിസ്ത്യാനികൾ അത്ഭുതാദരങ്ങളോടെ കാണുന്ന 'സ്പിരിച്വൽ മാൻ' എന്ന തന്റെ ബൃഹത്തായ ഗ്രന്ഥത്തിന്റെ ആമുഖക്കുറിപ്പിലാണ് 'നീ' ഇങ്ങനെ എഴുതിയത്. കർത്താവിന്റെ ആ വിശ്വസ്തദാസന്റെ ജീവിതരഹസ്യമല്ലേ ഈ വാക്കുകൾ വെളിവാക്കുന്നത്?

ഇതുപോലെ കർത്താവിന്റെ വിശ്വസ്തദാസനായിരിപ്പാൻ നിങ്ങളും ആഗ്രഹിക്കുന്നുവോ? പൂർണ്ണ പ്രതിബദ്ധത, കൊച്ചുകൊച്ചു കാര്യങ്ങളിലുള്ള സൂക്ഷ്മത - ഇവയാണു വിശ്വസ്തതയിലേക്കുള്ള പടവുകൾ. അന്ന് 'നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന യജമാനന്റെ സംബോധന കേൾപ്പാൻ നിങ്ങൾ വാഞ്ഛിക്കുന്നുവോ? എങ്കിൽ, ഇപ്പോൾ, അല്പത്തിൽ വിശ്വസ്തനായിരിക്കുക (മത്തായി 2:14-30).

◆

# ആവശ്യമുണ്ട്; ജീവിക്കുന്ന രക്തസാക്ഷികളെ

**ജീ**വിക്കുന്ന രക്തസാക്ഷി- റിച്ചാർഡ് വുംബ്രാൻഡ് അറിയപ്പെട്ടിരുന്നത് ഇങ്ങനെയാണ്. റുമേനിയായിൽ അനുഭവിക്കേണ്ടിവന്ന അതിഭീകരമായ പീഡനവും ദീർഘനാളത്തെ ജയിൽവാസവുമാകാം വുംബ്രാൻഡിന് ഇങ്ങനെയൊരു അപരനാമം നേടിക്കൊടുത്തത്. എന്നാൽ സത്യത്തിൽ ഏതൊരു യഥാർത്ഥ ക്രിസ്തുവിശ്വാസിയും ജീവിച്ചിരിക്കുന്ന രക്തസാക്ഷിയല്ലേ? അല്ലെങ്കിൽ അങ്ങനെ ആയിരിക്കേണ്ടതല്ലേ?

ഒരു രക്തസാക്ഷിയും ഒരു ദിവസംകൊണ്ടല്ല ഉണ്ടാകുന്നത്. ഓരോ രക്തസാക്ഷിയുടേയും പിന്നിൽ ഒരു മനോഭാവമുണ്ട്. ആ മനോഭാവത്തിലൂന്നിയ ഒരു ജീവിതപശ്ചാത്തലമുണ്ട്. Foxe's Book of Christian Martyrs of the world എന്ന ഗ്രന്ഥം ഈ സത്യത്തിനു സജീവസാക്ഷ്യം വഹിക്കുന്ന ഒന്നാണ്. അതിലെ ഓരോ വിശ്വാസവീരന്റെയും ചരിത്രം പരിശോധിക്കൂ. അവരുടെ ആരുടേയും രക്തസാക്ഷിത്വം ഒരു യാദൃച്ഛികതയായിരുന്നില്ലെന്ന് അപ്പോൾ ബോധ്യമാകും.

സാധാരണക്കാരിൽനിന്ന് ഒരു രക്തസാക്ഷിയെ വ്യത്യസ്തനാക്കുന്ന ഘടകം എന്താണ്? ക്രിസ്തീയ രക്തസാക്ഷിയുടെ അടിസ്ഥാന മനോഭാവത്തിന് ഊടുംപാവും പാകുന്ന സത്യം എന്തായിരിക്കും? രക്തസാക്ഷി മരണങ്ങളുടെ ചരിത്രം വിവരിച്ചുപോകുമ്പോൾ അപ്പോസ്തലനായ പൗലോസ് കൂട്ടിച്ചേർക്കുന്ന ഒരു ചെറിയ വാചകം രക്തസാക്ഷിയെ വേറിട്ടു നിർത്തുന്ന മനോഭാവത്തിലേക്കുള്ള ചൂണ്ടുപലകയാണ്. “അവർ മരണം വരെ പീഡിപ്പിക്കപ്പെട്ടു. മറ്റുള്ളവരാൽ പരിഹാസവും ചമ്മട്ടിയടിയും ബന്ധനവും തടവുശിക്ഷയും അനുഭവിച്ചു. അവർ കല്ലെറിയപ്പെട്ടു, അറുത്തു മുറിക്കപ്പെട്ടു, വാളിന്നിരയാക്കപ്പെട്ടു; ചെമ്മരിയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ച് അനാഥരും പീഡിതരും ക്ലേശിതരുമായി അവർ മരുഭൂമിയിലും മലകളിലും നിലത്തെ ഗുഹകളിലും ഉഴറിനടന്നു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല.” എബ്രാ. 11:35-38. അതേ, അതാണു പ്രത്യേകത - ലോകം അവർക്കു യോഗ്യമായിരുന്നില്ല. അവരെ സ്വന്തമാക്കാനുള്ള യോഗ്യത ലോകത്തിനും ഉണ്ടായിരുന്നില്ല. ഈ ലോകത്ത് അവർ അന്യരും പരദേശികളുമായിരുന്നു. തങ്ങളുടെ മനോഭാവവും പ്രവൃത്തികളുംകൊണ്ട് അവർ ലോകത്തെ നിരാകരിച്ചു. ലോകത്ത് അവർ ജീവിച്ചു എന്നതു നേര്; പക്ഷേ അവർ ഈ ലോകക്കാരായിരുന്നില്ല. അതുകൊണ്ടുതന്നെ ലോകം അവരെ





ഒറ്റപ്പെടുത്തുകയും തള്ളിക്കളയുകയും പീഡിപ്പിക്കുകയും ചെയ്തപ്പോൾ അവർക്ക് പരാതികളില്ലായിരുന്നു. ഒടുവിൽ ഒരു രക്തസാക്ഷി മരണത്തിലൂടെ ലോകം വിടുവാൻ അവസരം വന്നപ്പോൾ അവർ അത് സസന്തോഷം സ്വീകരിച്ചു. ജീവിച്ചിരുന്നപ്പോൾ അവർ ലോകത്തോടു പുലർത്തിയിരുന്ന മനോഭാവത്തിന്റെ പൂർത്തീകരണം മാത്രമായിരുന്നു അവരുടെ രക്തസാക്ഷി മരണം.

വിവിധനൂറ്റാണ്ടുകളിൽ രക്തസാക്ഷികളായ വിശ്വാസവീരന്മാരുടെ ചരിത്രം വായിക്കുമ്പോൾ വികാരഭരിതരായിപ്പോവുകയും അവരുടെ വിശ്വാസവും ധൈര്യവും അനുകരിപ്പാൻ കൊതിച്ചുപോവുകയും ചെയ്യുന്നവരാണു നാം. എന്നാൽ ഒരു രാത്രി പെട്ടെന്ന് ഉറങ്ങി എണീക്കുമ്പോൾ ഒരത്ഭുതം പോലെ നമുക്കും ആ ധൈര്യവും വിശ്വാസവും ലഭിക്കുമെന്ന് പ്രതീക്ഷിക്കരുത്. അവരുടെ ധീരമായ നിലപാടിന് പിന്നിലുള്ള മനോഭാവം ലോകത്തോട് ഇപ്പോൾ പുലർത്താത്തപക്ഷം ‘ദുർദ്ദിവസത്തിൽ അവരെപ്പോലെ ഉറച്ചു നില്പ്പാൻ’ നമുക്കു കഴിയാതെ പോകും. ഇന്ന് ലോകത്തോടുള്ള നമ്മുടെ മനോഭാവം ഈവിധം നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ? ഈ ലോകം ഇന്ന് നമുക്ക് വളരെ അനുയോജ്യമായിരിക്കുന്നു എന്നതല്ലേ നേര്? ലോകത്തിലെ ‘നല്ല കാര്യങ്ങളൊന്നും’ വിട്ടുകളയുവാൻ നമുക്കു മനസ്സില്ല. അത് പരമാവധി ആസ്വദിക്കുവാനും അതേസമയം ഈ ലോകം വിട്ടുകഴിയുമ്പോൾ വരും ലോകത്തെ സൗഭാഗ്യങ്ങൾ കൈയാളുവാനും നാം തയ്യാറായിരിക്കുന്നു. ഇവിടെയും അവിടെയും ഒന്നും നഷ്ടപ്പെടരുതെന്നാണ് നമ്മുടെ കച്ചവടലാക്ക്. അതിന് അനുയോജ്യമായ വിശ്വാസങ്ങളും ഉപദേശങ്ങളും നാം രൂപപ്പെടുത്തിക്കഴിഞ്ഞു. ഈ ലോകത്ത് നമുക്ക് സമൃദ്ധിവേണം, വരും ലോകത്ത് സ്വർഗ്ഗവും. സ്നേഹിതാ, ഈ നിലപാടിൽ എവിടെയാണ് നാം നേരത്തെ പറഞ്ഞ രക്തസാക്ഷിയുടെ മനോഭാവം? ഇതുവെറും ഒത്തുതീർപ്പും ലോകത്തോടുള്ള അനുരഞ്ജനവുമാണെന്നു നീ തിരിച്ചറിയുമോ?

ക്രിസ്തുവിശ്വാസം നിഷ്പക്ഷമായ ((neutral) ഒന്നല്ല. അതിന് കർശനമായ നിലപാടുകളും പക്ഷപാതങ്ങളും ഉണ്ട്. ബൈബിൾ ഇക്കാര്യത്തിൽ എത്രയും വ്യക്തമാണ്. അല്ലെങ്കിൽ നോക്കൂ. “വിശ്വസ്തത പുലർത്താത്തവരേ, ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്ന് നിങ്ങൾ അറിയുന്നില്ലേ? ലോകത്തിന്റെ മിത്രമാകാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ ദൈവത്തിന്റെ ശത്രുവാക്കുന്നു” (യാക്കോബ് 4:4) “ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല” (1 യോഹ. 2:15). “ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരി

ക്കയില്ല." (ഗലാ. 1:10). 'ഈ ലോകത്തായിരിക്കുമ്പോൾ ചില കാര്യങ്ങളിലെങ്കിലും ലോകത്തോടു ചങ്ങാത്തം പുലർത്താതിരിക്കുവാൻ കഴിയുമോ?' എന്നാണ് നമ്മുടെ ചോദ്യം. എന്നാൽ 'ലോകത്തിന്റെ സ്നേഹിതനാകുവാൻ ആഗ്രഹിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവാണെ'ന്നാണ് യാക്കോബിന്റെ മറുപടി. 'ലോകത്ത് ജീവിക്കുമ്പോൾ ഇവിടെയുള്ള വസ്തുക്കളെ സ്നേഹിക്കാതിരിക്കാൻ സാധിക്കുമോ?' എന്നാണു നാം ചോദിക്കുന്നത്. പക്ഷേ 'ആരെങ്കിലും ലോകത്തേയും ലോകത്തിലുള്ളതിനെയും സ്നേഹിച്ചാൽ അവനു ദൈവത്തോടു സ്നേഹമില്ല' എന്നാണു യോഹന്നാൻ പറയുന്നത്. 'മനുഷ്യരെക്കൂടെ നാം പ്രസാദിപ്പിക്കേണ്ടേ?' എന്നാണ് നമ്മുടെ സംശയം. 'മനുഷ്യരെ പ്രസാദിപ്പിക്കുന്നവൻ ക്രിസ്തുവിന്റെ ദാസനല്ല' എന്നാണ് പൗലോസിന്റെ നിലപാട്.

ലോകത്തോടുള്ള സ്നേഹമെന്നും മനുഷ്യരെ പ്രസാദിപ്പിക്കുകയെന്നും മറ്റും കേൾക്കുമ്പോൾ ഇതെല്ലാം ക്രിസ്തീയ ഗോളത്തിനു വെളിയിലുള്ള കാര്യങ്ങളാണെന്നു നാം ചിന്തിച്ചുപോയേക്കാം എന്നാൽ ക്രിസ്തീയമെന്ന് ഇന്നറിയപ്പെടുന്ന പലതിലും ഈ ലോകവും അതിന്റെ മൂല്യങ്ങളും മനുഷ്യരെ പ്രസാദിപ്പിക്കുന്ന മനോഭാവങ്ങളുമാണുള്ളതെന്നാണു സത്യം. ക്രിസ്തീയഗോളത്തിനു പുറത്തും ഉള്ളിലുമുള്ള ഈ ലോകത്തോടും അതിന്റെ മൂല്യങ്ങളോടും കർശനമായ ഒരു നിലപാട് എടുത്തുനോക്കൂ. ലോകത്തെ നിങ്ങളുടെ പ്രവൃത്തിയിലൂടെ നിഷേധിച്ചു നോക്കൂ. അപ്പോൾ കാണാം ഈ ലോകം പകയോടെ നിങ്ങൾക്കെതിരെ ആഞ്ഞടിക്കുന്നത്. 'ലോകം നിങ്ങളെ പകയ്ക്കും' എന്ന കർത്താവിന്റെ വാക്കുകൾ നിങ്ങളുടെ ജീവിതത്തിൽ നിറവേറുന്നത് അനുഭവിച്ചറിയുവാൻ കഴിയും. ലോകത്തോട് രക്തസാക്ഷിയുടെ മനോഭാവം പുലർത്തിയാൽ രക്തസാക്ഷികൾക്ക് അനുഭവിക്കേണ്ടിവന്ന പീഡനം ഒരളവിൽ ലോകത്തിൽനിന്ന് നിങ്ങൾക്കും ഉണ്ടാകും. 'ജീവിച്ചിരിക്കുന്ന രക്തസാക്ഷി' എന്ന പേരു നിങ്ങളെ സംബന്ധിച്ചും അന്വർത്ഥമാകും.

ഇന്ന് എവിടെയും വേരുറപ്പിച്ചിരിക്കുന്ന ലോകത്തിന്റെ ആത്മാവിനെതിരെ നിൽക്കുവാൻ, രക്തസാക്ഷിയുടെ മനോഭാവം ഉള്ള, രക്തസാക്ഷിയുടെ പീഡനങ്ങൾ ഒരളവിൽ അറിയുന്ന, 'ജീവിച്ചിരിക്കുന്ന രക്തസാക്ഷി'കളെ ആവശ്യമുണ്ട്. നിങ്ങൾ അങ്ങനെയൊരാൾ ആയിരിക്കുമോ?

◆



# സഭകൾ നേരിടുന്ന ഭീഷണി

**"നി**ങ്ങൾക്കുള്ള അടയാളമോ ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾകാണും എന്നു പറഞ്ഞു" ലൂക്കോസ് 2 :12.

യേശുവിന്റെ ജനനത്തെക്കുറിച്ച് വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷം ലൂക്കോസിന്റേതാണ്. എൺപതും, അമ്പത്തി രണ്ടും വാക്യങ്ങളുള്ള രണ്ടു സുദീർഘാധ്യായങ്ങളാണ് ലൂക്കോസ് യേശുവിന്റെ ജനനത്തെക്കുറിച്ച് വിവരിക്കാൻ മാറ്റിവച്ചത്.

ലൂക്കോസ് തൊഴിൽപരമായി ഒരു വൈദ്യനായിരുന്നു. യേശുവിന്റെ കന്യാജനനമാകട്ടെ, വൈദ്യശാസ്ത്രത്തിന് ഒരു അത്ഭുതവും. അതുകൊണ്ട് 'ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട്' യേശുവിനെക്കുറിച്ച് 'ഒരു ചരിത്രം ചമയ്പ്പാൻ' ലൂക്കോസ് തുനിഞ്ഞപ്പോൾ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരങ്ങളിൽ ലൂക്കോസിന്റെ സവിശേഷശ്രദ്ധ പതിഞ്ഞതിൽ എന്താണത്ഭുതം?

അതെന്തായാലും, ലൂക്കോസ് യേശുവിന്റെ ജനനത്തെയും അനന്തര സംഭവങ്ങളെയുംകുറിച്ച് സൂക്ഷ്മമായി പഠിക്കുകയും രേഖപ്പെടുത്തിവയ്ക്കുകയും ചെയ്തതുകൊണ്ട് മറ്റു നിലയിൽ ചരിത്രത്തിന്റെ പുറമ്പോക്കിൽപോലും സ്ഥാനം ലഭിക്കാൻ ഇടയില്ലാത്ത പലരും ചരിത്രത്തിന്റെ ഭാഗമായി. ബേത്‌ലെഹേമിൽ ആട്ടിൻകൂട്ടത്തെ കാവൽകാത്തു വെളിയിൽ പാർത്തിരുന്ന ഇടയന്മാർ അത്തരം ഒരു കൂട്ടരാണ്. കർത്താവിന്റെ ദൂതൻ പ്രത്യക്ഷനായി 'സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം' ഇടയന്മാരോടു സുവിശേഷിച്ചു-'കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.'ഈ നവജാതശിശുവിനെ തിരിച്ചറിയാൻ രണ്ട് അടയാളങ്ങളാണ് ദൂതന്മാർ പറഞ്ഞുകൊടുക്കുന്നത്. ഒന്ന്: ശീലകൾ ചുറ്റിയിരിക്കും. രണ്ട്: പശുത്തൊട്ടിയിൽ കിടക്കും.

യേശുവിനെ തിരിച്ചറിയാൻ ദൂതൻ ആട്ടിടയർക്കു നൽകിയ അടയാളങ്ങൾ അവയുടെ ലാളിത്യം കൊണ്ടാണ് ശ്രദ്ധേയമായിരുന്നത്. പശുത്തൊട്ടിയിൽ കിടന്നിരുന്ന ആ നവജാതശിശുവിന്റെ ശരീരം ഒരു ദരിദ്രകുടുംബത്തിന് സാധ്യമായ വിധത്തിലുള്ള ശീലകളാൽ ചുറ്റപ്പെട്ടിരുന്നു. 'പട്ടിനുള്ള മൂലവസ്തു സൃഷ്ടിചെയ്ത ദൈവമാണ് ഈ കീറ്റു ശീലയിൽ കിടക്കുന്ന'തെന്ന് മഹാകവി കെ.വി.സൈമൺ പാടിയത് ഓർക്കുക. പുൽക്കൂടു മുതൽ കാൽവറിവരെയുള്ള യേശുവിന്റെ ജീവിതത്തെ എടുത്താൽ ലാളിത്യത്തിന്റെയും താഴ്മയുടേയും അടയാളങ്ങളാലാണ് അവിടുത്തെ ദൃശ്യശരീരം അലങ്കരിക്കപ്പെട്ടിരുന്നതെന്നു കാണാം.

ഇന്ന് യേശു ഈ ഭൂമിയിലില്ല. എന്നാൽ അവിടുത്തെ ശരീരം ഇന്നു ഭൂമിയിലുണ്ടെന്നു ബൈബിൾ വ്യക്തമാക്കുന്നു. അതു മറ്റൊന്നല്ല, സഭയാണ്. ക്രിസ്തു തലയായിരിക്കുന്ന ശരീരമായ സഭ.

എന്നാൽ ഇന്ന് ഭൂമിയിലുള്ള യേശുവിന്റെ അദൃശ്യശരീരത്തെ (സഭയെ) തിരിച്ചറിയാനുള്ള അടയാളങ്ങൾ എന്തെല്ലാമാണ്? സഭയാകുന്ന ശരീരം ഇന്ന് അലങ്കരിക്കപ്പെട്ടിരിക്കുന്നത് താഴ്മയുടേയും ലാളിത്യത്തിന്റേയും ചിഹ്നങ്ങൾ കൊണ്ടാണോ?

യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചിട്ടുള്ള എല്ലാവരും, ദേശത്തിന്റേയും ഭാഷയുടേയും കാലത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ച്, അവിടുത്തെ ശരീരമായ സഭയിലെ അംഗങ്ങളാണല്ലോ. ഈ സാർവ്വദേശീയസഭ (Universal Church) അദൃശ്യമാണ്. ഈ സഭയുടെ ജീവൻ യേശുവിന്റെ ദിവ്യജീവൻ തന്നെയാണ്. തലയായ ക്രിസ്തുവിൽ നിന്നുള്ള ചൈതന്യമാണ് ഈ ശരീരത്തേയും ജീവിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ യേശുവിന്റെ സ്വഭാവത്തിൽ നിന്ന് അന്യമായ ഒന്നും ഈ സഭയായ ശരീരത്തിലും ഉണ്ടാവുകയില്ല.

എന്നാൽ ഇന്നു ലോകത്തിന് ഈ സാർവ്വദേശീയമായ അദൃശ്യമായ സഭയെ കാണുവാൻ കഴിയുകയില്ലല്ലോ. അവരെ സംബന്ധിച്ചിടത്തോളം സഭ എന്നു പറയുന്നത് അവരവരുടെ പ്രദേശത്തു കാണുന്ന ദൃശ്യമായ പ്രാദേശിക കൂടിവരവുകളാണ്. അതുകൊണ്ടുതന്നെ ഈ പ്രാദേശികസഭകൾ യേശുവിന്റെ ജീവനാൽ നടത്തപ്പെടുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. ഈ സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തെ ലോകത്തിന് താഴ്മയുടേയും ലാളിത്യത്തിന്റെയും അടയാളങ്ങളാൽ ഇന്നു തിരിച്ചറിയുവാൻ കഴിയുന്നുണ്ടോ?

വളരെ വർഷങ്ങൾ ഉത്തരേന്ത്യയിൽ പ്രവർത്തിച്ചിരുന്ന സ്റ്റാൻലി ജോൺസ് എന്ന ക്രിസ്തീയ മിഷനറി തന്റെ അനുഭവം രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്: അദ്ദേഹം വിദ്യാസമ്പന്നരും സമൂഹത്തിൽ ഉന്നതനിലയിലുള്ളവരുമായ ഒരു പറ്റം ആളുകളോട് സുവിശേഷം പ്രസംഗിക്കുകയായിരുന്നു. ആ യോഗത്തിന്റെ ഒടുവിൽ അദ്ദേഹം പറഞ്ഞു“പ്രിയ സഹോദരന്മാരേ, ഞാൻ നിങ്ങളോട് ക്രിസ്തുവിനെക്കുറിച്ചു സംസാരിക്കുകയായിരുന്നല്ലോ. എന്നാൽ നിങ്ങളിലാരും ക്രിസ്തുവിനെ എന്തുകൊണ്ടാണു പരസ്യമായി സ്വീകരിക്കാതിരിക്കുന്നതെന്ന് ദയവായി എന്നോടു തുറന്നു പറയുക. എന്നെയും ഒഴിവാക്കേണ്ട. ഞാനെന്ന വ്യക്തിയല്ല ഇവിടത്തെ പ്രശ്നം. തുറന്നു പറയാൻ മടിക്കരുത്”.

സദസ്സിൽ നിന്ന് ഒരാൾ എഴുന്നേറ്റു.“ നിങ്ങൾ ഞങ്ങളോട് ക്രിസ്ത്യാനികളാകാൻ പറഞ്ഞു. പക്ഷേ, നിങ്ങളുടെ തന്നെ സംസ്കാരം എത്രത്തോളം ക്രിസ്തീയമാണ്? നിങ്ങളുടെ വാഷിങ്ടണിലെ ഭരണകൂടം അഴിമതിയിൽ മുങ്ങിക്കുളിച്ചതല്ലേ?”





മറ്റൊരാൾ:“ നിങ്ങൾ അമേരിക്കയിൽ കറുത്തവർഗ്ഗക്കാരോട് വിവേചനത്തോടെയല്ലേ പെരുമാറുന്നത്?”

മൂന്നാമതൊരാൾ:“ നൂറ്റാണ്ടുകളായി പടിഞ്ഞാറൻ നാടുകളിൽ ക്രിസ്തീയത ഉണ്ടല്ലോ. യേശു സമാധാനത്തിന്റെ പ്രഭുവായിട്ടും ഇന്നും യുദ്ധങ്ങളിൽ നിന്ന് ഒരു വിടുതൽ നിങ്ങൾക്കു നേടാനായില്ലല്ലോ..”

ക്രിസ്തീയമെന്ന് അവകാശപ്പെടുകയും അതേസമയം അഴിമതി, വർണവിവേചനം, യുദ്ധക്കൊതി എന്നിവയിൽ നിന്നു മോചനം നേടാതിരിക്കയും ചെയ്യുന്ന പാശ്ചാത്യസംസ്കാരത്തോടുള്ള ഭാരതീയപ്രതികരണമാണിത്.

യേശുവിന്റെ ലാളിത്യത്തിന്റെയും, താഴ്മയുടേയും അടയാളങ്ങളൊന്നും ഇല്ലാതിരിക്കെ യേശുവിന്റെ ശരീരമെന്ന് അവകാശപ്പെടുന്ന സഭയോടും ഇന്നു ഭാരതത്തിന്റെ പ്രതികരണം വ്യത്യസ്തമായിരിക്കുകയില്ല. ഭാരതീയർക്ക് യേശു സ്വീകാര്യനായിരിക്കും. പക്ഷേ ഭാരതീയസഭകളോ?

സുവിശേഷവിഹിതസഭകൾ പോലും യേശുവിന്റെ ജീവനിൽ ഊന്നുന്നതിനു പകരം സഭയുടെ രൂപത്തിനും ഘടനയ്ക്കും പ്രാധാന്യം നൽകുന്ന കാലഘട്ടമാണിത്. ഫലം സഭയുടെ ജീവൻ നഷ്ടപ്പെടുന്നു. അതു പൊള്ളയായ ഒരു ചട്ടക്കൂടു മാത്രമായി അധഃപതിക്കുന്നു! ഇതല്ലേ സഭകൾ നേരിടുന്ന യഥാർത്ഥപ്രതിസന്ധി?

ഇനി പറയൂ: സഭകൾ ഇന്നു നേരിടുന്ന യഥാർത്ഥഭീഷണി പുറമേ നിന്നുള്ളതോ അതോ അകമേ നിന്നുള്ളതോ?

◆

# തോറ്റവർക്ക് ഒരു സുവിശേഷം

'യേശുവിനെ കാണിച്ചുകൊടുത്ത ദിവസം രാത്രി.' ആ രാത്രി യേശുവിനു മാത്രമല്ല കുറഞ്ഞപക്ഷം അവിടുത്തെ രണ്ടു ശിഷ്യന്മാർക്കെങ്കിലും നിർണായകമായിരുന്നു – യൂദാസിനും പത്രോസിനും. അന്ന്, തങ്ങളുടെ ഗുരുവും ഏകനാഥനും കർത്താവുമായവനെ അവരിൽ ഒരുവൻ ഒറ്റിക്കൊടുത്തു. അപരൻ തള്ളിപ്പറഞ്ഞു. ചരിത്രത്തിലെ ഏറ്റവും വലിയ വഞ്ചനയുടെയും കൂറുമാറ്റത്തിന്റെയും കറുത്ത അദ്ധ്യായം തങ്ങളുടെ ചെയ്തികളിലൂടെ അവർ എഴുതിച്ചേർത്ത രാത്രി. ആരും മാപ്പുനൽകാത്ത ഏറ്റവും ഹീനമായ പ്രവൃത്തിക്ക് ഉദാഹരണമായി ഇന്ന് നൂറ്റാണ്ടുകൾക്കു ശേഷവും ചൂണ്ടിക്കാണിക്കപ്പെടുന്ന സംഭവം. യൂദാസ് മുപ്പത് വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുത്തു ചതിയുടെ പര്യായമായിമാറിയെങ്കിൽ ഗുരുവിനെ മൂന്നുവട്ടം തള്ളിപ്പറയുകയും ശപിക്കുകയും ചെയ്ത് പത്രോസ് നന്ദികേടിന്റെയും ഭീരുത്വത്തിന്റെയും പ്രതിരൂപമായി. തികച്ചും ജുഗുപ്സാവഹമായ പെരുമാറ്റത്തിൽ ഇരുവരും പരസ്പരം മത്സരിച്ചതുപോലെ.

എന്നാൽ... ഒരു രാത്രി ഇരുണ്ടു വെളുത്തപ്പോൾ അക്കല്ദാമയിൽ ചോരപ്പൂക്കൾ വിരിയിച്ചുകൊണ്ട് യൂദാസ് നിത്യനരകത്തിലേക്ക് യാത്രയായി. എത്ര നിർഭാഗ്യകരമായ അന്ത്യം! അതേസമയം പുനരുത്ഥാനത്തിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും ദിനങ്ങൾ പിന്നിട്ട് പെന്തക്കോസ്തുനാൾ വന്നപ്പോൾ സഭായുഗത്തിന്റെ വാതിൽ തുറന്ന് ദൈവരാജ്യത്തിലേക്ക് ആയിരങ്ങളെ പ്രവേശിപ്പിക്കുന്ന നിർണായകമുഹൂർത്തത്തിൽ സ്വർഗ്ഗത്തിന്റെ താക്കോൽ കൈയിലുള്ളവനായി നിൽക്കുകയാണ് പത്രോസ്. എത്ര ശ്രേഷ്ഠമായ പദവി!

തുടർന്നുള്ള ദിവസങ്ങളിൽ ജനത്തെ അഭിസംബോധന ചെയ്യുമ്പോൾ പത്രോസിന്റെ വാക്കുകൾ ഇങ്ങനെയാണ്: "അവനെ നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും..... പീലോത്തോസിന്റെ മുമ്പിൽ വച്ച് തള്ളിപ്പറകയും ചെയ്തു. പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു" (പ്രവൃ. 3:13,14). യേശുവിനെ നിങ്ങൾ തള്ളിപ്പറഞ്ഞുവെന്നു ജനത്തിനു നേരേ വിരൽ ചൂണ്ടുമ്പോൾ, മൂന്നരവർഷം ഒപ്പം നടന്ന് എല്ലാ സൗഭാഗ്യങ്ങളും അനുഭവിച്ചശേഷം പരിശുദ്ധനും നീതിമാനുമായവനെ തള്ളിപ്പറഞ്ഞവനാണു താൻ എന്ന കുറ്റബോധത്തിന്റെ നേരിയ ലാഞ്ഛനപോലും പത്രോസിന്റെ വാക്കുകളിലില്ല.

പത്രോസിന് എന്താണ് സംഭവിച്ചത്? കുറ്റബോധത്തിന്റെ നേരിയ കല്മഷം പോലും കഴുകിത്തുടച്ചെടുത്ത ഈ മനസ്സാക്ഷി പത്രോസിന് എവിടെ നിന്നു ലഭിച്ചു? ഗുരുവിനെ തള്ളിപ്പറഞ്ഞ അഭിശപ്തമായ ആ





രാത്രിക്കു ശേഷം ഇപ്പോൾ ദൈവപ്രവൃത്തിയുടെ അമരക്കാരനായി നിൽക്കുവാനുള്ള പ്രാഗല്ഭ്യം പത്രോസിന് എവിടെനിന്നാണ് കിട്ടിയത്? കുറ്റബോധത്തിന്റെ വീർപ്പുമുട്ടലിൽനിന്ന് രക്ഷനേടാനാവാതെ ഒരുമുഴം കയറിൽതൂങ്ങി നിത്യനാശത്തിലേക്ക് കൂപ്പുകുത്തിയ യൂദാസിന്റെ അനുഭവത്തിൽ നിന്നു കുതറിമാറുവാൻ പത്രോസിന് എങ്ങനെ കഴിഞ്ഞു?

ഈ ചോദ്യങ്ങൾക്കെല്ലാം മറുപടി ഒന്നേയുള്ളൂ. ജീവിതത്തിലെ ഏറ്റവും കയ്പേറിയ പരാജയത്തിനുശേഷവും ആ വീഴ്ചയിൽനിന്നു എഴുന്നേൽക്കുവാനും തന്റെ കർത്താവിനെ വീണ്ടും കണ്ണുനീരോടെ ആശ്രയിച്ച് വിശ്വാസത്തിൽ യഥാസ്ഥാനപ്പെടുവാനും താഴ്മയും ഒരുക്കവുമുള്ളവനായിരുന്നു പത്രോസ്.

യേശുവിന്റെ ശിഷ്യന്മാരിൽ എടുത്തുചാട്ടവും വീഴ്ചയുംകൊണ്ട് എന്നും ശ്രദ്ധേയനായിരുന്നു പത്രോസ്. മൂന്നരവർഷത്തെ ജീവിതത്തിൽ അങ്ങനെ എത്രയെത്ര സംഭവങ്ങൾ നമ്മൾ കാണുന്നുണ്ട്! പക്ഷേ ഓരോ വീഴ്ചയെത്തുടർന്നും എഴുന്നേൽക്കുവാനും മടങ്ങിവരുവാനും തിടുക്കമുള്ളവനായിരുന്നു അവൻ. ഗലീലക്കടലിന്മീതെ കർത്താവു നടന്നുവരുന്നതു കണ്ട് പത്രോസും കടൽത്തിരകൾക്കുമീതെ നടക്കുവാൻ ചാടിപ്പുറപ്പെട്ട സംഭവം ഓർക്കുന്നില്ലേ? ഒടുവിൽ മുങ്ങുവാൻ തുടങ്ങിയപ്പോൾ 'കർത്താവേ എന്നെ രക്ഷിക്കണമേ' എന്നവൻ നിർലജ്ജം നിലവിളിച്ചു. യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു. ആ കൈകളിൽ പിടിച്ച് അവൻ എഴുന്നേറ്റു. പത്രോസിന്റെ ജീവിതത്തിലെ വീഴ്ചകളിലേക്കും യഥാസ്ഥാനപ്പെടുന്ന അനുഭവങ്ങളിലേക്കും വിരൽ ചൂണ്ടുന്ന പ്രതീകാത്മകമായ ഒരു സംഭവമായി നമുക്കിതിനെ കാണാം.

ജീവിതത്തിൽ ഉടനീളം ഹൃദയത്തിൽ ഒരു നിലവിളി സൂക്ഷിച്ചവനാണ് പത്രോസ്. ഓരോ വീഴ്ചയ്ക്കുശേഷവും അവൻ തിടുക്കത്തിൽ നിലവിളിക്കും 'കർത്താവേ, എന്നെ രക്ഷിക്കണമേ' എന്ന്. ഓരോ പതനവും അവനെ കൂടുതൽ നുറുക്കത്തിലേക്കും താഴ്മയിലേക്കും നയിച്ചു. ആ താഴ്മയിൽ അവനു ദൈവകൃപ ലഭിക്കും. അവൻ കർത്താവിന്റെ കൈകളിൽ പിടിച്ച് എഴുന്നേൽക്കും. യഥാസ്ഥാനപ്പെടും. വീഴ്ചയുടെ അനിവാര്യഫലമായ കുറ്റബോധത്തിന്റെ കളങ്കങ്ങളെ മനസ്സാക്ഷിയിൽ നിന്നും ആത്മാവിൽനിന്നും പാടേ കഴുകിക്കളഞ്ഞ് തികഞ്ഞ പുതുക്കത്തോടെ അവിടുന്ന് ശിഷ്യത്വത്തിന്റെ പാതയിൽ അവനെ വീണ്ടും ഉറപ്പിക്കും. പത്രോസിന്റെ ജീവിതത്തിൽ മറ്റൊരു പുതിയ അദ്ധ്യായം ആരംഭിക്കുകയായി.

ദൈവസന്നിധിയിലേക്കുള്ള മടങ്ങിവരവ് എളുപ്പമാക്കുന്ന പത്രോസിന്റെ മറ്റൊരു മനോഭാവം അവന്റെ നിസ്സഹായതയാണ്. ദൈവത്തെ വിട്ടുപോകാൻ കഴിയാത്ത ഒരുതരം 'ദൗർബല്യം'. 'നീ എന്നെ കൊന്നാലും ഞാൻ നിന്നെ കാത്തിരിക്കും' എന്ന ഇയ്യോബിന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്ന

സമ്പൂർണ അടിയറവ്. 'കർത്താവ് എന്റെ ഒരു ബലഹീനതയാണെ'ന്ന നിസ്സഹായത. പത്രോസിന്റെ ജീവിതത്തിലെ മറ്റൊരു പതനത്തിന്റെ രംഗം അവന്റെ ഈ മനോഭാവത്തിലേക്കുള്ള ചൂണ്ടുപലകയാണ്. യേശുവിനെ ക്രൂശിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ച് അവൻ പിശാചിന്റെ കൈയിലെ ഉപകരണമായി മാറിയ സന്ദർഭം ഓർക്കുക. അവിടെ യേശു അവനെ പരസ്യമായി 'സാത്താനേ എന്നെ വിട്ടുപോ' എന്നു ശാസിക്കുന്നു. ഏതു ശിഷ്യനും ഇടറിപ്പോകാവുന്ന ഒരു തുറന്ന ശാസന. പക്ഷേ പത്രോസ് യേശുവിനെ വിട്ടുപോയില്ല. പത്രോസ് തന്നെ ഒരിക്കൽ പറഞ്ഞതുപോലെ 'നിന്നെ വിട്ടു ഞങ്ങൾ എവിടെപ്പോകും?' എന്ന നിസ്സഹായത അവിടെയും അവന്റെ രക്ഷയ്ക്കെത്തി.

എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് യൂദാസിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നത്. യൂദാസ് ഒരിക്കൽ തെറ്റായ മനോഭാവത്തോടെ പരസ്യമായ ഒരഭിപ്രായം പ്രകടിപ്പിച്ചപ്പോൾ യേശു അവനെ ഒരു നേരിയ താക്കീതിന്റെ സ്വരത്തിൽ തിരുത്തിയ സന്ദർഭം ഓർക്കുക. (യോഹ 12:4–8). തന്റെ വീഴ്ച മനസ്സിലാക്കി നുറുങ്ങപ്പെടുകയും താഴ്മയോടെ യഥാസ്ഥാനപ്പെടുകയുമായിരുന്നു ഇവിടെ യൂദാസ് ചെയ്യേണ്ടിയിരുന്നത്. പക്ഷേ അവൻ ആ അവസരം പാഴാക്കി. മാത്രമല്ല ആ നേരിയ താക്കീത് വിപരീത ദിശയിലേക്കാണവനെ നയിച്ചത്. കർത്താവിനെ ഒറ്റിക്കൊടുക്കുന്ന ഹൃദയകാഠിന്യത്തിൽ അതു ചെന്നവസാനിച്ചു. (മത്താ. 26:14–16) നോക്കുക. ഓരോ വീഴ്ചയെത്തുടർന്നും അനിവാര്യമായുണ്ടാകേണ്ട നുറുക്കത്തിന് അവനിൽ ഇടം ഉണ്ടായില്ല. ഈ മനോഭാവം അവനെ കൊണ്ടുചെന്നെത്തിച്ചതു മാനസാന്തരത്തിന് അവസരം കണ്ടെത്താൻ കഴിയാത്ത പതനത്തിലേക്കും ഒടുവിൽ അനിവാര്യമായ ദുരന്തത്തിലേക്കുമാണ്.

ക്രിസ്തീയ ജീവിതത്തിൽ വീണുപോകുന്ന രണ്ടുപേരിൽ ഒരുവൻ മടങ്ങിവരുന്നതും അപരൻ നിത്യമായി നഷ്ടപ്പെട്ടു പോകുന്നതും ഇന്നും നാം കാണാറുണ്ട്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നു നാം പലപ്പോഴും ആശ്ചര്യപ്പെട്ടു പോകാറില്ലേ? ഇതിന്റെ കാരണങ്ങളിലേക്കു വെളിച്ചം വീശുന്നതാണു പത്രോസിന്റെയും യൂദാസിന്റെയും അനുഭവങ്ങൾ. ഓരോ ക്രിസ്തുശിഷ്യനെയും സമ്പൂർണമായ നുറുക്കത്തിന്റെ അവസ്ഥയിൽ എത്തിച്ചശേഷം തന്റെ തിരുഹിതപ്രകാരം ഉപയോഗിക്കാനാണു ദൈവം ആഗ്രഹിക്കുന്നത്. ഒരുവന്റെ ക്രിസ്തീയ ജീവിതത്തിലെ പരാജയത്തെ പോലും ദൈവം അതിന് ഉപാധിയാക്കുവാൻ ഇച്ഛിക്കുന്നു. ദൈവത്തിന്റെ ഈ പ്രവൃത്തിയോട് സഹകരിക്കുവാൻ തക്ക താഴ്മയുള്ള എല്ലാവർക്കും – അവരുടെ പതനം എത്ര വലുതായിക്കൊള്ളട്ടെ–രക്ഷയുണ്ടെന്നാണു പത്രോസിന്റെ അനുഭവം നമുക്കു നൽകുന്ന പാഠം.

◆



# തിന്മയോടു തോല്ക്കുകയോ?

**സം**ഭവങ്ങളും പ്രതികരണങ്ങളും – ഇവ രണ്ടും ചേർന്നതാണു നമ്മുടെ ജീവിതം. ജീവിതത്തിൽ എന്തെങ്കിലുമൊന്നു സംഭവിക്കുന്നു. അതിനോട് നമ്മൾ ചിന്ത, വാക്ക്, പ്രവൃത്തി എന്നിവകൊണ്ടു പ്രതികരിക്കുന്നു. ഇങ്ങനെയാണു നമ്മുടെ ഓരോ ദിവസത്തെയും ജീവിതം മുന്നോട്ടു പോകുന്നത്. അഥവാ സംഭവങ്ങളുടെയും അവയോടുള്ള പ്രതികരണങ്ങളുടെയും ആകെത്തുകയാണു ജീവിതമെന്നു പറയാം.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതു വാസ്തവത്തിൽ വളരെക്കുറച്ചു മാത്രമേ ഉള്ളു. കൂടുതലും നമുക്ക് അവയോടുള്ള പ്രതികരണമാണ്. "ജീവിതം എന്നു പറയുന്നതു 10% നിങ്ങൾക്കു സംഭവിക്കുന്നതും 90% അതിനോടുള്ള നിങ്ങളുടെ പ്രതികരണവുമാണ്." എന്ന സ്വിൻഡോളിന്റെ വാക്കുകൾ ഓർക്കുക. ശരിയല്ലേ? ഒരാൾ നമുക്കെതിരെ എന്തെങ്കിലുമൊന്നു ചെയ്യുന്നു അല്ലെങ്കിൽ പറയുന്നു. ഇതു മാത്രമാണ് ആ സമയത്തു നമ്മുടെ ജീവിതത്തിൽ 'സംഭവി'ക്കുന്നത്. എന്നാൽ അപ്പോഴേക്കും നമ്മൾ ചിന്തകളും സങ്കല്പങ്ങളുംകൊണ്ട് അതിനെതിരെ പ്രതികരിക്കാൻ തുടങ്ങുകയായി. തുടർന്ന് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അതിനോടു പ്രതികരിക്കുന്നു. ചുരുക്കത്തിൽ നാം യഥാർത്ഥത്തിൽ അഭിമുഖീകരിക്കുന്ന കാര്യങ്ങൾ എന്താണ്? അവയോടുള്ള നമ്മുടെ പ്രതികരണം എന്താണ്? എന്നു വസ്തുതകളെ രണ്ടായി കാണുകയും അവ തമ്മിലുള്ള അനുപാതത്തിൽ വലിയ അന്തരം ഉണ്ടാകാതെ സൂക്ഷിക്കുകയും ചെയ്താൽ അതിരുവിട്ടു പ്രതികരിക്കുന്നതിൽ നിന്നു നമുക്കു രക്ഷ നേടുവാൻ കഴിയുകയില്ലേ?

അതുപോലെ ശ്രദ്ധേയമായ മറ്റൊരു കാര്യം ജീവിതത്തിൽ 'സംഭവി'ക്കുന്നതിനു മേൽ നമുക്കു നിയന്ത്രണമൊന്നുമില്ല എന്നതാണ്. കാരണം അതു വെളിയിൽ നിന്നാണു നമ്മുടെ നേരേ വരുന്നത്. എന്നാൽ പ്രതികരണങ്ങളെ നമുക്കു നിയന്ത്രിക്കാം. അവ നമ്മുടെ ഉള്ളിൽ നിന്നാണല്ലോ പുറപ്പെടുന്നത്. പ്രതികരണങ്ങൾ നമ്മിൽ നിന്നു തന്നെയാണു പുറത്തുവരുന്നത് എന്നുള്ളതുകൊണ്ട് ഒരു സാഹചര്യത്തിൽ ഒരു പ്രത്യേക രീതിയിൽ പ്രതികരിക്കുന്നതിന് മറ്റാരുമല്ല നാം തന്നെയാണ് ഉത്തരവാദികൾ. ഒരാൾ നമ്മോട് മോശമായി പെരുമാറിയതുകൊണ്ട് നാമും ആ മട്ടിൽ പ്രതികരിക്കണമെന്നുണ്ടോ? ഇല്ല, നമുക്കു വ്യത്യസ്തമായി പ്രതികരിക്കുവാൻ കഴിയും. ഒരാൾ നമ്മോടു തെറ്റായി പെരുമാറി എന്നുള്ളത് നമ്മുടെ മോശമായ പ്രതികരണത്തിന് ഒഴികഴിവാകുമോ? ഇല്ല, നമ്മുടെ പ്രതികരണത്തിന് നാം മാത്രമാണ് ഉത്തരവാദികൾ.

ഏതു പ്രകോപനത്തോടും നാം രണ്ടിലൊരു വിധത്തിലാണു പ്രതികരിക്കുന്നത്. ഒന്നുകിൽ തിന്മയുടെ പക്ഷത്തുനിന്നുകൊണ്ട് തെറ്റായ നിലയിൽ. അല്ലെങ്കിൽ നന്മയുടെ ഭാഗത്തുനിന്ന്, ഒരു യാഥാർത്ഥ ക്രിസ്ത്യാനിയെന്ന നിലയിൽ.

പലപ്പോഴും സംഭവങ്ങൾക്കു പിന്നിൽ നമ്മെ പ്രകോപിപ്പിക്കുന്ന വ്യക്തിയെ മാത്രം കാണുന്നതാണ് തെറ്റായി പ്രതികരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. എന്നാൽ ആ സംഭവത്തിന് പിന്നിലെ ദൈവപ്രവൃത്തിയെ കാണുവാൻ കഴിയുമെങ്കിൽ നമ്മുടെ പ്രതികരണം വ്യത്യസ്തമാകും.

ബൈബിളിലെ പഴയനിയമത്തിൽ നിന്ന് രണ്ട് ഉദാഹരണങ്ങൾ കാണുക.

ജീവിതത്തിൽ ഒട്ടേറെ ദുഃഖകരമായ അനുഭവങ്ങളിലൂടെ കടന്നുപോയ ഒരുവനാണ് യോസേഫ്. സ്വന്ത കുടുംബത്തിൽ നേരിട്ട അവഹേളനം, ജീവനു നേരേ ഉയർന്ന ഭീഷണി, സ്വന്തസഹോദരന്മാരുടെ വഞ്ചന, അടിമജീവിതം, നിരപരാധിയായിട്ടും അപരാധിയായി മുദ്രകുത്തപ്പെട്ട അനുഭവം, കാരാഗൃഹവാസം... എന്നിങ്ങനെ എത്രയെത്ര സംഭവങ്ങൾ! ഈ ദുരിതങ്ങളിലൂടെയെല്ലാം യോസേഫ് വലിച്ചിഴയ്ക്കപ്പെട്ടത് ആളുകളുടെ തെറ്റായ പെരുമാറ്റം മൂലമാണ്. എന്നാൽ ഇതിൽ, സ്വന്ത സഹോദരന്മാർ കണ്ണിൽച്ചോരയില്ലാതെ തന്നോടു പെരുമാറിയതാകാം യോസേഫിനെ സ്വാഭാവികമായും ഏറ്റവും കൂടുതൽ വേദനിപ്പിച്ചിരിക്കുക. വർഷങ്ങൾ കടന്നുപോയി. ഒടുവിലിതാ യോസേഫ് ഈജിപ്റ്റിൽ ഫറവോനു രണ്ടാമനായി ദേശാധിപതിയായി വാഴുന്നു. ഇത്തരുണത്തിലാണ് ഒരിക്കൽ തന്നെ ദ്രോഹിച്ച സഹോദരന്മാർ ആളറിയാതെ അഭയംതേടി യോസേഫിനെ സമീപിക്കുന്നത്. സഹോദരന്മാർ ഒരിക്കൽ കാട്ടിയ കടുംകൈയ്ക്ക് പകരം വീട്ടത്തക്കവിധം പ്രതികരിക്കുവാൻ യോസേഫിന് കൈവന്ന കനകാവസരം. പക്ഷേ യോസേഫിന്റെ പ്രതികരണം തികച്ചും വ്യത്യസ്തമായിരുന്നു. അവൻ അവരോട് പ്രതികാരം ചെയ്യാതെ ഹൃദയപൂർവ്വം സഹോദരന്മാരെ സ്വാഗതം ചെയ്യുകയാണ്. നന്മയുടെ പക്ഷത്ത് നിന്നുകൊണ്ട് ഇങ്ങനെ മഹാമനസ്കതയോടെ പ്രതികരിക്കുവാൻ യോസേഫിനെ പ്രേരിപ്പിച്ചതെന്താണ്? യോസേഫിന്റെ തന്നെ വാക്കുകൾ കേൾക്കുക: “നിങ്ങൾ ഈജിപ്റ്റിലേക്കു വിറ്റുകളഞ്ഞ നിങ്ങളുടെ സഹോദരൻ യോസേഫ് ആകുന്നു ഞാൻ. എന്നെ ഇവിടെ വിറ്റതുകൊണ്ട് നിങ്ങൾ വ്യസനിക്കേണ്ട, വിഷാദിക്കയും വേണ്ട. ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കുമുമ്പേ അയച്ചതാകുന്നു... ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ല ദൈവം അത്രേ എന്നെ ഇവിടെ അയച്ചത് (ഉല്പ. 45:4,5,7).





ദൈവത്തിന്റെ ‘ഹൃദയപ്രകാരമുള്ള മനുഷ്യനായ’ ദാവീദിന്റെ ജീവിതത്തിൽ നിന്നാണ് മറ്റൊരു സംഭവം. ദാവീദ് യിസ്രായേൽ രാജാവായി വാഴുമ്പോൾ മകൻ അബ്ശാലോമിന്റെ നേതൃത്വത്തിൽ ഒരു അട്ടിമറി ശ്രമം നടക്കുന്നു. രാജാവ് സിംഹാസനം ഉപേക്ഷിച്ച് മരുഭൂമിയിലേക്ക് പലായനം ചെയ്യുന്നു. ഇങ്ങനെ രാജാവും പരിവാരങ്ങളും പ്രാണരക്ഷാർത്ഥം ഓടിപ്പോകുന്ന സന്ദർഭത്തിലിതാ ‘ഗ്രഹണ സമയത്തു ഞാഞ്ഞൂലും തലപൊക്കും’ എന്ന മട്ടിൽ ശിമെയി എന്ന ഒരുവൻ ഒറ്റയ്ക്ക് ദാവീദിനെ ശപിച്ചും പൂഴിവാരിയെറിഞ്ഞുംകൊണ്ട് പുറപ്പെട്ടുവരുന്നു. രാജാവിനോടു കൂടെയുള്ളവർക്കെല്ലാം ശിമെയിയുടെ ശാപവാക്കുകൾ അസഹനീയമായി തോന്നി. ഒന്നും പ്രതികരിക്കാതെ രാജാവ് എന്തിനിതിങ്ങനെ കേട്ടിരിക്കുന്നു എന്നായി അവരുടെ സംശയം. ക്ഷമയ്ക്കും ഉണ്ടല്ലോ ഒരതിര്. അതുകൊണ്ട് ഒരൊറ്റവെട്ടിനു ശിമെയിയുടെ കഥകഴിച്ച് അവന്റെ വായടയ്ക്കട്ടേ എന്ന് അബീശായി എന്നൊരു വിശ്വസ്തൻ ദാവീദിനോടു ചോദിക്കുന്നു. പക്ഷേ ആ അവസരത്തിൽ ദാവീദിന്റെ മറുപടി ഇങ്ങനെയാണ്: “അവൻ ശപിക്കട്ടെ. ദാവീദിനെ ശപിക്ക എന്ന് യഹോവ അവനോടു കല്പിച്ചിരിക്കുന്നു... അവനെ വിടുവിൻ. അവൻ ശപിക്കട്ടെ. യഹോവ അവനോടു കല്പിച്ചിരിക്കുന്നു. പക്ഷേ യഹോവ എന്റെ സങ്കടം നോക്കി ഇന്നത്തെ അവന്റെ ശാപത്തിനു പകരം എനിക്ക് അനുഗ്രഹം നൽകും” (2 ശമു. 16:10, 11,12)

തങ്ങൾക്കു നേരിടേണ്ടി വന്ന സംഭവങ്ങളോട് നന്മയുടെ പക്ഷത്തുനിന്നു പ്രതികരിക്കുവാൻ യോസേഫിനും ദാവീദിനും ഇടയായത്, പ്രകോപനപരമായി പെരുമാറിയ വ്യക്തികൾക്കപ്പുറം ആ സംഭവങ്ങളിൽ ദൈവത്തിന്റെ കരങ്ങളെ അവർക്കു കാണുവാൻ കഴിഞ്ഞതുകൊണ്ടാണ്. അതുകൊണ്ടുതന്നെ തങ്ങളോടു മോശമായി പെരുമാറിയവരോട് അതേ നാണയത്തിൽ പ്രതികരിക്കാതെ അവരെ ഇക്കാര്യത്തിൽ ഉത്തരവാദിത്വമില്ലാത്തവരായി, സ്വതന്ത്രരായി, വിട്ടയപ്പാൻ അവർക്കു കഴിഞ്ഞു.

തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുവാനാണ് നാമും വിളിക്കപ്പെട്ടിരിക്കുന്നത്.

◆

# സുപ്രധാന സത്യം

സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ അവിടെ മൂന്ന് അത്ഭുതങ്ങൾ തന്നെ കാത്തിരിക്കുന്നുണ്ടാവുമെന്നു പറഞ്ഞത് ഡി.എൽ മൂഡിയാണ്. "പാപികളിൽ മുമ്പനായിരുന്ന ഞാൻ സ്വർഗ്ഗത്തിൽ എത്തിയതാണ് ഒന്നാമത്തെ അത്ഭുതം. രണ്ടാമത്തെ അത്ഭുതം സ്വർഗ്ഗത്തിൽ കാണുമെന്നു വിചാരിച്ചിരുന്ന പലരേയും അവിടെ കാണുകയില്ല എന്നതാണ്. അവിടെ കാണുകയില്ലെന്നു വിചാരിച്ചിരുന്ന ചിലരെ അവിടെ കാണുമെന്നതാണു മൂന്നാമത്തെ അത്ഭുതം"

ഉവ്വ്, സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ പല കാര്യങ്ങളിലും നമുക്കു ഞെട്ടൽ ഉണ്ടാകും. ആളുകളെ സംബന്ധിച്ചു മാത്രമല്ല പല സുവിശേഷസത്യങ്ങളെക്കുറിച്ചും ഇതു ശരിയാണ്. നാം ഇന്ന് ഏറ്റവും പ്രധാനമെന്ന് കരുതുന്ന പല സത്യങ്ങളും ഉപദേശങ്ങളും പഠിപ്പിക്കലുകളും അവിടെ അപ്രധാനമായിരിക്കും. അതേസമയം ഇന്ന് അപ്രധാനമെന്നു കരുതുന്ന ചില സത്യങ്ങൾ അവിടെ സുപ്രധാനമാണെന്നു നാം ഞെട്ടലോടെ തിരിച്ചറിയും.

ഉദാഹരണത്തിന് താഴ്മയെക്കുറിച്ചു ചിന്തിക്കുക. ക്രിസ്തീയ ജീവിതത്തിന് ഏറ്റവും അനുപേക്ഷണീയമാണ് ഈ സത്യത്തോടുള്ള പ്രതിബദ്ധതയെന്ന് കരുതുന്നവർ ഇന്ന് എത്രയോ ചുരുക്കമാണ്! സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് താഴ്ന്ന ക്ലാസ്സുകളിൽ സാഹിത്യസമാജത്തിന് 'ഗുരുഭക്തി', 'ഈശ്വരവിശ്വാസം' എന്നിവയ്ക്കൊപ്പം ഒരു പ്രസംഗവിഷയത്തിനു കൊള്ളാം എന്നതിന് അപ്പുറത്ത് 'താഴ്മ'യ്ക്ക് നിത്യജീവിതത്തിൽ ഇന്ന് എന്തെങ്കിലും പ്രസക്തിയുണ്ടെന്നു ചിന്തിക്കുന്നവർ തന്നെ വിരളം. ക്രിസ്തീയലോകത്തും ഈ സത്യത്തോടുള്ള മനോഭാവം ഏറെക്കുറെ ഇതുതന്നെ. അല്ലെങ്കിൽ ഓർത്തുനോക്കൂ. ഏതെങ്കിലും സുവിശേഷവിഹിത സഭ,'ഞങ്ങൾ വിശ്വസിക്കുന്ന നൂറ്റൊന്ന് സത്യങ്ങൾ' എന്ന നിലയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉപദേശ പട്ടികയിൽ നിങ്ങൾ'താഴ്മ' കണ്ടിട്ടുണ്ടോ? അവിടെ സ്ഥാനം പിടിച്ചിട്ടുള്ള അന്യഭാഷാഭാഷണം, സഹസ്രാബ്ദവാഴ്ച, മഹോപദ്രവം തുടങ്ങിയ നെടുങ്കൻ ഉപദേശവിഷയങ്ങളുടെ ഏഴയലത്തുപോലും വരാൻ യോഗ്യതയില്ലാത്ത പാവം 'താഴ്മ' എവിടെയോ അഗണ്യകോടിയിൽ തള്ളപ്പെട്ടിരിക്കുകയാണ്!

വാസ്തവത്തിൽ ബൈബിളിലെ ഏറ്റവും കാതലായ സത്യം താഴ്മയാണ്. മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയും അധിഷ്ഠിതമായിരിക്കുന്നതു താഴ്മയിലാണ്. ഈ ലോകത്തിൽ വിശ്വാസി നടക്കേണ്ടതും താഴ്മയുടെ പാതയിൽത്തന്നെ. എന്തുകൊണ്ടാണ് ദൈവപ്രവൃത്തി





യിൽ താഴ്മ ഇത്രത്തോളം പ്രധാനപ്പെട്ടതായിരിക്കുന്നത്? നിഗളവും മത്സരവുമാണ് ഏറ്റവും വലിയ പാപം എന്നുള്ളതുകൊണ്ടുതന്നെ.

മനുഷ്യന്റെ സൃഷ്ടിക്കും മുൻപേ പാപം ഉളവായത് നിഗളത്തിലൂടെയാണ്. "ഞാൻ സ്വർഗ്ഗത്തിൽ കയറും. എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്കും മീതെ കയറും. ഞാൻ അത്യുന്നതനോടു സമനാകും." എന്നിങ്ങനെ 'ഞാൻ ഞാൻ' എന്നു പറഞ്ഞ് അഹങ്കരിച്ചപ്പോൾ ലൂസിഫെർ പിശാചായി മാറി. ലോകത്തിൽ പാപം പ്രവേശിച്ചു.

ഈ പാപത്തിൽ നിന്നു ലോകത്തെ വീണ്ടെടുക്കാൻ ദൈവം ശ്രമിച്ചപ്പോൾ നിഗളത്തിനു നേരേ എതിരായ താഴ്മയുടെ വഴി മാത്രമേ അവിടുത്തെ മുൻപിലുണ്ടായിരുന്നുള്ളു. അതുകൊണ്ട് 'അവിടുന്നു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു. മനുഷ്യസാദൃശ്യത്തിലായി. തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ അനുസരണയുള്ളവനായിത്തീർന്നു.'

'ഉയരത്തിലേക്ക് കൂടുതൽ ഉയരത്തിലേക്ക്' എന്നതാണു പാപത്തിന്റെ വഴി എങ്കിൽ 'താഴ്ചയിലേക്ക് കൂടുതൽ താഴ്ചയിലേക്ക്' എന്നതാണു രക്ഷയുടെ പാത. 'ഞാൻ... എനിക്ക്' എന്നതാണു പാപത്തിന്റെ മുദ്രാവാക്യം എങ്കിൽ 'ഞാനല്ല...' എന്ന സ്വയനിഷേധത്തിന്റെ മന്ത്രണമാണ് രക്ഷയുടേത്. നേടിയെടുക്കാനും വിട്ടുകൊടുക്കാതിരിക്കാനുമുള്ള ചുരുട്ടിയ മുഷ്ടിയാണ് പാപത്തിന്റെ ചിഹ്നമെങ്കിൽ വേണ്ടന്നു വയ്ക്കുവാനും വിട്ടുകളയുവാനുമുള്ള മനോഭാവത്തോടെ കുരിശിൽ ആണിക്കായി വിരിച്ചുകൊടുത്ത തുറന്ന കൈപ്പത്തികളാണ് രക്ഷയുടെ പ്രതീകം. അതേ, താഴ്മയുടെ വഴിയിലാണ് ദൈവം നമുക്ക് രക്ഷ ഒരുക്കിവച്ചിട്ടുള്ളത്.

ഇന്ന് ഈ ലോകത്തിൽ വിശ്വാസി നടക്കേണ്ടതും താഴ്മയുടെ വഴിയിലൂടെത്തന്നെയാണ്. ഈ ലോകത്തെ ഭരിക്കുന്ന തത്ത്വശാസ്ത്രം എപ്പോഴും 'കൂടുതൽ ഉയരം കൂടുതൽ നേട്ടം' എന്നതാണ്. 'എങ്ങനെയും എനിക്കു വിജയിക്കണം. മുൻപിലെത്തണം' എന്ന മത്സരത്തിന്റെ ചിന്താഗതിയാണ് ലോകത്തിൽ എവിടെയും കാണുവാൻ കഴിയുന്നത്. ക്രിസ്തീയലോകത്തും സത്യത്തിൽ ഇന്ന് ഇതേ ചിന്താഗതിക്കു തന്നെയല്ലേ മുൻകൈ കിട്ടിയിരിക്കുന്നത്? 'വിജയം, നേട്ടം, എണ്ണം, ശുശ്രൂഷ, സമൃദ്ധി' അതാണിന്ന് നിർഭാഗ്യവശാൽ ക്രിസ്തീയലോകത്തും മുഴങ്ങിക്കേൾക്കുന്ന മുദ്രാവാക്യം. എന്നാൽ ക്രിസ്തു കാണിച്ചു തന്ന ക്രൂശിന്റെ വഴി ഇതാണോ? സ്വന്തന്യായം എടുത്തുകളഞ്ഞപ്പോഴും രോമം കത്രിക്കുന്നവരുടെ

മുൻപാകെ മിണ്ടാതിരുന്ന കുഞ്ഞാടിനെപ്പോലെ നിൽക്കുകയല്ലേ അവിടുന്നു ചെയ്തത്? അവകാശത്തിനുവേണ്ടി പോരാടാതെ നീതിയായി വിധിക്കുന്നവ ങ്കൽ തന്നെത്താൻ ഭരമേല്പിക്കുകയല്ലേ അവിടുന്നു ചെയ്തത്? സ്വയം ന്യായീകരിക്കാതെ മൗനംകൊണ്ടു സ്വയംനിഷേധിച്ച് താഴ്മയുടെ വഴിയിൽ ഉറച്ചു നില്ക്കുകയല്ലേ അവിടുന്നു ചെയ്തത്? ഈ ലോകത്ത് ഇന്ന് യഥാർത്ഥക്രിസ്തുശിഷ്യനും ഈ വഴിയിലാണ് അവിടുത്തെ കാൽച്ചുവടു പിൻപറ്റേണ്ടത്. സ്വയനിഷേധത്തിന്റെ, ക്രൂശിന്റെ, താഴ്മയുടെ വഴിയാണ് ഈ ലോകത്തു ജീവിക്കുവാനായി ഗുരു അവനു തുറന്നുകൊടുത്തിട്ടുള്ള ത്. ഈ ലോകവും ഇന്നത്തെ ക്രിസ്തീയഗോളവും പോകുന്നതിനു നേരേ എതിരേ താഴ്മയുടെ വഴിയിൽ ഇന്നു ഗുരുവിനെ അനുഗമിക്കുന്നവൻ തനിക്കു തെറ്റുപറ്റിയിട്ടില്ലെന്ന് അന്ന് നിത്യതയിൽ ആഹ്ളാദത്തോടെ കണ്ടെ ത്തും.

താഴ്മയെക്കുറിച്ചുള്ള ഈ സത്യം ദൈവം ഇന്നു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കാണു വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവരാജ്യത്തെ ശിശു എന്നപോലെ അന്വേഷിക്കുന്നവർ അത് കണ്ടെത്തും.

നാഥാ, നിനക്ക് ഇങ്ങനെയല്ലോ പ്രസാദമായത്!

◆



# ശുശ്രൂഷയെക്കുറിച്ച് ഒരു വ്യത്യസ്തസന്ദേശം

**അ**ഞ്ച് അപ്പവും രണ്ടു മീനും. അതു വാഴ്ത്തി നുറുക്കി കൊടുത്ത പ്പോൾ അയ്യായിരം പേർ തൃപ്തരായി. ഏഴപ്പവും കുറെ ചെറുമീനും. അത് നുറുക്കികൊടുത്തപ്പോൾ നാലായിരം പേർക്കു തൃപ്തി വന്നു. യേശു ചെയ്ത സമാനസ്വഭാവമുള്ള രണ്ട് അത്ഭുതപ്രവൃത്തികൾ. രണ്ടു രംഗങ്ങ ളിലും യേശുവിന്റെ പ്രവർത്തനവിധം ഒരുപോലെയാണ്-അപ്പം വാഴ്ത്തി നുറുക്കി ശിഷ്യന്മാരെ ഏല്പിച്ചു; പുരുഷാരം തൃപ്തരായി (മത്തായി. 14:19;20;15:36).

ജനത്തിനു തൃപ്തി വരണം. അവർ അനുഗ്രഹിക്കപ്പെടണം അതി നായി ദൈവം എന്നെ കരങ്ങളിലെടുത്ത് ഉപയോഗിക്കണം- ഈ വാഞ്ഛ യാണ് ഇന്നു ക്രിസ്തീയ ശുശ്രൂഷകർക്കെല്ലാം ഉള്ളത്. പക്ഷേ അനുഗ്രഹി ക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്നതിനു മുമ്പ് എപ്പോഴും യേശു ചെയ്ത ഒരു കാര്യമുണ്ട്. അവിടുന്ന് അതിനെ നുറുക്കി. നുറുങ്ങാത്ത ഒന്നിനെ ഒരു അനു ഗ്രഹമാക്കിത്തീർക്കുവാൻ യേശുവിനു കഴിയുകയില്ല.

ക്രിസ്തീയശുശ്രൂഷയ്ക്കായി ഇന്നു ചാടിപ്പുറപ്പെടുന്നവരിൽ ബഹു ഭൂരിപക്ഷത്തിന്റേയും കണ്ണുകൾക്കു മറഞ്ഞിരിക്കുന്ന മഹത്തായ ഒരു ദൈവികസത്യമാണിത്-നുറുക്കത്തിനുശേഷം മാത്രം അനുഗ്രഹം.

ഉവ്വ്, ദൈവത്തിന്റെ പ്രവർത്തനവിധം ഈ ലോകത്തിന്റെ രീതികൾക്ക് നേരേ എതിരാണ്. ഉടഞ്ഞത്, തകർന്നത്, നുറുങ്ങിയത് ഒന്നും ഉപയോഗ യോഗ്യമല്ല എന്നാണ് ലോകത്തിന്റെ കാഴ്ചപ്പാട്. ബലവും ശക്തിയും ഉള്ള ത്, തകർന്നും നുറുങ്ങിയും പോകാത്തത് – അതാണ് ലോകത്തിനു വേണ്ട ത്. എന്നാൽ സ്വന്ത ബലവും സ്വയ ശക്തിയും തകർന്ന് സ്വയജീവൻ നുറുങ്ങി നിസ്സഹായതയുടെ അടിത്തട്ടിലെത്തിയവരെയാണു കർത്താവിന് ആവശ്യമുള്ളത്. സ്വന്തബലവുമായി തന്നെ ശുശ്രൂഷിപ്പാൻ ഇറങ്ങുന്നവരെ, അവർ സത്യസന്ധരാണെങ്കിൽ, ദൈവം ഒരു നുറുക്കത്തിലൂടെ കടത്തിവി ടും. അവരുടെ സ്വയബലത്തിന്റെ അവസാനകണികയും തകർന്നു കഴിയു മ്പോൾ മാത്രം അവിടുന്ന് അവരെ അനുഗ്രഹമാക്കി മാറ്റും.

ദൈവം ഉപയോഗിച്ച എല്ലാ മനുഷ്യരുടേയും അനുഭവം ഇതാണ്. യിസ്രായേൽ ജനതയെ അടിമത്തത്തിൽ നിന്നു വിടുവിച്ച ചരിത്രത്തിലെ വലിയ വിമോചകനായ മോശെയുടെ കഥ എന്താണ്? ആ കാലത്തെ ലോക ത്തിലെ ഏറ്റവും വലിയ വൻശക്തി (Super Power) രാഷ്ട്രമായിരുന്നു ഈജിപ്റ്റ്. അവിടെ അധികാരത്തിന്റെ ഇടനാഴികളിൽ 'സകലജ്ഞാനവും

അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്ന്' അടുത്ത ഫറവോനാകാൻ തയ്യാറെടുക്കുകയായിരുന്നു മോശെ. അപ്പോഴാണ് സ്വന്ത ജനത്തിന്റെ വിമോചനമാണ് തന്റെ ദൗത്യം എന്നു തിരിച്ചറിഞ്ഞ് അതിനായി ഇറങ്ങിപ്പുറപ്പെട്ടത്. പക്ഷേ സ്വന്തശക്തിയിൽ ഊന്നിയുള്ള ആ പ്രവർത്തനത്തിന് ദൈവം അപ്പോൾ അവനെ അനുവദിച്ചില്ല. തുടക്കത്തിൽത്തന്നെ തിരിച്ചടികൾ നേരിട്ടു. ജീവരക്ഷാർത്ഥം മിദ്യാനിലേക്കു പലായനം ചെയ്യേണ്ടിവന്നു. അവിടെ നാല്പതുവർഷം അമ്മായിയപ്പന്റെ ആടുകളുടെ കാവല്ക്കാരനായും, കുടുംബനാഥനായും രണ്ട് കുഞ്ഞുങ്ങളുടെ പിതാവായും നാളുകൾ തള്ളി വിട്ടപ്പോൾ എന്തെല്ലാം തിക്താനുഭവങ്ങളാണ് അവൻ നേരിട്ടിരിക്കുക? നാല്പതുവർഷം പകലും രാവും നുറുക്കത്തിന്റെ ഏതെല്ലാം തലങ്ങളിലൂടെ അവൻ കടന്നുപോയിരിക്കണം? ഏതായാലും ആ വർഷങ്ങൾ അവനിൽ പൂർണമായ ഒരു പ്രവൃത്തി ചെയ്തു. അതുകൊണ്ടാണ് ഒരിക്കൽ താൻ സ്വപ്നം കണ്ടിരുന്ന അതേ വിമോചകദൗത്യം നിർവഹിക്കാനായി നാല്പതു വർഷത്തിനു ശേഷം ദൈവം മുൾപ്പടർപ്പിൽ പ്രത്യക്ഷനായി വിളിക്കുമ്പോൾ മോശെ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നത്. സ്വയബലത്തിന്റെ നെല്ലിപ്പലക കണ്ട മോശെ "യിസ്രായേൽ മക്കളെ പുറപ്പെടുവിപ്പാൻ ഞാൻ എന്തു മാത്രമുള്ളു?.... ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല.... നിനക്കു ബോധിച്ച മറ്റാരെയെങ്കിലും അയയ്ക്കണമേ" എന്നെല്ലാം അവിടെ പറയുന്നത് കേവലം ഭംഗിവാക്കല്ല. അവൻ തീർത്തും നുറുങ്ങി സ്വന്തബലം നഷ്ടപ്പെട്ടവനായിക്കഴിഞ്ഞിരുന്നു... അതേ, സ്വന്ത ശക്തിയിൽ വിശ്വാസം ഇല്ലാത്തവരെയാണ് ദൈവം ഉപയോഗിക്കുന്നത്.

ദൈവപ്രവൃത്തിയിൽ നുറുക്കത്തിന്റെ പ്രസക്തിയെക്കുറിച്ച് ഈ മട്ടിൽ സ്വന്തസാക്ഷ്യം പറയാൻ കഴിയുന്നവരാണ് പഴയനിയമ ഭക്തന്മാരായ യാക്കോബും ഇയ്യോബും ദാവീദും എല്ലാം. പുതിയനിയമത്തിലേക്കു വരുമ്പോൾ പത്രോസിനായാലും പൗലോസിനായാലും ഇതേ അനുഭവമാണ് പങ്കുവയ്ക്കാനുള്ളത്. "ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്. അതുകൊണ്ട് ഞാൻ എന്റെ ബലഹീനതയിൽ പ്രശംസിക്കും" എന്നെഴുതിയപ്പോൾ പൗലൊസ് ഈ സത്യത്തിന് അടിവരയിടുകയായിരുന്നു.

യേശുവിന്റെ ഭൂമിയിലെ ജീവിതവും ഈ ദൈവികപ്രമാണത്തിന് അപവാദം ആയിരുന്നില്ല. 'നന്മചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട്' സഞ്ചരിച്ച മൂന്നരവർഷത്തെ അനുഗൃഹീതമായ പരസ്യജീവിതത്തിനു പിന്നിൽ ഒരു ഗൃഹാന്തരീക്ഷത്തിന്റെ പിരിമുറുക്കത്തിലും പരിമിതമായ ജീവിതസാഹചര്യങ്ങളുടെ സമ്മർദ്ദത്തിലും നുറുക്കപ്പെട്ട മുപ്പതുവർഷത്തെ രഹസ്യജീവിതം ഉണ്ടായിരുന്നു. 'അവനെ തകർത്തു കളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി.' പുത്രനെപ്പോലും





തകർത്തുകളയുവാൻ തയ്യാറായ പിതാവ് നിങ്ങളെ നുറുക്കുകയില്ലെന്നാണോ കരുതുന്നത്? ഇക്കാര്യത്തിൽ സ്വന്തപുത്രനെപ്പോലും പിതാവ് ആദരിക്കാതിരുന്നെങ്കിൽ നുറുക്കത്തെ ഒഴിവാക്കി ഒരു കുറുക്കുവഴിയിലൂടെ അവിടുന്നു നിങ്ങളെ അനുഗ്രഹകരമായ ഒരു ശുശ്രൂഷയിലേക്കു നടത്തുകയില്ലെന്നതു വ്യക്തമല്ലേ?

സ്വന്തബലത്തിലും സ്വാഭാവിക കഴിവുകളിലും ഊന്നി ക്രിസ്തീയ ശുശ്രൂഷകൾക്ക് ഇറങ്ങിപ്പുറപ്പെടുന്നവർ വേദികൾ കയ്യടക്കുന്നത് ഇന്ന് ഒരു സാധാരണ കാഴ്ചയാണ്. എന്നാൽ ബലം തനിക്കുള്ളതാണെന്നാണ് ദൈവം അരുളിച്ചെയ്യുന്നത് (സങ്കീ. 62:11). ദൈവം അരുളിച്ചെയ്ത ഇക്കാര്യം താൻ 'രണ്ടു പ്രാവശ്യം കേട്ടിരിക്കുന്നു' എന്നു ദാവീദു പറയുന്നു. ബലം നിങ്ങളുടേതല്ല പൂർണ്ണമായും ദൈവത്തിന്റേതാണെന്ന് നിങ്ങൾ ഒരുപക്ഷേ നേരത്തേ കേട്ടിട്ടുണ്ടാകും. എന്നാൽ അത് നിങ്ങളോടുള്ള വ്യക്തിപരമായ ഒരു പ്രത്യേക സന്ദേശമായി ഇന്നു വീണ്ടും കേട്ടിരുന്നെങ്കിൽ... 'ശുശ്രൂഷ' എന്ന വാക്കിന്റെ ശരിയായ അർത്ഥം 'കേൾക്കാനുള്ള ഇച്ഛ' എന്നാണ് ('ശ്രോതും ഇച്ഛ, ശുശ്രൂഷ,' എന്നു സംസ്കൃത വൈയാകരണന്മാർ). ശുശ്രൂഷയെക്കുറിച്ചുള്ള ഈ സന്ദേശം നിങ്ങൾ ഇന്നു വ്യത്യസ്തമായ നിലയിൽ രണ്ടാമത് ഒരുപ്രാവശ്യം കൂടി കേൾക്കുമോ? ഇല്ലെങ്കിൽ 'ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു?' എന്ന യെശയ്യാപ്രവാചകന്റെ വിലാപം ഇന്നും പ്രസക്തമാണെന്നു പറയേണ്ടിവരും.

◆

# ആരാധനയും സ്തുതിയും

ക്രിസ്തീയ ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ മുഴങ്ങിക്കേൾക്കുന്ന വാക്ക് ഏതാണ്? സംശയമില്ല 'ആരാധന' തന്നെ. ഏറ്റവും കൂടുതൽ അർത്ഥ ശോഷണം സംഭവിച്ചിരിക്കുന്ന വാക്കോ? അതും മറ്റൊന്നല്ല. ഇന്ന് 'എവിടെ ത്തിരിഞ്ഞങ്ങുനോക്കിയാലും' അവിടെയെല്ലാം 'ആരാധന'യാണ്. വ്യത്യസ്ത ക്രിസ്തീയ ആരാധനകൾ, ആരാധനാ ഗാനങ്ങൾ, അവയുടെ ഓഡിയോ കസെറ്റുകൾ, ആരാധനയുടെ ദൃശ്യം പകർത്തിയ വീഡിയോ കസെറ്റുകൾ, ആരാധനായോഗങ്ങളുടെ വാർത്തകൾ, പരസ്യങ്ങൾ, 'പ്രെയ്സ് ആന്റ് വർഷിപ്പി'നെക്കുറിച്ചുള്ള അനൗൺസ്മെന്റുകൾ..... പക്ഷേ ആരാധനയുടെ ഈ കോലാഹലത്തിനിടയിൽ എവിടെയോ യഥാർത്ഥ ആരാധന കൈമോശം വന്നുപോയതുപോലെ...

ക്രൈസ്തവ ദേവാലയങ്ങളിലെ ശുശ്രൂഷാക്രമങ്ങളുടെ അച്ചടി ഭാഷ കളിലും പരമ്പരാഗത ആരാധനാരീതികളുടെ ചട്ടവട്ടങ്ങളിലും ദൈവസാ ന്നിധ്യബോധം അനുഭവിക്കാൻ കഴിയാതിരുന്ന പാവപ്പെട്ടവരും നിഷ്കളങ്ക രുമായ സാധാരണക്കാരാണ് ചില വർഷങ്ങൾക്ക് മുമ്പ് ആരാധനകൾക്കു വേണ്ടി വീടുകളിൽ കൂടിവന്നിരുന്നത്. സമൂഹത്തിന്റെ കണ്ണിൽ ഈ കൂട്ടാ യ്മകൾക്ക് മാന്യത ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നു കാലം മാറി. ആരാ ധന ഇന്ന് അത്ര മോശമായ ഒരു കാര്യമല്ല. അതിന് ഇന്ന് ഒരു അംഗീകാരം കൈവന്നിരിക്കുന്നു. 'പ്രയ്സ് ദ ലോർഡിനും', 'ഹല്ലേലുയ്യാ'യ്ക്കും ഒരു കാലത്തുണ്ടായിരുന്ന താണനില ഇന്നില്ല! കരങ്ങളുയർത്തി സ്തോത്രം പറ യുന്നതിലും കൈകൊട്ടിപാടുന്നതിലും ഇന്നു നാണക്കേടില്ല!

നഗരങ്ങളിൽ വലിയ ബിസ്സിനസ്സുകളും കച്ചവടസ്ഥാപനങ്ങളും നട ത്തുന്നവർ പണ്ടൊക്കെ പകലത്തെ ജോലിതീർത്തശേഷം സായാഹ്നങ്ങൾ ബാറുകളിലാണ് ചെലവഴിച്ചിരുന്നതെങ്കിൽ ഇന്ന് അവർ സകുടുംബം കാറു കളിൽ ചെന്നിറങ്ങുന്നത് ഒരു ആരാധനാ സ്ഥലത്തായിരിക്കും. അത്രയും നന്ന്. പക്ഷേ ഇവിടെ ന്യായമായ ഒരു സംശയം ഉയരുന്നു. ഈ ആരാധന അവരുടെ ജീവിതരീതിയെ, ജീവിതത്തോടുള്ള മനോഭാവത്തെ, ആഴത്തിൽ സ്വാധീനിച്ചിട്ടില്ലെങ്കിൽ ഇതും വാസ്തവത്തിൽ യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒരു ഒളിച്ചോട്ടം (escapism) തന്നെയല്ലേ? ഒരു കാലത്ത് അവർ പകൽ മുഴു വൻ പണം കുന്നുകൂട്ടാനും നികുതിവെട്ടിക്കാനും സർക്കാരിനെ കബളിപ്പി ക്കാനും ചെലവഴിച്ചു. അതിനുശേഷം വൈകുന്നേരങ്ങൾ മദ്യഷാപ്പുകളിൽ ചെലവിട്ടു. ഇന്നും പകൽ മുഴുവൻ പഴയ അതേ രീതി തുടരുന്നു. പണ ത്തോടുള്ള മനോഭാവത്തിലും മാറ്റമൊന്നുമില്ല. പക്ഷേ വൈകുന്നേരങ്ങൾ ചെലവഴിക്കുന്നത് ആരാധനായോഗങ്ങളിലാണെന്നു മാത്രം. ഇതാണ്





യഥാർത്ഥത്തിൽ നിങ്ങൾക്ക് സംഭവിച്ചിരിക്കുന്നതെങ്കിൽ ' എന്റെ ഭർത്താവു കുടിനിർത്തി. ഇപ്പോൾ ആരാധനയ്ക്കൊക്കെ പോകുന്നുണ്ട്' എന്നൊരു സംതൃപ്തി ഭാര്യയ്ക്കു നൽകി എന്നല്ലാതെ ദൈവമുൻപാകെ ഈ ആരാ ധന വിലപ്പോകുമോ? സുഹൃത്തേ, നിങ്ങളുടെ ആരാധന നിങ്ങളുടെ ജീവി തത്തെ അടിമുടി മാറ്റിമറിച്ചിട്ടില്ലെങ്കിൽ, ഹൃദയത്തെ സ്പർശിച്ചിട്ടില്ലെങ്കിൽ, മനോഭാവങ്ങളെ നവീകരിച്ചിട്ടില്ലെങ്കിൽ, ഒരു അപ്രിയസത്യം ഞാൻ നിങ്ങ ളോടു പറയട്ടെ – നിങ്ങളുടെ ആരാധന യാഥാർത്ഥ്യത്തിൽ നിന്നുള്ള മറ്റൊ രുതരം ഒളിച്ചോട്ടമാണ്. ഈ തൊലിപ്പുറമേയുള്ള ആരാധനകൊണ്ട് ഹൃദ യങ്ങളേയും മനോഭാവങ്ങളേയും തൂക്കിനോക്കുന്ന ദൈവത്തെ കബളിപ്പി ക്കുവാൻ കഴിയുകയില്ല.

യഥാർത്ഥ ആരാധന, ജീവിതത്തിൽ നിന്നുവേറിട്ടു നില്ക്കുന്ന ഒന്ന ല്ല. അത് ജീവിതത്തിന്റെ ഭാഗമാണ്. അല്ലെങ്കിൽ ജീവിതം തന്നെയാണ്. ദൈവമുൻപാകെയുള്ള ജീവിതമാണ് യഥാർത്ഥപ്രാർത്ഥന എന്നു പറയാ റുണ്ട്. ആരാധനയും അതുതന്നെ. "എന്നിലുള്ള എന്തെങ്കിലും ദൈവത്തിന് അപ്രീതികരമാണെന്നുണ്ടെങ്കിൽ എന്റെ ആരാധന പൂർണ്ണമായും ദൈവ ത്തിന് പ്രസാദകരമായിരിക്കുകയില്ല" എന്നു പറഞ്ഞത് എ.ഡബ്ലിയൂ. ടോസ റാണ്. ആരാധകനെ മാറ്റിനിർത്തിക്കൊണ്ട് ആരാധനയ്ക്കു മാത്രമായി ഒരു നിലനിൽപ്പോ മൂല്യമോ ഇല്ലെന്നു സാരം. "അതുകൊണ്ട് എന്റെ സഹോദ രരേ, ദൈവത്തിന്റെ മനസ്സലിവ് മുൻനിർത്തി ഞാൻ നിങ്ങളോട് അഭ്യർത്ഥി ക്കുന്നു: നിങ്ങളുടെ ആത്മീയ ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ വിശു ദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ജീവനുള്ള ബലിയായി സമർപ്പിക്കു ക. ഈ ലോകത്തിന് അനുരൂപരാകാതെ, നിങ്ങളുടെ മനസ്സിനെ നവീക രിച്ചു രൂപാന്തരപ്പെട്ട്, ദൈവഹിതം എന്തെന്ന്, നന്മയായതും സ്വീകാര്യമാ യതും പൂർണമായതും എന്തെന്ന്, തിരിച്ചറിയുക" (റോമ 12;1,2) എന്ന പൗലോസിന്റെ ഉദ്ബോധനത്തിന്റെ പൊരുളും മറ്റൊന്നല്ല.

ഈ ഉദ്ബോധനം ഹൃദയത്തിൽ ഏറ്റെടുത്താൽ നമ്മുടെ ഭൗതിക ജീവിതവും ആത്മീയജീവിതവും പിന്നെ രണ്ടായിരിക്കുകയില്ല. ആരാധനാ വേളയും ആരാധിക്കാത്ത നേരവും എന്നു സമയത്തെ രണ്ടായിതിരിക്കു വാൻ കഴിയുകയില്ല. താൻ 'അടുക്കളയിൽ പാത്രം കഴുകുമ്പോഴും ദൈവാ ലയത്തിൽ ആരാധനയിൽ പങ്കെടുക്കുമ്പോഴും ഒരേപോലെ ദൈവസാന്നിധ്യം അനുഭവിച്ചിരുന്നു' എന്നു സാക്ഷ്യം പറഞ്ഞ വിശുദ്ധനാണ് ലൊറെയ്നിലെ നിക്കോളാസ് ഹെർമ്മൻ അഥവാ ബ്രദർ ലോറൻസ്. മരണത്തിന്റെ അവ സാനമണിക്കൂറിൽ ഒരാൾ അദ്ദേഹത്തോട് 'മരണം മെല്ലെ സമീപിക്കുന്ന ഈ സമയത്ത് മനസ്സിലൂടെ കടന്നുപോകുന്ന ചിന്തകളെന്താണ്?' എന്നു ചോദിച്ചു. ബ്രദർ ലോറൻസിന്റെ മറുപടി: "നിത്യത മുഴുവൻ ഞാൻ എന്താണോ ചെയ്യാൻപോകുന്നത് അതുതന്നെയാണ് ഞാനിപ്പോൾ ചെയ്യു

ന്നത് – ദൈവത്തെ സ്തുതിക്കുക; എന്റെ മുഴുഹൃദയത്തിലെ സ്നേഹ ത്തോടെയും തന്നെ ആരാധിക്കുക. സ്വർഗ്ഗത്തിൽ ഇതായിരിക്കും നമ്മുടെ ഒരേയൊരു ജോലി-മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാതെ തന്നെ മാത്രം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുക."

എപ്പോഴും ആരാധന നടക്കുന്ന സ്ഥലമാണ് സ്വർഗ്ഗം. അവിടെ വില യില്ലാത്തതൊന്നും ഇവിടെ ഭൂമിയിലും ബ്രദർ ലോറൻസിന് വിലയുള്ളതാ യിരുന്നില്ല. നിത്യതയുടെ വെളിച്ചത്തിൽ ഈ ലോകത്തിൽ ജീവിച്ചിരുന്ന അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ ആരാധനാനിർഭരമായ ജീവിതത്തിന്റെ തുടർച്ച മാത്രമാണ് നിത്യതയിലെ ജീവിതവും.

ഈ മട്ടിൽ ഇന്ന് ഭൂമിയിൽ ആരാധകരായിരിപ്പാൻ നമുക്കു കഴിയുമോ? സമർപ്പിതമായ, ക്രൂശിതമായ ഒരു ജീവിതത്തിൽനിന്നുയരുന്നതാണ് ആരാ ധന. ഈ ആരാധനയുടെ മനോഭാവത്തിൽ നിന്ന് ഉത്ഭവിക്കുന്നതു മാത്ര മാണ് യഥാർത്ഥമായ സ്തുതിയും സ്തോത്രവും. തങ്ങളെത്തന്നെ വിശു ദ്ധവും സ്വീകാര്യവുമായ ജീവനുള്ള ബലിയായി അർപ്പിക്കുന്നവർ കൂടിവ രുമ്പോൾ അവർക്ക് തങ്ങളുടെ ആരാധനയുടെ ബഹുർസ്ഫുരണങ്ങളായ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും അർത്ഥ വത്തായി ദൈവത്തെ സ്തുതിപ്പാൻ കഴിയും. വിശുദ്ധരായ അവരുടെ സ്തുതികളിന്മേലാണ് യിസ്രായേലിന്റെ 'പരിശുദ്ധൻ' വസിക്കുന്നത്.

ഈ യഥാർത്ഥ ആരാധനയേയും സ്തുതിയേയും ഈ കാലഘട്ട ത്തിൽ വെള്ളം ചേർത്ത് എത്രയും നേർപ്പിക്കുവാനുള്ള സാത്താന്റെ തന്ത്ര ങ്ങളെ നിങ്ങൾ തിരിച്ചറിയുമോ?



# ശിഷ്യത്വത്തിന്റെ ഒറ്റയടിപ്പാത

"ക്രിസ്തു ഒരുവനെ വിളിക്കുമ്പോൾ കടന്നുവന്നു മരിക്കുവാനായിട്ടാണ് അവനെ വിളിക്കുന്നത്" ഒരു 'ചാരുകസേരക്രിസ്ത്യാനി'യുടെ (Arm Chair Christian) വാക്കുകളല്ല ഇവ. മറിച്ച് യേശുവിന്റെ വിളികേട്ട് തന്നെ അനുഗമി ക്കുവാൻ ഇറങ്ങിത്തിരിച്ച് ശിഷ്യത്വത്തിന്റെ വഴിത്താരയെ സ്വന്ത ജീവരക്തം കൊണ്ടു ചുവപ്പിച്ച ഒരു രക്തസാക്ഷിയുടേതാണ് ഈ പ്രസ്താവന. ഒരു ശരാശരിവിശ്വാസിയെ അമ്പരപ്പിക്കുന്ന ഈ വാക്യം, ഹിറ്റ്ലറുടെ ജർമനി യിൽ ക്രിസ്തുവിനുവേണ്ടി മരിച്ച ഡീറ്റ്റിച്ച് ബോൺ ഹോഫറുടെ തൂലിക യിൽ നിന്ന് ഉതിർന്നതാണ്. ഗ്രന്ഥത്തിന്റെ പേര്: 'ശിഷ്യത്വത്തിന്റെ വില'

സത്യം. ശിഷ്യത്വത്തിന് ഒരു വിലകൊടുക്കേണ്ടതുണ്ട്. അത് സ്വന്തജീ വനിൽ കുറഞ്ഞ ഒന്നല്ല. അല്ലെങ്കിൽ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ഒരുവൻ എന്റെ അടുക്കൽ വരികയും തന്റെ അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും സ്വന്ത ജീവനെത്തന്നെയും വെറുക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കാത്തവനും എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല.... അതുപോലെതന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതെല്ലാം വിട്ടുകള യുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല" (ലൂക്കോ. 14:26, 27, 33).

തന്റെ അടുക്കൽ വരുന്നവരെ യേശു ശിഷ്യത്വത്തിന്റെ ഇടുങ്ങിയ വഴി യിലേക്കാണ് വിളിക്കുന്നത്. ശിഷ്യത്വത്തിന്റെ ഈ വഴി ഒരു ഒറ്റയടി പ്പാത യാണ്. അപ്പനും അമ്മയും ഭാര്യയും മക്കളും സഹോദരന്മാരും സഹോദരി മാരും എല്ലാവരും ഒത്ത് കൂട്ടമായി നടക്കുവാൻ ഈ വഴിക്കു വീതി പോരാ. അതുപോലെ സ്വന്തമായുള്ളതെല്ലാം എടുത്തുകൊണ്ടു നടപ്പാനും ഈ വഴിക്കു വിശാലതയില്ല. തീർന്നില്ല. ഇതിലും ഒരുപടികൂടി കടന്ന് ഈ വഴി ത്താരയിൽ നാം ഒന്നിനെ നിരസിക്കുകയും മറ്റൊന്നിനെ സ്വീകരിക്കുകയും വേണം. നാം നിരസിക്കേണ്ടത് നമ്മുടെ സ്വന്ത ജീവനെയാണ്. നാം സ്വീക രിക്കേണ്ടത് നമ്മുടെ ക്രൂശിനെയും.

സ്വന്തജീവൻ എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് കേവലം നമ്മുടെ ജീവനല്ല. നമ്മെ നാമാക്കുന്ന നമ്മുടെ അഹന്തയെ മുഴുവനുമാണ്. ഈ അഹന്തയെ നിഷേധിക്കുന്നത് ഒരർത്ഥത്തിൽ നമ്മുടെ മരണം തന്നെയാ ണ്. സ്വന്തജീവനെ നേടുവാൻ ആഗ്രഹിക്കുന്നവർ ഈ മരണത്തെ ഒഴിവാ ക്കുവാൻ പരമാവധി ശ്രമിക്കും. ഇവിടെയാണ് ക്രിസ്തുവിന്റെ വിളി പ്രസ ക്തമാകുന്നത് ('ക്രിസ്തു ഒരുവനെ വിളിക്കുമ്പോൾ കടന്നുവന്നു മരിക്കു വാനായിട്ടാണ് അവനെ വിളിക്കുന്നത്' എന്ന ബോൺ ഹോഫറുടെ വാക്കു കൾ ഓർക്കുക) ശിഷ്യത്വത്തിനു കൊടുക്കേണ്ട വിലയും ഇതുതന്നെ.

ശിഷ്യത്വത്തിന്റെ വില കൊടുക്കുവാൻ തയ്യാറില്ലാത്തവർ, സ്വന്തജീവനെ സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ – ഇവർ ശിഷ്യന്മാരല്ല കേവലം

'വിശ്വാസി'കളാണ്. ബൈബിളിൽ പറഞ്ഞിരിക്കുന്നത് എല്ലാം ശരിയാണെന്നു ബുദ്ധിപരമായി സമ്മതിക്കുന്ന 'വിശ്വാസി'കൾ. തനിക്കുള്ളവരെയും സ്വയത്തെയും പകെയ്ക്കുകയും തനിക്കുള്ളതിനെ ഉപേക്ഷിക്കുകയും ചെയ്യുന്ന ശിഷ്യത്വത്തിന്റെ കഠിനപാതയെ അവർക്കു ഭയമാണ്. അതിനു കൊടുക്കേണ്ട വില വളരെ കൂടുതലാണെന്ന് അവർ ചിന്തിക്കുന്നു. ഇത്ര വലിയ വില കൊടുക്കാതെ എളുപ്പവഴിയിലൂടെ നടക്കുന്ന 'വിശ്വാസി'കളായിരിക്കാൻ കഴിയുമല്ലോ എന്നവർ ആശ്വസിക്കുന്നു. യേശുവിനെ അനുഗമിക്കുന്നവർക്ക് വരുവാനുള്ള ലോകത്തിൽ ലഭ്യമാകുന്ന നന്മകളൊന്നും നഷ്ടപ്പെടുത്തുവാൻ അവർ ആഗ്രഹിക്കുന്നില്ല. അതേസമയം ഇന്നത്തെ ലോകത്തിൽ ലഭിക്കുന്ന നേട്ടങ്ങളൊന്നും കൈവിട്ടുകളയുവാനും അവർ തയ്യാറല്ല. 'കക്ഷത്തിലിരിക്കുന്നതു പോകാതെ ഉത്തരത്തിലിരിക്കുന്നത് എടുക്കാൻ' ശ്രമിക്കുന്ന ഇവരോട് സഹതപിക്കുകയല്ലാതെ മറ്റെന്താണു ചെയ്യാനാവുക?

സത്യത്തിൽ അനുരഞ്ജനക്കാരനായ ക്രിസ്ത്യാനിയോളം സഹതാപം അർഹിക്കുന്ന മറ്റൊരു മനുഷ്യജീവിയും ഭൂമുഖത്തുണ്ടെന്നു തോന്നുന്നില്ല. ഒരേസമയം രണ്ടു തോണിയിൽ കാലു ചവിട്ടാനാണ് അവൻ ശ്രമിക്കുന്നത്. ഫലം ലോകമനുഷ്യൻ കൈയാളുന്ന സുഖങ്ങളൊന്നും അവനു പൂർണ്ണമായി അനുഭവിക്കുവാൻ കഴിയുന്നുമില്ല; യഥാർത്ഥ ക്രിസ്തുശിഷ്യർക്കു ലഭ്യമായ സൗഭാഗ്യങ്ങളൊന്നും എത്തിപ്പിടിക്കുവാൻ സാധിക്കുന്നുമില്ല. അനുരഞ്ജനക്കാരനായ ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിന്റെ മനസ്സാക്ഷിക്കുത്തു വേറെയും. ഉഷ്ണവാനോ ശീതവാനോ ആയിരുന്നെങ്കിൽ ഇവനെക്കുറിച്ചു പ്രതീക്ഷയ്ക്കു വകയുണ്ടായിരുന്നു.

അനുരഞ്ജനത്തിന്റെ കറുത്ത ചെളിയിലൂടെ യേശുവിന്റെ ക്രൂശിനെ വലിച്ചിഴച്ചുകൊണ്ടുപോകുന്ന ശീതോഷ്ണവാന്മാരായ വിശ്വാസികളെ ഈ നിലയിൽ എത്തിച്ചതിൽ ഇന്നത്തെ സുവിശേഷീകരണത്തിനും ഒരു വലിയ പങ്കില്ലേ? തീർച്ചയായും ഉണ്ട്.ശിഷ്യത്വത്തിലേക്ക് ആളുകളെ നയിക്കാത്ത ഒരു രക്ഷയെ പ്രഘോഷിച്ചതിന്റെ പരിണത ഫലമാണിത്. ക്രൂശില്ലാത്ത ഒരു ക്രിസ്തീയതയെ വിളംബരം ചെയ്തതിന്റെ അനിവാര്യമായ ദുരന്തം. ഇതുമൂലം ക്രിസ്തീയഗോളത്തിൽ ഇന്ന് യഥാർത്ഥ ശിഷ്യന്മാരുടെ എണ്ണം കുറയുന്നു. അനുരഞ്ജനക്കാരായ വിശ്വാസികളുടെ എണ്ണം പെരുകുന്നു.

പിറക്കുവാൻ പോകുന്ന ഇരുപതാം നൂറ്റാണ്ടിനെനോക്കി നൂറുവർഷങ്ങൾക്കപ്പുറം വില്യം ബൂത്ത് പറഞ്ഞ പ്രസിദ്ധമായ ഒരു വാക്യമുണ്ട്.

"ഇരുപതാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ അപകടം ഇതായിരിക്കും:
പരിശുദ്ധാത്മാവില്ലാതെ മതം.
ക്രിസ്തുവില്ലാതെ ക്രിസ്തീയത.
അനുതാപമില്ലാതെ പാപക്ഷമ.
വീണ്ടും ജനനമില്ലാതെ രക്ഷ.
നരകം ഇല്ലാതെ സ്വർഗ്ഗം."

ഇരുപത്തൊന്നാം നൂറ്റാണ്ടിനെ സംബന്ധിച്ചും ഇത് എത്രയോ ശരി! അല്ലേ? ഇവിടെയാണു ശിഷ്യത്വത്തിലേക്കുള്ള വിളിയുടെ പ്രസക്തി; കടന്നുവന്നു മരിക്കുവാനുള്ള ആഹ്വാനത്തിന്റെയും.

◆



# അനുതാപത്തെ അവഗണിക്കരുത്

**വെ**യിത്സിലെ ഉണർവ്വിന് ദൈവം ഉപയോഗിച്ച ചെറുപ്പക്കാരൻ ഇവാൻ റോബർട്ട്സിന്റെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ചേ നമുക്കറിയുകയുള്ളൂ. പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ നിന്ന് എന്നും അകന്നു നില്ക്കാൻ ആഗ്രഹിച്ച ആ ഖനിത്തൊഴിലാളി ഒരിക്കലും ഒരു അഭിമുഖത്തിന് ഇരുന്നുകൊടുക്കുകയോ സദസ്സിൽ നിന്നു മാറി വേദിയിൽ ഒരു ഇരിപ്പിടം കണ്ടെത്തുകയോ ചെയ്തിട്ടില്ലത്രേ. അറിയപ്പെടാത്ത ഏതോ പശ്ചാത്തലത്തിൽ നിന്നു കടന്നുവന്ന് വെയിത്സിലെ ഉണർവ്വിന്റെ സമയത്ത് പൊടുന്നനെ ശ്രദ്ധാകേന്ദ്രമാവുകയും ഉണർവ്വിനു ശേഷം വീണ്ടും ജനശ്രദ്ധയിൽ നിന്ന് വന്നപോലെ അകന്നുപോകുകയും ചെയ്ത ഒരു ദൈവഭൃത്യൻ. അതുകൊണ്ടുതന്നെ ഇവാൻസിന്റെ ജീവിതത്തിൽ സംഭവിച്ച ഏറെ കാര്യങ്ങളും നമുക്ക് അജ്ഞാതമാണ്. എങ്കിലും ആത്മികസത്യങ്ങളെ തൊട്ടറിഞ്ഞിരുന്ന ദൈവപുരുഷനെന്ന നിലയിൽ അദ്ദേഹത്തോട് യഥാർത്ഥ ക്രിസ്തീയത സംബന്ധിച്ച് ചിലർ ചോദിച്ച ചോദ്യങ്ങളും അതിന് അദ്ദേഹം നൽകിയ മറുപടികളും പലയിടത്തുനിന്നായി നമുക്കു വീണുകിട്ടിയിട്ടുണ്ട്. അത്തരം ഒരു ചോദ്യവും മറുപടിയും ഇങ്ങനെയാണ്:

പ്രതീക്ഷയ്ക്കൊത്ത് തനിക്ക് ഒരു ആത്മിക വളർച്ച ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് ഒരാൾ ഇവാൻ റോബർട്ട്സിനോടു ചോദിച്ചു. ഒരു മറുചോദ്യമായിരുന്നു അദ്ദേഹത്തിന്റെ മറുപടി: ''നിങ്ങൾ നിങ്ങളുടെ തെറ്റുകൾ ഏറ്റവും ഒടുവിൽ ഏറ്റുപറഞ്ഞത് എന്നാണ്?'' ഇവാൻ റോബർട്ട്സ് എന്താണർത്ഥമാക്കിയതെന്ന് ആദ്യം അയാൾക്കു മനസ്സിലായില്ല. ദിവസവും, ഭക്ഷണം കഴിക്കുന്നതുപോലെ, തെറ്റുകൾ ഏറ്റുപറയുകയോ? അതിന്റെ ആവശ്യം എന്താണ്? താൻ ഒരിക്കൽ അനുതപിച്ച് മനംതിരിഞ്ഞിട്ടുള്ളവനാണല്ലോ...പക്ഷേ ക്രമേണ ഇവാൻ റോബർട്ട്സ് എന്താണർത്ഥമാക്കിയതെന്ന് അയാൾക്കു മനസ്സിലായി. തന്റെ തെറ്റുകൾ ഏറ്റുപറയുന്ന ഒരു ക്രിസ്ത്യാനിയാണു വളർച്ചപ്രാപിക്കുന്നത്. ദൈവത്തോടു തെറ്റുചെയ്തിട്ടുണ്ടെങ്കിൽ ദൈവത്തോട് ഏറ്റുപറയണം. മനുഷ്യരോടു തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അവരോട് ക്ഷമയാചിക്കണം. അനുതാപത്തിന്റെ ഒരു ഹൃദയം ഉള്ളവർ. ഹൃദയത്തിൽ എപ്പോഴും ഒരു നിലവിളി സൂക്ഷിക്കുന്നവർ... ആത്മീയ പുരോഗതിയുടെ പാത അവർക്കുള്ളതാണ്.

അനുതാപം, പശ്ചാത്താപം, മാനസാന്തരം – ഇവയൊക്കെ ഇന്നു ക്രിസ്തീയ ഗോളത്തിൽ ഏറെക്കുറെ അന്യംനിന്നുപോയ വാക്കുകളാണ്. 'ഏക ഉത്തരം ക്രിസ്തു' എന്നു വലിച്ചു കെട്ടിയിരിക്കുന്ന ബാനറിനു മുന്നിൽ പ്ലാറ്റ് ഫോമിൽ നിന്നുകൊണ്ട് പൊതുജനത്തോടു പ്രസംഗിക്കുന്ന സുവി

ശേഷകൻ ആവശ്യപ്പെടുന്നത് 'ക്രിസ്തുവിൽ വിശ്വസിക്ക മാത്രം' ചെയ്യുവാനാണ്. ക്രിസ്തുവിന് അനുകൂലമായി കൈ ഉയർത്തുക. അവിടുന്നു രക്ഷകനാണെന്ന സത്യത്തിനു ബുദ്ധിപരമായ ഒരു സമ്മതം രേഖപ്പെടുത്തുക. അവിടുന്ന് എല്ലാറ്റിനും പരിഹാരം വരുത്തും എന്നു വെറുതെ ചിന്തിക്കുക.... അതോടെ പ്രശ്നങ്ങൾക്കെല്ലാം ഉത്തരമായി. പാപത്തിൽ നിന്നു മോചനമായി. ബന്ധനങ്ങളിൽ നിന്നു വിടുതലായി....''ഇനി സമാധാനത്തോടെ പോക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു!''

ഒരു പുതിയ ഉൽപന്നം മാർക്കറ്റിൽ വിറ്റഴിക്കാൻ ശ്രമിക്കുന്ന സെയിൽസ്മാനെപ്പോലെയാണ് ഇവിടെ സുവിശേഷകൻ. ഉൽപന്നം വാങ്ങുമ്പോൾ ഗുണഭോക്താവിനു ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ച് സെയിൽസ്മാൻ വാചാലനാകുന്നു. അതുപോലെ യേശുവിനെ അംഗീകരിക്കുമ്പോൾ ലഭ്യമാകുന്ന പ്രയോജനങ്ങളിലാണ് സുവിശേഷകനും ഊന്നുന്നത്. ഇവിടെ 'ക്രിസ്തു നിങ്ങൾക്കുവേണ്ടി' എന്നതാണു സുവിശേഷകന്റെ നിലപാട്. എന്നാൽ 'നിങ്ങൾ ക്രിസ്തുവിനുവേണ്ടി' എന്നതായിരുന്നു ദൈവത്തിങ്കലേക്കുള്ള മാനസാന്തരം പ്രസംഗിച്ച ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലന്മാരുടെ നിലപാട്.

യേശുക്രിസ്തുവിനുവേണ്ടി തന്നേയും തനിക്കുള്ളതിനെയും പൂർണമായി സമർപ്പിക്കുകയും അവിടുന്നു രക്ഷകനും കർത്താവുമെന്ന് ഏറ്റുചൊല്ലുകയും ചെയ്യുമ്പോഴാണ് ഒരുവൻ താൻ 'ക്രിസ്തുവിനുവേണ്ടി' എന്ന നിലപാടിൽ എത്തിച്ചേരുന്നത്. പാപങ്ങളെക്കുറിച്ചുള്ള ഹൃദയത്തകർച്ചയും നിലവിളിയും ഇതിന്റെ ഭാഗമാണ്. പാപബോധവും ദൈവികദു:ഖവും ഒപ്പം വിശ്വാസവും യഥാർത്ഥമാനസാന്തരത്തിലേക്കു തന്നെ ഒരുവനെ നയിക്കും.

എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിച്ചാലുള്ള 'പ്രയോജനം' കണക്കിലെടുത്ത് ഒരു പുതിയ ഉൽപന്നം വാങ്ങുന്ന ലാഘവത്തോടെ തന്നെ അംഗീകരിക്കുക മാത്രം ചെയ്താൽ ആ നിലപാടിൽ എവിടെയാണു പാപബോധം? അനുതാപം? ഏറ്റുപറച്ചിൽ? നിലവിളി? ചെയ്തുപോയ അതിക്രമങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുമെന്ന നിർണയം? ''കണ്ടാലും സകലവും പുതുതായിരിക്കുന്നു'' എന്ന അനുഭവം?

അനുതാപം എന്തെന്നറിയാത്ത 'മാനസാന്തരങ്ങൾ' അരങ്ങു വാഴുന്ന ഇക്കാലത്ത് മാനസാന്തരത്തിനുശേഷവും ദൈവികമായ ഒരു ദു:ഖം ഹൃദയത്തിൽകൊണ്ടു നടക്കേണ്ടതിനെക്കുറിച്ച് ഇനി എന്താണു പറയുക? യഥാർത്ഥമായി രക്ഷയിലേക്കു വന്നു എന്ന് അവകാശപ്പെടുന്ന പലർക്കും ഇന്ന് അനുതാപം ഒരു ഭൂതകാല അനുഭവം മാത്രമാണ് - പണ്ടെങ്ങോ രക്ഷിക്കപ്പെട്ടപ്പോൾ ഉണ്ടായ കണ്ണു നനഞ്ഞ ഒരനുഭവം. ഒരു ഗദ്ഗദം. ഹൃദയത്തിന്റെ ഒരു വിങ്ങൽ. നെഞ്ചിൽ നിന്നുയർന്ന ഒരു തേങ്ങൽ. ഒറ്റപ്പെട്ട ഒരു കരച്ചിൽ. തീർന്നു. ഇന്നോ? ഇന്നവർ തങ്ങളിൽ തന്നെ ശക്തരായിരിക്കുന്നു. സ്വന്തമായ അഭിപ്രായങ്ങളും പിടിവാശികളും ഉള്ളവർ. പരിശുദ്ധാത്മാവിന്റെ തൂവൽസ്പർശത്തിനു മുമ്പിൽ അവരുടെ ഹൃദയം പിടഞ്ഞുണരുന്നില്ല. പാറയെ തകർക്കുന്ന ചുറ്റികപോലെയുള്ള ദൈവവചനത്തിന്റെ ശക്തമായ ഇടപെടലുകൾക്ക് അവരുടെ അനുതാപം ഇല്ലാത്ത ഹൃദയത്തെ ഉടയ്ക്കുവാൻ കഴിയുന്നില്ല. ഒരു കാലത്തു മെഴുകുപോലെ ഉരുകിയൊലിച്ചിരുന്ന ഹൃദയം ഇന്നു കല്ലുപോലെ തണുത്തുറഞ്ഞുപോയി!

ക്രിസ്തീയ ജീവിതത്തിൽ അനുതാപത്തിനും ദൈവിക ദു:ഖത്തിനും ഉള്ള സ്ഥാനത്തെ യേശുക്രിസ്തുവും അപ്പോസ്തലന്മാരും ഒട്ടും കുറച്ചു കണ്ടിരുന്നില്ല. അതിനവർ ഒരു പരിധി കല്പിച്ചിരുന്നില്ല. ദൈവസഭകളിൽ ആദ്യമായി കടന്നുവരുന്നവർ അനുതാപത്തിന്റെ ഒരാത്മാവിനാൽ പിടിക്കപ്പെടണം എന്ന് അപ്പോസ്തലന്മാർ ആഗ്രഹിച്ചു (1കൊരി. 14:25). തങ്ങളുടെ ലേഖനങ്ങൾ ആളുകളെ ദൈവിക ദു:ഖത്തിലേക്കു നടത്തുന്നതിൽ അവർ ആഹ്ലാദിച്ചു. (2 കൊരി. 7:8). സഭകൾ സന്ദർശിക്കുമ്പോൾ വിശ്വാസികളെ അനുതാപം ഉള്ളവരായി കാണുവാൻ അവർ വാഞ്ഛിച്ചു. (2കൊരി. 12:20,21) സഭാജനങ്ങളിൽ അനുതാപം കണ്ടില്ലെങ്കിൽ ആ വസ്തുത ഇടയന്മാരെ ദൈവികദു:ഖത്തിലേക്കു നയിക്കേണ്ടതുണ്ടെന്നും അവർ വിശ്വസിച്ചു (2കൊരി. 12:21) വെളിപ്പാടു പുസ്തകത്തിന്റെ ആദ്യഅധ്യായങ്ങളിൽ കർത്താവു സഭകൾക്കു നൽകിയ ദൂതിലെ ഉദ്ബോധനവും മറ്റൊന്നായിരുന്നില്ലല്ലോ. (2:5,16,21,22,3:3,19)

'എപ്പോഴും സന്തോഷിപ്പിൻ' എന്നതാണു ക്രിസ്ത്യാനിക്കുള്ള കല്പന. എന്നാൽ ദൈവികദു:ഖത്തിന്റെ വേരുകളില്ലാത്ത സന്തോഷം വേഗത്തിൽ വാടിപ്പോകും. അനുതാപത്തിന്റെ താഴ്വരയിൽ മാത്രമേ യഥാർത്ഥ സന്തോഷത്തിന്റെ പൂക്കൾ വിരിയുകയുള്ളൂ. ഇന്ന് ക്രിസ്തീയ ലോകത്തു കാണുന്ന ഒട്ടേറെ സന്തോഷങ്ങളും അല്പായുസ്സായിരിക്കുന്നതിന്റെ കാരണം ഇതു തന്നെയല്ലേ?

◆

# ഗിരിപ്രഭാഷണത്തിന്റെ അന്തസ്സത്ത

**ഗി**രിപ്രഭാഷണം. അതിനെ അഭിനന്ദനപൂർവം നോക്കിക്കാണുന്നവർ ഒട്ടേറെയുണ്ട്. പക്ഷേ അതിനും അപ്പുറത്ത് അതു മുന്നോട്ടു വയ്ക്കുന്ന ജീവിതപ്രമാണങ്ങളെ അനുസരിക്കുവാൻ ആഗ്രഹിക്കുന്നവരോ? നന്നേ ചുരുക്കം. ''ഈ വചനങ്ങളെ കേട്ട് അതു ചെയ്യുന്നവൻ'' എന്നും ''കേട്ടിട്ട് ചെയ്യാത്തവൻ'' എന്നും ഗിരിപ്രഭാഷണത്തിന്റെ ഒടുവിൽ യേശു എടുത്തു പറഞ്ഞപ്പോൾ അവിടുന്ന് ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുകയായിരുന്നില്ലേ?

നിഗളം, കോപം, ദുർമ്മോഹം, ഭോഷ്ക്ക്, പക, പരനിന്ദ, സ്വയപ്രശംസ, കാപട്യം, ആകുലചിന്ത എന്നിവയ്ക്കെതിരെ വളരെ മൗലികമായ ഒരുനിലപാടാണ് ഗിരിപ്രഭാഷണം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. അതുകൊണ്ട് തന്നെ അർദ്ധമനസ്കരും അനുരഞ്ജനക്കാരുമായ ക്രിസ്ത്യാനികൾ അപ്രായോഗികവും അസാധ്യവുമെന്ന് മുദ്രകുത്തി ഗിരിപ്രഭാഷണത്തെ അവഗണിക്കുന്നു. 'ഇങ്ങനെയൊക്കെ ഈ ലോകത്തു ജീവിക്കാനൊക്കുമോ!' 'പ്രായോഗിക ജീവിത സാഹചര്യങ്ങളിൽ ഇതൊന്നും നടക്കുകയില്ല' എന്നിങ്ങനെയുള്ള തൊടുന്യായത്തിനു പിന്നിൽ തലയൊളിപ്പിച്ച് തങ്ങളുടെ താഴ്ന്ന ക്രിസ്തീയനിലവാരത്തെ താലോലിച്ച് കുറ്റബോധമില്ലാതെ കഴിയുകയാണവർ.

ദൈവവചനത്തിന്റെ ആധികാരികതയിലുള്ള അചഞ്ചലമായ വിശ്വാസമാണ് ഇന്നു സുവിശേഷവിഹിതർ എന്നവകാശപ്പെടുന്ന വിശ്വാസികളുടെ മുഖമുദ്ര. ബൈബിളിലെ ഓരോ വചനവും ദൈവശ്വാസീയമാണെന്നു തങ്ങൾ വിശ്വസിക്കുന്നുവെന്നു അവർ പറയുന്നു. അതേ സമയം ഗിരിപ്രഭാഷണം രേഖപ്പെടുത്തിയിരിക്കുന്ന മത്തായി അഞ്ച്, ആറ്, ഏഴ് അധ്യായങ്ങൾ ബൈബിളിന്റെ ഭാഗമല്ല എന്ന മട്ടിലാണ് മിക്കവരുടേയും ജീവിതം. 'അതു മറ്റാർക്കോവേണ്ടി എഴുതപ്പെട്ടിരിക്കുന്നു' 'വേറെ ഏതോ കാലഘട്ടത്തിലാണ് അതു പ്രസക്തമായിരിക്കുന്നത്' എന്നൊന്നും തുറന്നുപറയാറില്ലെങ്കിലും ഈ കാലഘട്ടത്തിനോ തങ്ങൾക്കോവേണ്ടിയുള്ളതല്ല ഗിരിപ്രഭാഷണം എന്നാണു പലരുടേയും മനോഭാവം.

ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. തീർത്തും അസാധ്യവും അപ്രായോഗികവുമാണ് ഈ കല്പനകളുടെ അനുസരണമെങ്കിൽ 'ഞാനോ നിങ്ങളോടു പറയുന്നത്' എന്ന മുഖവുരയോടെ ഈ കാര്യങ്ങൾ ചെയ്യണമെന്നു യേശു നമ്മോട് ആവശ്യപ്പെടുമായിരുന്നോ? ഉത്തരം പകൽപോലെ വ്യക്തമാണ്.

അതുപോലെ തന്നെ 'ന്യായപ്രമാണത്തേയും പ്രവാചക കല്പനകളേയും നീക്കുവാനല്ല... പകരം പൂർത്തീകരിക്കുവാനാണ്' താൻ വന്നതെന്നു പ്രഖ്യാപിച്ച യേശുക്രിസ്തു സ്വന്തജീവിതത്തിൽ പ്രായോഗികമാക്കാത്ത





എന്തെങ്കിലും കല്പനകൾ ശിഷ്യന്മാരോട് അനുസരിക്കാൻ ആവശ്യപ്പെടും എന്നും ചിന്തിക്കവയ്യ. നമ്മുടെ മുൻപേപോയ യേശു, നാം അവിടുത്തെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുകയാണല്ലോ. അവിടുന്നു നടന്നതുപോലെ നടക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (1യോഹ. 2:6) ചുരുക്കത്തിൽ നമ്മുടെ നായകനും മുന്നോടിയുമായ യേശുവിനെപ്പോലെ ഗിരിപ്രഭാഷണത്തിന്റെ സത്തയോടു നീതി പുലർത്തി ജീവിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

ഈ വസ്തുതകളിൽ നിന്നെല്ലാം ഉരുത്തിരിഞ്ഞുവരുന്ന സുപ്രധാന സത്യം എന്താണ്? യേശുവിന്റെ ദിവ്യസ്വഭാവത്തിൽ പങ്കാളികളാകാൻ മനസ്സു വച്ചിട്ടുള്ളവരും അവിടുത്തെ സ്വരൂപത്തോട് അനുരൂപരാകാൻ ഹൃദയപൂർവം ആഗ്രഹിക്കുന്നവരുമായ അവിടുത്തെ ശിഷ്യർക്കു മാത്രമേ ഗിരിപ്രഭാഷണത്തിന്റെ യാഥാർത്ഥ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയുള്ളൂ എന്നതാണത്. യേശു നമ്മെപ്പോലെ ജഡത്തിൽ വന്നുവെന്നും ഈ ലോകത്തുജീവിപ്പാൻ ജീവനുള്ള ഒരു പുതുവഴിതുറന്നു തന്നുവെന്നും കണ്ട് തന്റെ കാൽച്ചുവടുകൾ പിൻപറ്റാൻ തയ്യാറാകാത്ത എല്ലാവർക്കും ഗിരിപ്രഭാഷണം ഭാരമേറിയ ഒരു ചുമടായിരിക്കും. യേശുവിനെപ്പോലെ, തന്നിൽത്തന്നേ പ്രസാദിക്കാതെ, പിതാവിന്റെ ഇഷ്ടം മാത്രം ചെയ്വാനായി സ്വന്തഇഷ്ടത്തെ ഏല്പിച്ചുകൊടുത്തുകൊണ്ട്, പരിശുദ്ധാത്മനിറവിൽ ജീവിക്കുക – ഗിരിപ്രഭാഷണത്തിലെ നിലവാരം കൈവരിക്കുവാൻ ഇതല്ലാതെ മറ്റു മാർഗ്ഗമില്ല. ഇങ്ങനെയെല്ലാം പറയുമ്പോൾ യേശു ജീവിച്ചതുപോലെ ജീവിക്കുവാൻ നമുക്കു കഴിയുമോ എന്നാണ് പലരും ചോദിക്കുക. പക്ഷേ അതിനുവേണ്ടിയാണല്ലോ നാം വിളിക്കപ്പെട്ടിരിക്കുന്നത്. ''എന്നെ അനുഗമിക്കുക'' എന്ന് ആഹ്വാനം ചെയ്ത് നടന്നുപോയ ഗുരുവിന്റെ കാലടികളെ പിൻതുടരുകയെന്നതല്ലാതെ ശിഷ്യനിൽനിന്നു മറ്റെന്താണ് പ്രതീക്ഷിക്കുന്നത്?

യേശുവിന്റെ ഈ ഭൂമിയിലെ ജീവിതത്തിനു രണ്ടു തലം ഉണ്ടായിരുന്നു. ഒന്ന് അവിടുത്തെ *ജീവിതം.* രണ്ട് അവിടുത്തെ *ശുശ്രൂഷ.* അവിടുത്തെ ജീവിതം എങ്ങനെയായിരുന്നുവെന്നു ബൈബിൾ വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കുക: ''എല്ലാ വിധത്തിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. എങ്കിലും അവനിൽ പാപമില്ല.'' ''യേശു തന്റെ ഐഹിക ജീവിതകാലത്തു തന്നെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിവുള്ളവന് നിലവിളിയോടും കണ്ണീരോടും കൂടി പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ഭയഭക്തിമൂലം അവനെ ശ്രവിച്ചു.'' ''പുത്രൻ എങ്കിലും അവൻ തന്റെ സഹനത്തിലൂടെ അനുസരണം അഭ്യസിച്ചു.'' (എബ്രാ. 4:15; 5:7,8) യേശുവിന്റെ ഈ *ജീവിതത്തെ* നമുക്കു പിൻതുടരുവാൻ കഴിയും. അതേ സമയം മരിച്ചവരെ ഉയർപ്പിക്കുകയും, അന്ധർക്കു കാഴ്ച നൽകുകയും, അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ തൃപ്തിപ്പെടുത്തുകയും ചെയ്ത അവിടുത്തെ *ശുശ്രൂഷയെ* അനുകരിക്കുക ദുഷ്കരമാണ്. പക്ഷേ നിർഭാഗ്യമെന്നു

പറയട്ടെ, യേശു ജീവിച്ചതുപോലെ ജീവിപ്പാൻ ഇന്നു പലർക്കും താത്പര്യമില്ല. അതേസമയം യേശുവിന്റെ ശുശ്രൂഷയെ അനുകരിപ്പാൻ അവർ ഇഷ്ടപ്പെടുന്നു!

യേശുവിന്റെ ജീവിതത്തിൽ പിതാവിനു മുമ്പിലെ കണ്ണീരും നിലവിളിയും, അനുസരണത്തിന്റെ അഭ്യസനവും, പരീക്ഷകൾക്കുനേരെയുള്ള ചെറുത്തു നില്പും, സഹനവും എല്ലാം ആരും കാണാത്ത ഇടങ്ങളിലായിരുന്നു. എന്നാൽ തന്റെ അത്ഭുതപ്രവൃത്തികളാകട്ടെ പരസ്യമായിട്ടായിരുന്നു. ഇന്ന് യേശുവിന്റെ രഹസ്യ*ജീവിതത്തെ* പിൻതുടരാതെ അവിടുത്തെ പരസ്യ*ശുശ്രൂഷയെ* അനുകരിപ്പാൻ തയ്യാറാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. പക്ഷേ സത്യത്തിൽ ശുശ്രൂഷയുടെ തലത്തിലല്ല ജീവിതത്തിന്റെ തലത്തിൽ യേശുവിനെപ്പോലെയാകുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്.

ഈ സത്യം വിസ്മരിച്ചാൽ ഉണ്ടാകാവുന്ന അനിവാര്യമായ ദുരന്തത്തെക്കുറിച്ച് ഗിരിപ്രഭാഷണത്തിന്റെ ഒടുവിൽ യേശു തന്നെ മുന്നറിയിപ്പു നൽകുന്നതു ശ്രദ്ധിക്കുക: ആ ദിവസം പലരും എന്നോടു പറയും: ''കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിച്ചവരല്ലയോ? നിന്റെ നാമത്തിൽ ഞങ്ങൾ പിശാചുക്കളെ പുറത്താക്കിയില്ലയോ? നിന്റെ നാമത്തിൽ പല വലിയ കാര്യങ്ങളും ഞങ്ങൾ ചെയ്തില്ലയോ?'' അപ്പോൾ അവരോടു ഞാൻ പ്രഖ്യാപിക്കും ''നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. ഹേ ദുർവൃത്തരേ എന്നെവിട്ടു കടന്നുപോകൂ'' (മത്താ. 7:21-23). പല വീര്യപ്രവൃത്തികൾ ചെയ്ത് യേശുവിന്റെ പരസ്യശുശ്രൂഷയെ അനുകരിച്ചവരാണിവർ. പക്ഷേ തന്റെ ജീവിതത്തെ പിൻതുടരാഞ്ഞതുകൊണ്ട് 'ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല' എന്നാണ് യേശു അവരോടു പറയുന്നത്. ജീവിതത്തിലെ തോൽവികൾക്കു നേരേ കണ്ണടച്ച് അവയെ ശുശ്രൂഷയുടെ വൈപുല്യംകൊണ്ട് മൂടിവയ്ക്കാൻ ശ്രമിക്കുന്ന എല്ലാവർക്കുമുള്ള താക്കീതാണ് ഈ വാക്കുകൾ.

യേശു ജീവിച്ചതുപോലെ ജീവിച്ച് ഗിരിപ്രഭാഷണത്തിന്റെ അന്തസ്സത്തയിലേക്കു നമുക്കു പ്രവേശിക്കാം. 'പാറമേൽ വീടുപണിയുന്ന ബുദ്ധിയുള്ള മനുഷ്യരായി' നമുക്കു മാറാം.

◆



# യാഥാർത്ഥ്യത്തിന്റെ ആത്മാവ്

**ഇ**ന്നു ക്രിസ്ത്യാനികളുടെ ഇടയിൽ ഏറ്റവും കൂടുതൽ വിവാദപരമായ വിഷയം എന്താണ്? ഏത് ഉപദേശത്തെച്ചൊല്ലിയാണു സുവിശേഷവിഹിതരായ ക്രിസ്ത്യാനികളുടെ മദ്ധ്യത്തിൽ ഏറ്റവും വലിയ അഭിപ്രായവ്യത്യാസം നിലവിലുള്ളത്? വാക്യങ്ങളുടെ തലനാരിഴ കീറി ഒരോരുത്തരും 'ഞാൻ പിടിച്ച മുയലിനു മൂന്നുകൊമ്പ്' എന്ന് സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ഏറ്റവും കൂടുതൽ ഒച്ചപ്പാട് ഉണ്ടാകുന്നത് എന്തിന്റെ പേരിലാണ്? ഉവ്വ്, ഉത്തരം നിങ്ങൾ ഊഹിച്ചതു തന്നെ - പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യത്യസ്തമായ എന്തെന്ത് അഭിപ്രായങ്ങളാണു നിലവിലുള്ളത്! രക്ഷിക്കപ്പെടുമ്പോൾ തന്നെ ഒരുവൻ പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്നുവെന്നു ചിലർ പഠിപ്പിക്കുന്നു. ഇല്ല, അത് രണ്ടാമത് ഒരനുഭവമാണെന്നു മറ്റു ചിലർ. അങ്ങനെയെങ്കിൽ അതിന്റെ ലക്ഷണം എന്താണ്? അന്യഭാഷാഭാഷണമാണ് പരിശുദ്ധാത്മസ്നാനത്തിന്റെ 'ഏകവും പ്രത്യക്ഷവു'മായ അടയാളമെന്ന് ചിലർ ശഠിക്കുന്നു. ഏയ്, അല്ല, അത് അടയാളങ്ങളിൽ ഒന്നു മാത്രമാണെന്നു മറ്റു ചിലർ. ആത്മസ്നാനത്തിന്റെ അടയാളമേ അല്ല, കൃപാവരങ്ങളിൽ ഒന്നു മാത്രമാണ് ഭാഷാവരമെന്നു വേറൊരു കൂട്ടർ. ഭാഷാവരമോ? അതു നിന്നുപോയത് അറിഞ്ഞില്ലേയെന്ന് മറ്റൊരു കൂട്ടർ.

ഈ വാദകോലാഹലങ്ങൾക്കിടയിൽ എല്ലാവർക്കും ഒരുപോലെ നഷ്ടമാകുന്നത് ഒരു കാര്യമാണെന്നു തോന്നാറുണ്ട്. അത് മറ്റൊന്നുമല്ല, യാഥാർത്ഥ്യബോധമാണ്. പരിശുദ്ധാത്മാവും അതിനെക്കുറിച്ചുള്ള ദൈവിക ബോധ്യങ്ങളും ആത്മാവിന്റെ പ്രവർത്തനങ്ങളും എല്ലാം നമ്മെ എന്തിലേക്കാണു നയിക്കേണ്ടത്? ഈ ലോകത്തിൽ യേശുക്രിസ്തുവിന് അനുരൂപമായി വിശുദ്ധ ജീവിതം നയിക്കാനുള്ള ശക്തി പകരുന്നതായിരിക്കണം ഇവ. അതിനു നമ്മെ സഹായിക്കുന്നില്ലെങ്കിൽ ഈ ഉപദേശങ്ങളും അവയെച്ചൊല്ലിയുള്ള തലനാരിഴകീറിയുള്ള വാദപ്രതിവാദങ്ങളും യാഥാർത്ഥ്യം (Reality) ഇല്ലാത്ത കേവലം ബുദ്ധിപരമായ വ്യായാമം മാത്രമായിരിക്കും.

പലപ്പോഴും തികച്ചും ആത്മികമെന്നു തോന്നുന്ന കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്നെ അതു സംബന്ധിച്ച യാഥാർത്ഥ്യം നമുക്കു നഷ്ടമാകാം. ഉദാഹരണത്തിന് പരിശുദ്ധാത്മാവിനെക്കുറിച്ച് ഒരു ഡിബേറ്റ് നടക്കുന്നുവെന്നു സങ്കല്പിക്കുക. അവിടെ പരിശുദ്ധാത്മാവിനെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഏറ്റുമുട്ടിയ ചർച്ചകൾക്കുശേഷം ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, സൗമ്യത എന്നിവയൊന്നും കാണ്മാനില്ലെങ്കിൽ യാഥാർത്ഥ്യം എവിടെയോ

കൈമോശം വന്നുവെന്നതു വ്യക്തമല്ലേ? മാത്രമല്ല, ഈ ചർച്ചയും വാദ കോലാഹലങ്ങളും ആത്മാവിനു നേരേ വിരോധമായിരിക്കുന്ന ജഡത്തിന്റെ പ്രവൃത്തികളായ പക, പിണക്കം, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ എന്നിവയാണ് ഉണർത്തിവിടുന്നതെങ്കിൽ യാഥാർത്ഥ്യം പിന്നേയും അകന്നുപോയി എന്നല്ലേ പറയേണ്ടത്? അതേ, പ്രായോഗിക ജീവിതത്തിൽ യാഥാർത്ഥ്യത്തെ സ്പർശിക്കാത്ത ഒരു ആത്മിക അനുഭവവും യഥാർത്ഥ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കരുത്. അല്ലെങ്കിൽ ഉണ്ടായിരിക്കുകയില്ല. നമ്മുടെ ഒരു ആത്മിക അനുഭവവും അതായിതന്നെ നില്ക്കുവാൻ പാടില്ല. അതിന് തൊട്ടറിയുവാൻ മട്ടിലുള്ള ഒരു നേർബന്ധം നമ്മുടെ നിത്യജീവിതത്തോട് ഉണ്ടായിരിക്കണം.

ഈ സത്യത്തിന് അടിവരയിടുന്ന തിരുവചനഭാഗങ്ങൾ എത്രവേണ മെങ്കിലും നമുക്കു കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് 'ആത്മാവു നിറഞ്ഞവരാകുവിൻ' എന്നൊരു കല്പന കാണുക (എഫേ. 5:18). പക്ഷേ ആത്മാവിനാൽ നിറയപ്പെടുന്ന ഈ അനുഭവം, അതായിത്തന്നെ ഒരു വെള്ളം കടക്കാത്ത അറയായി (water tight compartment) നില്ക്കുവാനല്ല ഉദ്ദേശി ക്കപ്പെട്ടിട്ടുള്ളത്. ആത്മനിറവ് നമ്മെ എന്തിലേക്കാണു നയിക്കേണ്ടത് എന്നത് അതിനു താഴെയുള്ള വേദഭാഗങ്ങളിൽ നിന്നു പ്രസ്പഷ്ടമാണ്. 'എല്ലായ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്യുവാനും', 'ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പാനും' ഉള്ള ശക്തി നമുക്കു നൽകിക്കൊണ്ട് ആത്മനിറവ് നമ്മുടെ പ്രായോഗിക ജീവിതത്തിൽ ഒരു പ്രസക്തി കണ്ടെത്തുന്നതിനെക്കുറിച്ചാണ് അവിടെ വിവരിച്ചിരിക്കുന്ന ത്. തുടർന്ന് സമൂഹത്തിന്റെ വിവിധ അടരുകളിലേക്ക് (layers) പരിശുദ്ധാ ത്മാവിന്റെ ശക്തി ഇറങ്ങിച്ചെല്ലേണ്ടതിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്ന വാക്യങ്ങൾ നാം കാണുന്നു. കർത്താവിന് എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവാൻ ഭാര്യമാരേയും, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭാര്യമാരെ സ്നേഹിപ്പാൻ ഭർത്താക്കന്മാരേയും, അമ്മ യപ്പന്മാരെ അനുസരിപ്പാൻ മക്കളേയും, മക്കളെ കോപിപ്പിക്കാതെ പത്ഥ്യോ പദേശത്തിൽ പോറ്റി വളർത്തുവാൻ പിതാക്കന്മാരേയും, യജമാനന്മാരെ ഹൃദ യത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടി അനുസരിപ്പാൻ ദാസന്മാരേയും, ദാസന്മാരോട് ഭീഷണിവാക്കും മുഖപക്ഷവും ഇല്ലാതെ പെരു മാറാൻ യജമാനന്മാരെയും സഹായിക്കുന്നതു സത്യത്തിൽ എന്താണ്? ആത്മനിറവാണ് ഇതിന്റെ ശക്തിസ്രോതസ്സ് എന്ന് ആ ഭാഗത്തു നിന്നു വ്യക്തമാണ്. നോക്കുക. ആത്മനിറവിന്റെ അനുഭവം പ്രായോഗികജീവിത യാഥാർത്ഥ്യങ്ങളോട് എത്ര ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു!

ഇതുകൊണ്ടാണ് തന്റെ അഭാവത്തിൽ സഹായകനും കാര്യസ്ഥനു മായി പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്ന വാഗ്ദാനം നൽകുന്ന വേള





യിൽ തന്നെ പരിശുദ്ധാത്മാവിനെ യേശുക്രിസ്തു സത്യത്തിന്റെ ആത്മാവ് (Spirit of reality) എന്നു വിളിക്കുന്നത് (യോഹ. 14:16). അതേ, പരിശുദ്ധാ ത്മാവ് യാഥാർത്ഥ്യത്തിന്റെ ആത്മാവാണ്. കല്പനകളെ കാത്തുകൊള്ളു വാൻ നമുക്കു ശക്തി നൽകുന്ന (യോഹ. 14:15), കർത്താവിന്റെ സ്വരൂപ ത്തോട് അനുരൂപരാകുവാൻ സഹായിക്കുന്ന (റോമ. 8:27,29) പ്രായോഗിക ജീവിതസാഹചര്യങ്ങളിൽ നമുക്കു കാര്യസ്ഥനും ഉപദേഷ്ടാവുമായിരിക്കുന്ന (യോഹ. 14:26) പരിശുദ്ധാത്മാവ് മറ്റെന്തിനെക്കാളുമേറെ യാഥാർത്ഥ്യത്തിന്റെ ആത്മാവാണ്. ഈ വസ്തുത മനസ്സിലാക്കാതെ പരിശുദ്ധാത്മാവിനെയും അവിടുത്തെ പ്രവർത്തനങ്ങളെയും ക്രിസ്തീയ മീറ്റിംഗുകളിൽ മാത്രം ഒതു ക്കിനിർത്തുന്നവർ വാസ്തവത്തിൽ തങ്ങൾക്ക് എന്താണു നഷ്ടപ്പെടുന്ന തെന്ന് അറിയുന്നില്ല. പരിശുദ്ധാത്മാവിനെ നമുക്കു മീറ്റിംഗുകളുടെ നാല തിരുകൾക്കുള്ളിൽ നിന്നു ഇറക്കിക്കൊണ്ടുവന്ന് നമ്മുടെ പ്രായോഗിക ജീവിത സാഹചര്യങ്ങളിൽ സഹായകനും കാര്യസ്ഥനും മധ്യസ്ഥനും ഉപ ദേഷ്ടാവുമായി വാഴിക്കാം. കൂടുതൽ നല്ല ഒരു ഭർത്താവോ, ഭാര്യയോ, മക നോ, പിതാവോ, യജമാനനോ, ദാസനോ ആയിരിപ്പാൻ നമുക്ക് ആത്മാ വിന്റെ നിറവ് ആവശ്യമുണ്ട്. പരിശുദ്ധാത്മാവിനെ നമുക്ക് യാഥാർത്ഥ്യ ത്തിന്റെ ആത്മാവായി തിരിച്ചറിഞ്ഞ് അംഗീകരിച്ച് പ്രായോഗിക ജീവിത ത്തിൽ അവിടുത്തെ സഹായം തേടാം.

◆

# കുഞ്ഞാടോ ചെന്നായോ?

**ജ**വാഹർലാൽ നെഹ്റു തന്റെ ആത്മകഥയിൽ വിവിധരാജ്യങ്ങളുടെ ദേശീയ മൃഗങ്ങളെയും പക്ഷികളെയുംകുറിച്ച് ശ്രദ്ധേയമായ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. ജർമനിയുടേയും അമേരിക്കയുടേയും ദേശീയപക്ഷി കഴുകനാണ്. ഹോളണ്ടും ബ്രിട്ടനും ദേശീയമൃഗമായി സിംഹത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. റഷ്യയുടെ ദേശീയമൃഗം കരടിയാണ്.

വേട്ടയാടുന്നവയും ഇരപിടിക്കുന്നവയുമാണ് ഈ മൃഗങ്ങളും പക്ഷികളും. ഇവ കേവലം പ്രതീകങ്ങളായിരിക്കാം. പക്ഷേ ഒരു മനോഭാവത്തിലേക്കാണ് ഇവ വിരൽ ചൂണ്ടുന്നതെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഹിംസ്രജന്തുക്കളേയും പക്ഷികളേയും തങ്ങളുടെ ദേശീയതയുടെ ചിഹ്നമായി കാണുന്ന ഒരു ജനത മറ്റു രാഷ്ട്രങ്ങളെ തങ്ങളുടെ ഇരകളായി കണക്കാക്കുന്നതിൽ എന്തത്ഭുതം? തരംകിട്ടിയാൽ അവയെ ആക്രമിക്കുകയും കീഴടക്കുകയും ചെയ്യാൻ അവർ മടിക്കുകയില്ല. ചുരുക്കത്തിൽ ദേശീയതയുടെ ചിഹ്നങ്ങളായ പ്രതീകങ്ങൾ ആ രാജ്യത്തിന്റെ പൊതു സ്വഭാവത്തിന്റേയും അഭിലാഷത്തിന്റേയും പ്രതീകങ്ങൾ കൂടിയാണെന്നു നെഹ്റു സമർത്ഥിക്കുന്നു.

എന്നിട്ട് അദ്ദേഹം പ്രസക്തമായ ഒരു ചോദ്യം ഉന്നയിക്കുന്നു: ശാന്തസ്വഭാവമുള്ള പശുവിനെ തലമുറകളായി തന്റെ ഇഷ്ടമൃഗമായി കാണുന്നതുകൊണ്ടല്ലേ ഭാരതത്തിലെ ഹൈന്ദവൻ ഇത്ര ശാന്തശീലനും അഹിംസാവാദിയുമായിരിക്കുന്നത്?

അഭിപ്രായവ്യത്യാസമുണ്ടാകാം. എങ്കിലും ഇതേപ്പറ്റി ഒരു വാദപ്രതിവാദത്തിനു മുതിരുവാനല്ല ഇവിടെ ഇക്കാര്യം പരാമർശിച്ചത്. മറിച്ച് ക്രിസ്ത്യാനികളോട് മറ്റൊരു ചോദ്യം ചോദിക്കുവാനാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ പ്രതീകം എന്താണ്? അല്ലെങ്കിൽ എന്തായിരിക്കണം?

'ബലഹീനതകളുടെ ദൈവം' (God of weakness) എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ കർത്താവായ ജോൺ ടിമ്മറിന് ഈ ചോദ്യത്തിന് ഒരുത്തരമുണ്ട്. അദ്ദേഹം പറയുന്നു: "ക്രിസ്ത്യാനികൾ എക്കാലത്തും സ്വയം താരതമ്യം ചെയ്യാറുള്ളത് ആടിനോടാണ്. തന്റെ ശുശ്രൂഷയുടെ ഒരു ഘട്ടത്തിൽ യേശു തന്റെ അനുയായികളുടെ ദൗത്യത്തെ വിവരിക്കുന്നത് 'ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു' (മത്തായി 10:16) എന്നാണല്ലോ. എന്നാൽ പാശ്ചാത്യരായ ക്രിസ്ത്യാനികൾ പലപ്പോഴും 'ചെന്നായ്ക്കളുടെ ഇടയിൽ ആടുകളെപ്പോലെ' എന്ന തങ്ങളുടെ നിയോഗം മറന്ന് രാഷ്ട്രീയശക്തി, സാമ്പത്തികാധിപത്യം, ദേശീയതാത്പര്യങ്ങൾ





എന്നിവയോടു കൂട്ടുകൂടി സ്വയം ചെന്നായ്ക്കളെപ്പോലെ പെരുമാറിയിട്ടുണ്ട്. ഫലം അവർ ക്രിസ്ത്യാനിത്വത്തെ ഒരു സിവിൽ മതമായി തരംതാഴ്ത്തി."

പക്ഷേ ഏതു സാഹചര്യത്തിലും ഏതു പ്രകോപനത്തിന്റെ മുമ്പിലും തന്റെ ശിഷ്യന്മാർ ചെന്നായ്ക്കളെപ്പോലെയല്ല പകരം ആടുകളെപ്പോലെ പെരുമാറണമെന്നാണ് യേശുക്രിസ്തു കല്പിച്ചത്. എക്കാലത്തും യഥാർത്ഥ ക്രിസ്തുശിഷ്യന്മാർ അങ്ങനെതന്നെയായിരുന്നുതാനും.

രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ജീവിച്ചിരുന്ന അജ്ഞാതനായ ഒരു ഗ്രീക്ക് എഴുത്തുകാരൻ അക്കാലത്തെ ക്രിസ്ത്യാനികളുടെ അവസ്ഥ രേഖപ്പെടുത്തി വച്ചിട്ടുള്ളത് ഇന്നു നമുക്കു ലഭ്യമായിട്ടുണ്ട്. ആ രേഖയിൽ നിന്ന്: "ക്രിസ്ത്യാനികൾ നിലവിലുള്ള നിയമങ്ങൾ അക്ഷരംപ്രതി അനുസരിക്കുന്നു. പക്ഷേ എല്ലാവരാലും ഉപദ്രവിക്കപ്പെടുന്നു. ആരും അവരെ മനസ്സിലാക്കുന്നില്ല. പകരം അവരെ കുറ്റം വിധിക്കുന്നു. അവരെ മരണത്തിന് ഏല്പിക്കുന്നു. എങ്കിലും അവർ ജീവിപ്പിക്കപ്പെടുന്നു. അവർ ദരിദ്രരാണ്; എങ്കിലും പലരേയും സമ്പന്നരാക്കുന്നു. എല്ലാറ്റിലും അവർക്ക് ഇല്ലായ്മകൾ മാത്രം. പക്ഷേ എല്ലാം അവർക്ക് ധാരാളമായുണ്ട്. അവർ നിന്ദിക്കപ്പെടുന്നു. അവരുടെ നിന്ദയിൽ അവർ വീണ്ടും അപമാനിക്കപ്പെടുന്നു. അവരുടെമേൽ തിന്മകൾ ആരോപിക്കപ്പെടുന്നു. പക്ഷേ അവർ നീതിയുള്ളവരാണ്. അവരെ അധിക്ഷേപിക്കുന്നു. എന്നാൽ അവർ അനുഗ്രഹിക്കുന്നു. അവരെ പരിഹസിക്കുന്നു. അവർ ആദരവ് തിരികെ നൽകുന്നു. നന്മ ചെയ്യുമ്പോൾതന്നെ അവർ ശിക്ഷിക്കപ്പെടുന്നു. ശിക്ഷിക്കപ്പെടുമ്പോൾ തന്നെ അവർ ആനന്ദിക്കുന്നു... തങ്ങളെ ദൈവം ആക്കിവച്ചിരിക്കുന്ന സ്ഥാനം വിട്ടുപോകാൻ അവർക്കു കഴിയുകയുമില്ല."

അധിക്ഷേപിക്കുമ്പോൾ അനുഗ്രഹിക്കുന്ന, പരിഹാസത്തിനു പകരമായി ബഹുമാനം നൽകുന്ന, ശിക്ഷിക്കപ്പെടുമ്പോൾ ആനന്ദിക്കുന്ന ക്രിസ്ത്യാനികൾ. ആദ്യനൂറ്റാണ്ടുകളിലെ ഈ ക്രിസ്ത്യാനികൾ അക്ഷരാർത്ഥത്തിൽ തന്നെ 'ചെന്നായ്ക്കളുടെ ഇടയിലെ ആടുകളാ'യിരുന്നു.

തിന്മയ്ക്കുപകരം നന്മ ചെയ്യുവാൻ അവർക്കു കഴിഞ്ഞത് എന്തുകൊണ്ടാണ്? കടിച്ചുകീറുന്ന, ശക്തരായ, ചെന്നായ്ക്കളുടെ നടുവിൽ ബലഹീനരായ, സൗമ്യരായ, ആടുകളായി നില്ക്കാൻ അവർക്കു കഴിഞ്ഞതിന്റെ രഹസ്യം എന്താണ്? 'കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെ'യും ഈ ഭൂമിയിൽ ജീവിച്ച കർത്താവിനോടുള്ള ആത്മബന്ധമാണ് ഇതിന് അവരെ സഹായിച്ചത്. 'ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി' എന്നായിരുന്നു അവരുടെ നിലപാട്. തങ്ങളുടെ നാഥനു ക്രൂശു

സമ്മാനിച്ച ഈ ലോകത്തുനിന്ന് അതിലേറെയൊന്നും അവരും പ്രതീക്ഷിച്ചിരുന്നില്ല. അതിനും അപ്പുറത്ത് തങ്ങളുടെ നാഥനും കർത്താവുമായിരുന്ന യേശുവിനെപ്പോലെ നിന്ദയും പരിഹാസവും ഏറ്റുവാങ്ങാൻ കഴിഞ്ഞതിൽ അവർ സന്തോഷിക്കുകയും ചെയ്തു. പീഡനങ്ങളേയും കൈയേറ്റങ്ങളേയും അതുകൊണ്ടുതന്നെ അവർ സ്വാഗതം ചെയ്തു. ഉപദ്രവങ്ങൾക്കു നടുവിൽ നില്ക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണീരൊപ്പുവാനും ദരിദ്രരായിരിക്കുമ്പോൾ തന്നെ അനേകരെ സമ്പന്നരാക്കുവാനും അവർക്കു കഴിഞ്ഞു. ഈ ലോകത്തിന്റെ ശക്തിയെ ക്രൂശിന്റെ ബലഹീനതകൊണ്ടു നേരിട്ടവരായിരുന്നു അവർ. എതിർപ്പുകളുടെ ബലത്തെ നുറുക്കത്തിന്റെ നിസ്സഹായതകൊണ്ട് അവർ അഭിമുഖീകരിച്ചു. ക്രൂശിന്റെ വഴിയിലൂടെയായിരുന്നു ജീവിതകാലം മുഴുവൻ അവരുടെ പ്രയാണം.

അത് അന്നത്തെ കഥ. ഇന്നോ? ഇന്നത്തെ കാലഘട്ടത്തിൽ ക്രിസ്ത്യാനി സമൂഹത്തിൽ വെളിപ്പെടുത്തുന്ന പ്രതീകത്തിന് കുഞ്ഞാടിനോടുള്ളതിലേറെ രൂപസാദൃശ്യം ചെന്നായോടാണോ? എങ്കിൽ നാം നടുക്കത്തോടെ തിരിച്ചറിയേണ്ടത് 'രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരുന്ന കുഞ്ഞാടിന്റെ' വഴിയിൽ നിന്നു നാം ബഹുകാതം അകന്നുപോയി എന്നാണ്.

അനുതാപവാക്യങ്ങളോടെ നമുക്കു മടങ്ങിവരാം – കുഞ്ഞാടുപോയ പാതയിലേക്ക്, ക്രൂശിന്റെ വഴിയിലേക്ക്, നുറുക്കത്തിന്റെ മാർഗ്ഗത്തിലേക്ക്.

◆



# (സ്വയം) വിധിക്കുക; (മറ്റുള്ളവരെ) വിധിക്കാതിരിക്കുക

**നാ**ട്ടിൻ പുറങ്ങളിലൂടെ അലസമായി ഓടിക്കൊണ്ടിരിക്കുന്ന ഒരു ലോക്കൽ ട്രെയിനിന്റെ കംപാർട്ടുമെന്റാണു രംഗം.

വലിയ തിരക്കില്ല. യാത്രക്കാർ അർദ്ധമയക്കത്തിലോ വായനയിലോ ആണ്. ചിലർ പുറംകാഴ്ചകളിൽ കണ്ണുനട്ട് മനോരാജ്യത്തിൽ മുഴുകിയിരിക്കുന്നു. കൊച്ചുകൊച്ചു സ്റ്റേഷനുകളിൽ നിർത്തി ആളെ ഇറക്കിയും കയറ്റിയും വിരസമായ ഒരു സായാഹ്നത്തിലൂടെ ആ ട്രെയിൻ ഓടിക്കൊണ്ടേയിരിക്കുന്നു.

പൊടുന്നനെ ഏതോ സ്റ്റേഷനിൽ നിന്ന് ആ കംപാർട്ടുമെന്റിന്റെ വിരസതയിലേക്ക് ഒരു ചെറുപ്പക്കാരനും അഞ്ചുകുട്ടികളും കയറിവന്നു. ചെറിപ്പക്കാരന് ഏറിയാൽ ഒരു മുപ്പത്തഞ്ചുവയസ്സുകാണും. ആണും പെണ്ണുമായി കുട്ടികൾ വ്യത്യസ്തപ്രായക്കാരാണ്. മൂത്തകുട്ടിക്ക് കഷ്ടിച്ചു പന്ത്രണ്ടുവയസ്സുണ്ട്. പെൺകുട്ടിയാണ്. തൊട്ടിളയവനു പത്തുവയസ്സു മതിക്കും. അതിനുതാഴെ എട്ടും അഞ്ചും വയസ്സുതോന്നിക്കുന്ന രണ്ടു കുസൃതിക്കുട്ടന്മാർ. ഏറ്റവും ഇളയത് മൂന്നു വയസ്സുള്ള പെൺകുഞ്ഞാണ്.

കംപാർട്ടുമെന്റിലെ മിക്ക കണ്ണുകളും ഇപ്പോൾ കുട്ടികളുടെമേലാണ്. യാത്രയുടെ വൈരസ്യം അകറ്റാൻ കുട്ടികളുടെ കളികൾ കണ്ടിരിക്കാമല്ലോ എന്ന് ചിലർ കരുതി. പക്ഷേ..... കംപാർട്ടുമെന്റിലെ അന്തരീക്ഷം മാറിയത് എത്രപെട്ടെന്നാണ്! കുട്ടിയൾ യാതൊരു നിയന്ത്രണവുമില്ലാതെ കംപാർട്ടുമെന്റിൽ തലങ്ങും വിലങ്ങും ഓട്ടമായി. ഉരുട്ടിപ്പിടിത്തം. കെട്ടിമറിയൽ. ബർത്തിൽ കയറി താഴേക്ക് ചാട്ടം. എന്നുവേണ്ട ആകെ ബഹളം. പോരാഞ്ഞ് ഇളയ രണ്ടു കുട്ടികളും വലിയ വായിലേ നിലവിളിക്കാനും തുടങ്ങി...

മയക്കത്തിലായിരുന്നവർ ഞെട്ടിയുണർന്നു. വായനയുടെ രസച്ചരടു മുറിഞ്ഞവർ അസ്വസ്ഥരായി. കുട്ടികളുടെ നിയന്ത്രണമില്ലാത്ത പെരുമാറ്റം കംപാർട്ടുമെന്റിന്റെ സ്വസ്ഥത നശിപ്പിച്ചപ്പോൾ എല്ലാ കണ്ണുകളും ഒരു കുറ്റപ്പെടുത്തലിന്റെ മൂർച്ചയോടെ നീണ്ടു ചെന്നത് കുട്ടികളുടെ അച്ഛനായ ചെറുപ്പക്കാരനിലേക്കാണ്... അയാളാകട്ടെ ഇതൊന്നും തന്നെ ബാധിക്കുന്നതേ ഇല്ലെന്ന ഭാവത്തിൽ ട്രെയിനിൽ കയറിയപ്പോൾ മുതൽ സീറ്റിൽ ചാരി കണ്ണടച്ച് ഒരേ ഇരുപ്പാണ്. കുട്ടികളെ നിയന്ത്രിക്കേണ്ടത് തന്റെ ഉത്തരവാദിത്വമേ അല്ലെന്ന ഒരുമട്ട്.

അയാളുടെ ഈ നിർവികാരതയും നിസ്സംഗതയും സഹയാത്രക്കാരിൽ അമർഷമാണ് ഉളവാക്കിയത്. എന്തൊരു ഉത്തരവാദിത്വമില്ലാത്ത

മനുഷ്യൻ! മനുഷ്യരായാൽ അല്പം മര്യാദയൊക്കെ വേണ്ടേ? മറ്റുള്ളവരുടെ സ്വകാര്യതയിൽ അതിക്രമിച്ചു കടക്കാൻ കുട്ടികളെ കയറൂരിവിട്ടിട്ട് കണ്ണടച്ചിരിക്കുന്നോ?

കുട്ടികളുണ്ടാക്കിയ ശബ്ദത്തെക്കാൾ അവരുടെ അച്ഛൻ പാലിച്ച നിശ്ശബ്ദതയാണ് സഹയാത്രികർക്ക് ദുസ്സഹമായിത്തോന്നിയത്. ഒടുവിലൊരാൾ ചെറുപ്പക്കാരനെ തട്ടിവിളിച്ചു ചോദിച്ചു: ''സുഹൃത്തേ, നിങ്ങളുടെ കുട്ടികളുടെ കാര്യം നോക്കേണ്ട ഉത്തരവാദിത്വം നിങ്ങൾക്കല്ലേ?''

ചെറുപ്പക്കാരൻ ഒരു നിമിഷം ഒന്നും മിണ്ടിയില്ല. പിന്നെ നേർത്ത സ്വരത്തിൽ പറഞ്ഞു ''ശരിയാണ്. ഇനി അവരുടെ കാര്യം നോക്കേണ്ട മുഴുവൻ ഉത്തരവാദിത്വവും എനിക്കുമാത്രമാണ്. അവരുടെ അമ്മയുടെ അതായത് എന്റെ ഭാര്യയുടെ ശവസംസ്കാരം കഴിഞ്ഞ് വീട്ടിലേക്കു മടങ്ങുകയാണു ഞങ്ങൾ.''

പൊടുന്നനെ ഒരു ബോംബുവീണ നടുക്കം. ആരും ഒന്നും മിണ്ടിയില്ല.

യാത്രക്കാരുടെ മനോമുകുരത്തിൽ ഒരു ചിത്രം തെളിഞ്ഞു. അമ്മയില്ലാത്ത അഞ്ചുകുഞ്ഞുങ്ങളുടെ കൈപിടിച്ച് ഒരു വീട്ടിലേക്ക് ഒറ്റയ്ക്കുചെന്നു കയറുന്ന ഒരു ചെറുപ്പക്കാരൻ.

പാവം! അയാൾ എന്തുചെയ്യും? ജീവിതയാത്രയിൽ അയാൾ ഇപ്പോഴേ ഒറ്റയ്ക്കായല്ലോ. മാത്രമോ? അമ്മയില്ലാത്ത അഞ്ചുകുഞ്ഞുങ്ങൾ. അവരെ അയാൾ എങ്ങനെ സമാധാനിപ്പിക്കും? ആ കുഞ്ഞുങ്ങളെ അയാൾ ഒറ്റയ്ക്ക് എങ്ങനെ വളർത്തിയെടുക്കും? എട്ടുംപൊട്ടും തിരിയാത്ത പിഞ്ചുകുഞ്ഞുങ്ങൾ വരും ദിവസങ്ങളിൽ അവരുടെ അമ്മയെ അന്വേഷിക്കുമ്പോൾ അണപൊട്ടിയൊഴുകി വരുന്ന കണ്ണുനീർ അവർ കാണാതെ അയാൾ എവിടെ ഒളിപ്പിക്കും?

യാത്രക്കാർക്ക് അയാളോടും കുഞ്ഞുങ്ങളോടും സഹതാപമായി. കാര്യം അറിയാതെ അയാളെ വിധിക്കുകയും വിമർശിക്കുകയും ചെയ്തതിൽ അവർക്കു കുറ്റബോധം തോന്നി...

ഗിരിപ്രഭാഷണത്തിൽ യേശുപറഞ്ഞു: ''നിങ്ങൾ....വിധിക്കരുത്.'' എന്തുകൊണ്ടാണ് നാം മറ്റൊരാളെ വിധിക്കരുത് എന്നു പറഞ്ഞിരിക്കുന്നത്? ചില കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ നമ്മുടെ അനുഭവത്തിന്റേയും ലോകപരിചയത്തിന്റെയും പിൻബലത്തിൽ, നമ്മുടെ സഹജാവബോധം ഉപയോഗിച്ച് ചില നിഗമനങ്ങളിൽ ചെന്നെത്തുന്നതിൽ എന്താണു തെറ്റ്? പുക ഉയരുന്നതു കണ്ടാൽ അവിടെ തീയുണ്ടെന്ന് അനുമാനിക്കരുതോ? 'ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നേ' എന്നു തീർപ്പു കല്പിക്കുന്നതല്ലേ അംഗീകൃതരീതി? ഇതിലെല്ലാം എന്താണു തെറ്റ്? ......എന്നിങ്ങനെ മറ്റുള്ളവരെ വിധിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട്





നമുക്കു ധാരാളം ചോദ്യങ്ങൾ ചോദിപ്പാൻ കഴിയും.

പക്ഷേ ഈ ന്യായങ്ങളെല്ലാം നിരത്തിവച്ചശേഷവും വീണ്ടും മാറ്റമില്ലാത്ത ദൈവവചനത്തിൽ നോക്കുമ്പോൾ അവിടെ അതാ യേശുവിന്റെ വാക്കുകൾ, ഒരു സംശയത്തിനും ഇടനൽകാതെ, ന്യായവാദത്തിന് ഒരു പഴുതും നൽകാതെ, സുവ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു – ''നിങ്ങൾ... വിധിക്കരുത്.''

വിധിക്കുന്നത് ഇത്രത്തോളം അപകടകരമായിരിക്കുന്ന ഒരു കാര്യം ആയിരിക്കുന്നത് എന്തുകൊണ്ടാണ്? മറ്റൊരാളെ വിധിക്കുമ്പോൾ നാം ദൈവത്തിനു മാത്രം അർഹതപ്പെട്ട സ്ഥാനം കവർന്നെടുക്കുന്നു എന്നതാണ് അതിനു കാരണം. ദൈവത്തിനു മാത്രമേ ഒരു മനുഷ്യന്റെ പശ്ചാത്തലവും അവൻ വളർന്നുവന്ന ചുറ്റുപാടുകളും അവൻ കടന്നുപോകുന്ന സാഹചര്യങ്ങളും അവന്റെ ഹൃദയത്തിലെ ചിന്തകളും അവന്റെ പ്രവൃത്തികൾക്കു പിന്നിലെ മനോഭാവങ്ങളും പൂർണമായി അറിയുകയുള്ളൂ (തുടക്കത്തിൽ പറഞ്ഞ കഥ ഓർക്കുക). അതുകൊണ്ടുതന്നെ അവനെ വിധിക്കുവാൻ ദൈവത്തിനു മാത്രമേ അവകാശമുള്ളൂ. നാം ചില കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിട്ട് ചില അനുമാനങ്ങളിലെത്തുകയും അതിന്റെ വെളിച്ചത്തിൽ ഒരുവനെ വിധിക്കുകയും ചെയ്യുമ്പോൾ നാം ദൈവത്തിനു മാത്രം അർഹതപ്പെട്ട ഒരു സ്ഥാനത്തു കയറി നില്ക്കുകയാണ്.

മറ്റൊരാളെ വിധിക്കുമ്പോൾ രണ്ടു തെറ്റുകളാണു നാം ചെയ്യുന്നത്. ഒന്ന്: അയാളെ സംബന്ധിച്ച മുഴുവൻ കാര്യങ്ങളും അറിയാത്തതുകൊണ്ട് നമ്മുടെ ഊഹാപോഹങ്ങൾ തീർത്തും തെറ്റിപ്പോകാൻ സാധ്യതയുണ്ട്. ഫലം നമ്മുടെ വിധി ശരിയല്ല. നാം അയാളോടു നീതി കാട്ടുന്നുമില്ല. രണ്ട്: മറ്റൊരാളെ വിധിക്കുമ്പോൾ നാം ദൈവത്തിനു മാത്രം അർഹതപ്പെട്ട ന്യായവിധിയുടെ സിംഹാസനത്തിൽ ബലമായി കയറി ഇരിപ്പുറപ്പിക്കുകയും ന്യായവിധിയുടെ ചെങ്കോൽ സ്വയം കടന്നെടുക്കുകയും ചെയ്യുകയാണ്! നോക്കുക: വിധിക്കുന്നത് എത്ര ഭയങ്കരമായ കാര്യമാണ്!

തീർച്ചയായും നിഗളിയായ ഒരുവനു മാത്രമേ മറ്റൊരാളെ വിധിക്കുവാൻ കഴിയുകയുള്ളൂ. യഥാർത്ഥത്തിൽ താഴ്മയുള്ള ഒരുവന് മറ്റൊരാളെ വിധിക്കാനുള്ള പരീക്ഷ ഉണ്ടാകുമ്പോൾ 'മറ്റൊരുവന്റെ ദാസനെ വിധിക്കുവാൻ ഞാൻ ആർ?' എന്ന ചോദ്യത്തോടെ അവൻ തന്നെത്തന്നെ താഴ്ത്തി ദൈവമുൻപാകെ കവിണ്ണുവീഴും (റോമ. 14:4; സംഖ്യ. 16:4).

മറ്റൊരുവന്റെ ജീവിതത്തിൽ പ്രകടമായ തെറ്റുകൾ കാണുന്നുവെന്നിരിക്കട്ടെ. താഴ്മയുള്ള ഒരുവന് അതു സ്വന്തജീവിതത്തിലെ കുറവുകളെക്കുറിച്ചു ബോധ്യം നൽകും. 'നിങ്ങൾ..വിധിക്കരുത്' എന്നു പറഞ്ഞതിനു തൊട്ടുതാഴെ യേശു പ്രസ്താവിക്കുന്ന വചനങ്ങൾ ഇതിലേക്കു വെളിച്ചം

വീശുന്നു "എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നത് എന്ത്? അല്ല സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്: നില്ല്, നിന്റെ കണ്ണിൽ നിന്നു കരട് എടുത്തുകളയട്ടെ എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പേ സ്വന്തകണ്ണിൽ നിന്നു കോൽ എടുത്തു കളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്നു കരട് എടുത്തു കളവാൻ വെടിപ്പായി കാണും." (മത്താ. 7:3-5)

നാം മറ്റൊരുവന്റെ കണ്ണിൽ ഒരു കരടു കാണുന്നുവെങ്കിൽ അതു നമ്മെ എന്തിലേക്കു നടത്തണമെന്നാണ് യേശു ഇവിടെ പറഞ്ഞിരിക്കുന്നത്? സഹോദരന്റെ കണ്ണിലെ *കരട്* നമ്മുടെ കണ്ണിലെ *കോലിനെ*ക്കുറിച്ചാണു നമ്മെ ഓർപ്പിക്കേണ്ടത്. താഴ്മയുള്ള ഒരുവൻ മറ്റൊരുവന്റെ കുറവുകളെ കാണുമ്പോൾ സ്വാഭാവികമായും ഓർക്കുന്നത് തന്റെ പോരായ്മകളെക്കുറിച്ചായിരിക്കും. മാത്രമല്ല, താരതമ്യം ചെയ്യുമ്പോൾ അവൻ എപ്പോഴും സ്വന്തം കുറവുകളെ വലുതായിക്കാണുകയും ചെയ്യും!

ഈ മനോഭാവം നമുക്കുണ്ടോ? 'നാം നമ്മെത്തന്നേ വിധിച്ചാൽ വിധിക്കപ്പെടുകയില്ല' (1 കൊരി. 11:31)

◆



# കരുണയുടെ കാൽവയ്പ്

ഒരു തേനീച്ചക്കൂടുപോലെ പ്രവർത്തനനിരതമാണു ക്രിസ്തീയ ലോകം ഇന്ന്. ഇത്രത്തോളം ക്രിസ്തീയപ്രവർത്തനങ്ങൾ നടന്ന മറ്റൊരു കാലഘട്ടവുമുണ്ടായിട്ടില്ലെന്നു തന്നെ പറയാം. പക്ഷേ എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങൾക്കും പ്രചോദനം പകരുകയും പ്രവർത്തനങ്ങളെ സജീവവും ചലനാത്മകവുമാക്കിത്തീർക്കുകയും ചെയ്യേണ്ട ഒരു മനോഭാവം, ഹൃദയനില, വികാരം, ഉണ്ട്. അതു മറ്റൊന്നല്ല; സ്നേഹമാണ്. 'സ്നേഹമില്ലയെങ്കിൽ...ഏതുമില്ല.'

സ്നേഹത്തിന്റെ അധ്യായമായ 'ഒന്നു കൊരിന്ത്യർ 13'ൽ പൗലോസ് ഇക്കാര്യത്തിലേക്കു വിരൽ ചൂണ്ടുന്നു. എല്ലാവർക്കും കാണാവുന്നതും മനുഷ്യർ 'വളരെ മഹത്തരം' എന്നു വിലയിരുത്തുന്നതുമായ ധാരാളം പ്രവർത്തനങ്ങളേക്കുറിച്ചാണ് പൗലോസ് ഈ അധ്യായത്തിന്റെ തുടക്കത്തിൽ വിവരിക്കുന്നത്. 'മുഴങ്ങുന്ന ചെമ്പും ചിലമ്പുന്ന കൈത്താള'വും പോലെ ഏറെ ശബ്ദം ഉണ്ടാക്കുന്നതും ശ്രദ്ധപിടിച്ചുപറ്റുന്നതുമായ വാഗ്ധോരണി ഒരു വശത്ത്. 'മലകളെ നീക്കുന്ന' അത്ഭുതപ്രവൃത്തികൾ മറ്റൊരു വശത്ത്. 'അന്നദാനം, ശരീരം ചുടുവാൻ ഏല്പിക്കുക' തുടങ്ങിയ ത്യാഗപരമായ പ്രവർത്തനങ്ങൾ വേറൊരിടത്ത്. ഇവയെല്ലാം വാസ്തവത്തിൽ ഇന്നു ക്രിസ്തീയ ലോകത്തു നടക്കുന്ന വ്യത്യസ്തപ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്യുന്നവയല്ലേ? അതേ, ഇന്നു ക്രിസ്തീയലോകത്ത് വലിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവകാശങ്ങൾ മുഴങ്ങിക്കേൾക്കുന്നു. അത്ഭുതം പ്രവർത്തിക്കുന്ന വിശ്വാസത്തെക്കുറിച്ചും ധാരാളം കേൾക്കുന്നുണ്ട്. ത്യാഗപരമായ പ്രവർത്തനങ്ങളും കുറവല്ല. എന്നാൽ ഇവയെല്ലാം സ്നേഹമില്ലാതെ ചെയ്‌വാൻ കഴിയും എന്ന ദുഃഖസത്യത്തിലേക്കാണ് അപ്പോസ്തലനായ പൗലോസ് വിരൽ ചൂണ്ടുന്നത്. അങ്ങനെ ചെയ്താൽ ' ഒരു പ്രയോജനവുമില്ല' എന്ന് അദ്ദേഹം തൊട്ടടുത്ത് വാക്യത്തിൽ നമുക്കു മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു!

ഏതു കാര്യത്തിലും എന്നപോലെ പ്രവർത്തനങ്ങളിലും യേശുവായിരിക്കണം നമ്മുടെ മാതൃക. അവിടുന്ന് ആളുകളോട് കരുണയോടെ പെരുമാറി. എന്നാൽ മനസ്സലിവിൽ നിന്ന് അഥവാ കനിവിൽ നിന്നാണ് അവിടുത്തെ പ്രവർത്തനം ഉത്ഭവിച്ചത്. കരുണയും കനിവും തമ്മിൽ അല്പം വ്യത്യാസമുണ്ട്. മറ്റുള്ളവരോടുള്ള സ്നേഹത്തിന്റെ ആന്തരികഭാവമാണ് കനിവ് (Compassion). ആ കനിവിന്റെ, മനസ്സലിവിന്റെ, ബഹിർപ്രകടനമാണ് കരുണ(Mercy). യേശു രോഗികളെ സൗഖ്യമാക്കുകയും ആളുകളുടെ

വിശപ്പടക്കുകയും ചെയ്ത ഭാഗമെല്ലാം ശ്രദ്ധിക്കുക. ആദ്യം അവിടുന്ന് അവരോടുള്ള കനിവുകൊണ്ടു നിറഞ്ഞു. തുടർന്ന് അവരോട് കരുണയോടെ പെരുമാറി. ഇത് നമുക്ക് ഒരു വെല്ലുവിളിയാണ്. നമ്മുടെ ക്രിസ്തീയ പ്രവർത്തനങ്ങളെ കരുണയും അതിനും ആഴത്തിൽ കനിവും ആർദ്രമാക്കുന്നുണ്ടോ?

വലിയ പ്രവർത്തനങ്ങൾക്കപ്പുറത്ത് തങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് യേശുവിന്റെ കനിവിന്റെ കാൽച്ചുവടുകളെ പിൻതുടർന്ന ധാരാളം വിശുദ്ധന്മാർ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്നു. ഇന്നും ജീവിക്കുന്നു. ഇവരിൽ ഏറെയും ആരാലും അറിയപ്പെടാത്തവരാണ്. They met at Calvary (അവർ കാൽവറിയിൽ കണ്ടുമുട്ടി) എന്ന ഗ്രന്ഥത്തിൽ ഡബ്ല്യൂ ഇ. സാങ്സ്റ്റർ അത്തരം ഒരു ക്രിസ്തുശിഷ്യന്റെ ജീവിതകഥ വിവരിക്കുന്നുണ്ട്.

അമേരിക്കയുടെ ദക്ഷിണഭാഗത്തുള്ള ഒരു ചെറിയ പട്ടണത്തിൽ പ്രാക്ടീസു ചെയ്തിരുന്ന ക്രിസ്തീയ ഡോക്ടറായിരുന്നു ഡോ. ബ്രായ്ക്കറ്റ്. ക്രിസ്തീയ ഡോക്ടർ എന്ന വിശേഷണം ഡോ. ബ്രായ്ക്കറ്റിനെ സംബന്ധിച്ചിടത്തോളം നൂറു ശതമാനവും ശരിയായിരുന്നു.

തെരുവിലെ ഒരു തുണിക്കടയുടെ മുകളിലായിരുന്നു പാവപ്പെട്ട രോഗികൾ തിക്കിത്തിരക്കുന്ന ഡോ. ബ്രായ്ക്കറ്റിന്റെ കൺസൾട്ടിംഗ് റൂം. താഴെ തെരുവിൽ നിന്ന് മുകളിലേക്കുള്ള ഗോവണിപ്പടി തുടങ്ങുന്നിടത്ത് 'ഡോ. ബ്രായ്ക്കറ്റ്. ഓഫീസ് മുകളിൽ' എന്നെഴുതിയ ഒരു പിച്ചള ബോർഡ് അശരണരായ രോഗികളെ മാടിവിളിച്ചുകൊണ്ട് തൂങ്ങിക്കിടന്നിരുന്നു.

തിരക്കിനിടയിൽ കല്യാണം കഴിക്കാൻ 'മറന്നുപോയ' മനുഷ്യനായിരുന്നു ഡോ. ബ്രായ്ക്കറ്റ്. അദ്ദേഹത്തിന് ഒരിക്കൽ വിവാഹം നിശ്ചയിച്ചിരുന്നതാണ്. തീയതിയും തീരുമാനിച്ചു. ഒരുക്കങ്ങളും പൂർത്തിയായി. എന്നാൽ അന്നു രാവിലെ മെക്സിക്കോകാരിയായ ഒരു പാവപ്പെട്ട യുവതിയുടെ പ്രസവം എടുക്കുന്നതിനുവേണ്ടി ആൾക്കാർ ഡോക്ടറെ കൂട്ടിക്കൊണ്ടുപോയി. അവളുടെ സ്ഥിതി പെട്ടെന്നു വഷളായി. എന്നാൽ ഡോക്ടർ വളരെ ബുദ്ധിമുട്ടി അമ്മയേയും കുഞ്ഞിനേയും രക്ഷപ്പെടുത്തി. തുടർന്ന് അദ്ദേഹം വിവാഹത്തിനായി പള്ളിയിൽ ഓടിക്കിതച്ച് എത്തിയപ്പോഴേക്കും വളരെ താമസിച്ചുപോയിരുന്നു. ഒരാൾക്ക് സ്വന്തം വിവാഹത്തേക്കാൾ പ്രധാനം അന്യരുടെ കാര്യമാണെങ്കിൽ അയാളോട് ഒത്തുപോകാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് വധു പള്ളിവിട്ട് പോയിക്കഴിഞ്ഞിരുന്നു. അവൾ പറഞ്ഞതിൽ ന്യായമുണ്ടെന്നായിരുന്നു അതിഥികളായെത്തിയതിൽ ഭൂരിഭാഗവും അഭിപ്രായപ്പെട്ടത്. എന്നാൽ മരണവക്ത്രത്തിൽനിന്നു ഡോക്ടർ രക്ഷപ്പെടുത്തിയ യുവതിയുടെ ഭർത്താവും ബന്ധുക്കളും മാത്രം വ്യത്യസ്ത





അഭിപ്രായക്കാരായിരുന്നു. പക്ഷേ അവരുടെ ന്യായവാദങ്ങൾ ആരു കേൾക്കാൻ? ജീവിതകാലം മുഴുവൻ അവിവാഹിതനായി ഡോക്ടർ ആതുരശുശ്രൂഷയിൽ മുഴുകി. 'ഈ എളിയവരിൽ ഒരുവനു ചെയ്യുന്നത് എനിക്കു ചെയ്യുന്നു' എന്ന ക്രിസ്തുവചനത്താൽ പ്രചോദിതനായി അദ്ദേഹം ധാരാളം ദരിദ്രരായ രോഗികളെ പ്രതിഫലേച്ഛയില്ലാതെ ചികിത്സിച്ചു. ഒടുവിൽ ഒരു നാൾ ഡോക്ടർ അന്തരിച്ചു.

ശവസംസ്കാരച്ചടങ്ങിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. സംസ്കാരം കഴിഞ്ഞ് അവർ അദ്ദേഹത്തിന്റെ കല്ലറയിൽ ആദരസൂചകമായി ഒരു സ്മാരകശില സ്ഥാപിക്കുന്നതിനേക്കുറിച്ചായി ചർച്ച. ചർച്ചയിൽ ശിലാഫലകത്തിന് എന്ത് ഉയരം വേണം? എന്താണ് അതിൽ എഴുതേണ്ടത്? എന്നിവയെക്കുറിച്ച് ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കഴിഞ്ഞില്ല ഒടുവിൽ രണ്ടുംനാലുമായി ആളുകൾ പിരിഞ്ഞു. പക്ഷേ തന്റെ വിവാഹ ദിവസം ഡോക്ടർ ഏതു കുഞ്ഞിനെ രക്ഷപ്പെടുത്താനായി പോയോ ആ കുഞ്ഞിന്റെ മാതാപിതാക്കൾക്ക് അങ്ങനെ പിരിഞ്ഞുപോകാൻ കഴിയുമായിരുന്നില്ല. വളരെ പാവപ്പെട്ട ആ മെക്സിക്കൻ ദമ്പതികൾക്ക് പണം ചെലവുചെയ്ത് എന്തെങ്കിലും സ്മാരകം സ്ഥാപിക്കുവാനുള്ള ശേഷി ഇല്ലായിരുന്നു. അതുകൊണ്ട് വളരെ ആലോചിച്ചശേഷം ഡോക്ടറുടെ പഴയ ഓഫീസിന് ചുവട്ടിൽ ഉണ്ടായിരുന്ന പിച്ചളബോർഡ് കൊണ്ടുവന്ന് അവർ കല്ലറയ്ക്ക് മുകളിൽ സ്ഥാപിച്ചു. പിറ്റേദിവസം സെമിത്തേരിയുടെ സമീപത്തുകൂടിപോയ എല്ലാവരും ആ കാഴ്ചകണ്ടു. ഡോക്ടറുടെ കല്ലറയ്ക്കു മുകളിൽ മനോഹരമായ പുഷ്പങ്ങളാൽ അലംകൃതമായ, തേച്ചുമിനുക്കിയ പിച്ചളബോർഡ്. അതിൽ എഴുതിയിരിക്കുന്നത് ഇളംവെയിലിൽ വെട്ടിത്തിളങ്ങുന്നു. 'ഡോ. ബ്രായ്ക്കറ്റ് ഓഫീസ് മുകളിൽ!' അതേ, അദ്ദേഹം തന്റെ ഓഫീസ് ഉന്നതത്തിലേക്കു മാറ്റിയിരിക്കുന്നു! എത്ര ഉചിതമായ ഒരു സ്മാരകം!

യേശുവിന്റെ കരുണയുടെ കാൽവയ്പുകളെ ആർദ്രതയോടെ പിൻതുടർന്ന് ഒടുവിൽ ഓട്ടം തികച്ച് ഉയരത്തിലേക്കു സ്ഥാനക്കയറ്റം കിട്ടി അദ്ദേഹം തന്റെ ഓഫീസ് അങ്ങോട്ടുമാറ്റി. ഡോ. ബ്രായ്ക്കറ്റിനെപ്പോലെ, ഡാമിയനെപ്പോലെ അറിയപ്പെടാത്തവരും അറിയുന്നവരുമായ ക്രിസ്തുശിഷ്യന്മാരാണ് ഇരുപതു നൂറ്റാണ്ടു പിന്നിട്ട ക്രിസ്തീയമാർഗ്ഗത്തിന്റെ ധന്യത.

നമ്മോട് ഇടപെടുന്നവർക്ക്, നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, ക്രിസ്തീയ സ്നേഹത്തിന്റെ തൂവൽസ്പർശം നൽകാൻ കഴിയുന്ന കരുണയുള്ള ക്രിസ്ത്യാനികളായി ഈ കാലഘട്ടത്തിൽ ജീവിക്കാൻ നമുക്കും കഴിഞ്ഞിരുന്നെങ്കിൽ....!

◆

# ആഴങ്ങൾ തേടുന്ന ദൈവം

**വേ**ഗം – അതാണ് ഈ കാലഘട്ടത്തിന്റെ മുഖമുദ്ര. എന്തിനും ഏതിനും വേഗം. എല്ലാം പെട്ടെന്നു വേണം. കാത്തുനില്ക്കാൻ ആർക്കും ക്ഷമയില്ല. വെട്ടൊന്ന്, തുണ്ടം രണ്ട്. ആ രീതിയാണ് ഇന്നെല്ലാവർക്കും പഥ്യം. പക്ഷേ ഈ 'ഫാസ്റ്റ് ഫുഡ് സമീപനം' മൂലം നഷ്ടമാകുന്ന ഒന്നുണ്ട്– അത് ആഴമാണ്.

കാര്യങ്ങളുടെ ആഴത്തിലേക്കു കടന്നുചെല്ലാതെ ഉപരിതലത്തെ തൊട്ടുഴിഞ്ഞു പോകുന്ന ആധുനികമനോഭാവം ആത്മീയമണ്ഡലത്തിലും ഇന്നു മേൽക്കൈ നേടിയിരിക്കുന്നു. ആഴമുള്ള, അടിസ്ഥാനപരമായ, മൗലികമായ നിലപാടുകൾ ഇന്ന് എത്ര കുറവാണ്! ആഴമുള്ള അനുതാപങ്ങൾ, അഗാധമായ വിശ്വാസം, ആഴത്തിലേക്കു നീണ്ടുപോകുന്ന ആത്മീയതയുടെ വേരുകൾ.... ഇവയുടെ സ്ഥാനത്ത് ഇന്നു കാണുന്നതെന്താണ്? 'വരിക, വിശ്വസിക്കുക, സമൃദ്ധി നേടുക' എന്ന ആഹ്വാനം ചില ക്രിസ്തീയവേദികളിൽ മുഴങ്ങുന്നു. 'വരിക കൊടുക്കുക, പത്തു മടങ്ങും നൂറുമടങ്ങും തിരികെ നേടുക'... എന്നാണ് മറ്റുചിലടത്തെ പ്രലോഭനം. ഇൻസ്റ്റന്റ് വിശ്വാസം. ഇൻസ്റ്റന്റ് നേട്ടം.... "ഇത് തെരുവിലെ ഒന്നുവച്ചാൽ രണ്ട്, രണ്ടുവച്ചാൽ നാല്' എന്ന വായ്ത്താരികളെയല്ലേ ഓർമിപ്പിക്കുന്നത്?" എന്നാരെങ്കിലും ചോദിച്ചാൽ നമുക്കവരെ കുറ്റപ്പെടുത്താനാവുമോ?

മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ ഇടപെടലുകൾ ഒരിക്കലും കേവലം ഉപരിതലസ്പർശിയായിരുന്നില്ല. മറിച്ച്, അത് ആഴത്തിലേക്കു പോകുന്നതാണ്. ഉദാഹരണത്തിന് മനുഷ്യനുവേണ്ടി ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തെക്കുറിച്ചു ചിന്തിക്കുക. പാപത്തിൽ വീണുപോയ മനുഷ്യനെ രക്ഷിക്കാൻ അവിടുന്ന് ഒരു എളുപ്പവഴി കൈക്കൊണ്ടില്ല. പകരം 'അവിടുന്ന് ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചു കൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ' താഴേക്ക് ഇറങ്ങി വന്നു. ഇത്രയും ആഴത്തിലേക്ക് ഇറങ്ങിവന്ന്, സ്വന്തപുത്രന്റെ ക്രൂശുമരണത്തിലൂടെ മാത്രം, മാനവരാശിക്ക് രക്ഷ ഒരുക്കേണ്ട കാര്യം ദൈവത്തിന് ഉണ്ടായിരുന്നോ? ദൈവ സ്വഭാവത്തിലേക്കാണ് ഇതു വെളിച്ചം വീശുന്നത്. ഗുരുതരമായ ഒരു പ്രശ്നത്തിന് ലഘുവായ ഒരു പരിഹാരം – അതു ദൈവനീതിക്കു യോജിച്ചതല്ല. അവിടുന്നു കാര്യങ്ങളെ ഗൗരവമായി കാണുന്നു. 'സമാധാനം ഇല്ലാതിരിക്കെ, സമാധാനം സമാധാനം എന്നു പറഞ്ഞ് മുറിവിന് ലഘുവായി ചികിത്സിക്കുന്നത്' അവിടുന്ന് ഇഷ്ടപ്പെടുന്നില്ല. 'ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുന്ന' എളുപ്പവഴി മിടുക്കും സാമർത്ഥ്യവുമായി മനു





ഷ്യർ പരിഗണിക്കുമായിരിക്കും. പക്ഷേ ദൈവം അങ്ങനെയല്ല അതിനെ കാണുന്നത്. ഓരോ പ്രശ്നത്തിനും ആഴത്തിലുള്ള പരിഹാരം – അതാണു ദൈവത്തിന്റെ പ്രവർത്തനരീതി. ഈ പ്രവർത്തനശൈലിയുടെ ഭാഗമായാണ് അവിടുന്നു സ്വന്തപുത്രനെപ്പോലും ആദരിക്കാതിരുന്നത്.

പാപത്തിന്റെ പരിഹാരത്തെ യേശു മരണവേദനയോടെ ചൊരിഞ്ഞ രക്തത്തോടു ബന്ധപ്പെടുത്തിയപ്പോൾ സൗഖ്യത്തെ യേശുവിന്റെ അടിപ്പിണരുകളോടാണ് ബന്ധപ്പെടുത്തിയിരിക്കുന്നതെന്നു ശ്രദ്ധിക്കുക. യേശു ശരീരത്തിൽ ഏറ്റ അടികളും ക്ഷതങ്ങളും വേദനയുടെ മറ്റൊരു മുഖമാണ്. ഉവ്വ്, ദൈവത്തിന്റെ പരിഹാരമാർഗ്ഗങ്ങൾ എപ്പോഴും രക്തച്ചൊരിച്ചിലിനോടും, മരണത്തോടും, വ്യഥയോടുമാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് അവ ആഴമുള്ളതായിരിക്കുന്നത്.

വേദന, ആഴം എന്നിവയ്ക്ക് മൂലഭാഷയിൽ ഒരൊറ്റ പദമാണ്– pathos– ഉള്ളതെന്ന് കേട്ടിട്ടുണ്ട്. അതേ, ആഴം എപ്പോഴും വേദനയാണ്. വേദനയെ അറിയാതിരിക്കുമ്പോൾ നാം ആഴത്തെ സ്പർശിക്കുന്നില്ല.മനുഷ്യനോടുള്ള ദൈവത്തിന്റെ പ്രവർത്തനം ആഴമുള്ളതായതിനാൽ ദൈവത്തോടുള്ള മനുഷ്യന്റെ പ്രതികരണവും ആഴമുള്ളതായിരിക്കണമെന്ന് അവിടുന്ന് ആശിക്കുന്നെങ്കിൽ അതു തികച്ചും ന്യായമല്ലേ? ആഴം എപ്പോഴും ആഴത്തെ വിളിക്കുന്നു (സങ്കീ. 42:7). ആഴമുള്ള ഒരു ഇടപെടൽ ആഴമുള്ള ഒരു പ്രതികരണം എപ്പോഴും അവകാശപ്പെടുന്നുണ്ട്. അതുകൊണ്ട് ദൈവത്തോടുള്ള മനുഷ്യന്റെ ഉപരിപ്ലവമായ പ്രതികരണങ്ങൾ ഒരിക്കലും അവിടുത്തെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്നില്ല. അങ്ങനെയെങ്കിൽ ഇന്നു നടക്കുന്ന അനുതാപമില്ലാത്ത മാനസാന്തരങ്ങളെയും ദൈവികമായ ഒരു ദു:ഖത്തിൽ അധിഷ്ഠിതമല്ലാത്ത വിശ്വാസത്തെയുമൊക്കെ ദൈവം എങ്ങനെയായിരിക്കും വീക്ഷിക്കുന്നത്?

ദൈവത്തോടുള്ള ആഴമുള്ള ഏതു പ്രതികരണവും വ്യഥയെ, വേദനയെ, സ്പർശിക്കുന്നതായിരിക്കണം എന്നു നാം കണ്ടു. അങ്ങനെയെങ്കിൽ രക്തം ചൊരിഞ്ഞുള്ള യാഗങ്ങൾക്കോ, ശരീരത്തെ ദണ്ഡിപ്പിക്കുന്നതിനോ പ്രസക്തി ഇല്ലാത്ത പുതിയ നിയമ കാലഘട്ടത്തിൽ ഇത് ഏതു വ്യഥയാണ്? തീർച്ചയായും ഇത് സ്വയത്തെ ത്യജിക്കുമ്പോൾ, സ്വയജീവനെ (soul life) കളയുമ്പോൾ, സ്വയത്തിനു മുറിവേല്ക്കുമ്പോൾ, ഉളവാകുന്ന വേദനയാണ്. ഈ വേദന അറിയാത്ത അർപ്പണങ്ങളെല്ലാം 'ചെലവില്ലാത്ത യാഗങ്ങൾ' മാത്രമായിരിക്കും (2 ശമു. 24:24)

ക്രിസ്തീയലോകത്ത് പുതിയ പഠിപ്പിക്കലുകളും സ്വാധീനങ്ങളും കടന്നുവരുമ്പോൾ അതിൽ സ്വയജീവൻ (soul life) സ്പർശിക്കപ്പെടുന്നുണ്ടോ അതോ അതു സംരക്ഷിക്കപ്പെടുകയാണോ എന്നു ശ്രദ്ധിച്ചാൽ നാം തെറ്റിപ്പോവുകയില്ല. ഉദാഹരണത്തിന് 'വിശ്വസിക്കുക. ആശിക്കുന്നതു നേടുക'

എന്നൊരു സന്ദേശം നാം കേൾക്കുമ്പോൾ അതിൽ പ്രകടമായി കുഴപ്പ മൊന്നും തോന്നിയെന്നു വരികയില്ല. എന്നാൽ അവിടെ പാപത്തെച്ചൊല്ലി യുള്ള നിലവിളിക്കോ, അനുതാപത്തിനോ, ദൈവികമായ ദു:ഖത്തിനോ ഊന്നൽ ഇല്ലാതെ വരുമ്പോൾ സ്വയജീവൻ ഒരുപോറൽപോലും ഏല്ക്കാതെ വിദഗ്ദ്ധമായി സംരക്ഷിക്കപ്പെടുകയല്ലേ? അല്ലെങ്കിൽ വിശ്വാസലോകത്ത് ഇന്നു വ്യാപകമായിരിക്കുന്ന മറ്റൊരു സന്ദേശം ശ്രദ്ധിക്കുക. നിങ്ങൾക്ക് ഒരു നഷ്ടമോ പരാജയമോ ജീവിതത്തിൽ ഒരു തിരിച്ചടിയോ നേരിട്ടാൽ അതു സാത്താന്റെ ഒരു 'പോരാട്ട'മാണ്. ആ 'ബന്ധന'ത്തിൽ നിന്നു 'വിടു തൽ' നേടാൻ മൂന്നു ദിവസത്തെ ഉപവാസപ്രാർത്ഥന നടത്തുക. ഈ സന്ദേ ശത്തിൽ എന്താണു കുഴപ്പം? ഉപവാസവും പ്രാർത്ഥനയും നല്ലതല്ലേ? നല്ല താണ്. പക്ഷേ ഇവിടെ ആത്മപരിശോധനയ്ക്കും, പശ്ചാത്താപത്തിനും, തെറ്റിനുപരിഹാരം വരുത്താനും (വഞ്ചിച്ചെടുത്തതു തിരിച്ചു നൽകാൻ സക്കായി തീരുമാനിച്ചപ്പോഴാണ് 'ഈ വീടിനു രക്ഷവന്നു' എന്ന് യേശു അരുളിച്ചെയ്തത് എന്ന കാര്യം ഓർക്കുക) ഊന്നൽ നൽകാതിരിക്കുന്നിട ത്തോളം സ്വയജീവൻ ഇവിടെയും സ്പർശിക്കപ്പെടുന്നതേ ഇല്ല. ആത്മിക തയുടെ ഒരാവരണത്തിനുള്ളിൽ സ്വയജീവനെ മുറിവേല്ക്കാതെ സംരക്ഷി ക്കുന്നതിൽ എത്ര സമർത്ഥരാണു നാം! സ്വയജീവൻ സംരക്ഷിക്കപ്പെടുന്നി ടത്ത് വേദന അറിയുന്നില്ല. അവിടെ ആഴമുള്ള ഒരു പ്രതികരണമില്ല. അതു കൊണ്ടുതന്നെ ദൈവഹൃദയത്തിനു തൃപ്തി വരുന്നുമില്ല.

മരണപര്യന്തം തങ്ങളുടെ പ്രാണനെ (soul life)സ്നേഹിക്കാത്തവ രാണു ജയാളികൾ (വെളി.12:11). നാം ജയാളികളാണോ? ആഴത്തിൽ കുഴിച്ച് അടിസ്ഥാനം ഇടുന്നവരാണ് ബുദ്ധിയുള്ള മനുഷ്യർ (ലൂക്കോ. 6:48, മത്താ. 7:24). നാം ബുദ്ധിയുള്ള മനുഷ്യരാണോ?

◆



# യേശുവെപ്പോലെ ആകുവാൻ...

**ക്രി**സ്തീയത എന്നത് ചില ആശയങ്ങളോടുള്ള പ്രതിബദ്ധതയല്ല. മറിച്ച് അത് ഒരു വ്യക്തിയോടുള്ള ബന്ധമാണ്– യേശുക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധം.

ഈ ഭൂമിയിൽ ഒരു സാധാരണ ജീവിതം നയിച്ചുകൊണ്ടുതന്നെ യേശു ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം പുലർത്തി ഇന്നും അവിടുത്തെ കാൽച്ചുവടുകൾ പിൻപറ്റുവാൻ കഴിയും എന്നത് എത്ര അത്ഭുതകരമായ കാര്യമാണ്! സത്യത്തിൽ ക്രിസ്തീയതയുടെ കേന്ദ്രം, അതിന്റെ ഹൃദയം, എന്നു പറയുന്നത് ഇതാണ്-യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം. ആ കാൽച്ചുവടുകൾ പിൻതുടരുമ്പോൾ യേശുക്രിസ്തുവിനെ കുറി ച്ചുള്ള വർദ്ധിച്ചു വരുന്ന അറിവ്. ഉവ്വ്, ക്രിസ്തീയതയുടെ കാതൽ ഇതാണ്.

പക്ഷേ ഇന്ന് ക്രിസ്തീയതയുടെ ഈ കേന്ദ്രസത്യത്തെക്കുറിച്ചു വള രെക്കുറച്ചേ കേൾക്കാറുള്ളൂ. എല്ലാ ആത്മീയാനുഭവങ്ങളും ഒരു ക്രിസ്ത്യാ നിയെ നയിക്കേണ്ടത് ഈ ലക്ഷ്യത്തിലേക്കാണ് എന്ന സത്യം ഇന്ന് ഏറെ ക്കുറെ വിസ്മരിക്കപ്പെട്ടു പോയിരിക്കുന്നതുപോലെ.

സുവിശേഷവിഹിതരായ ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ആത്മീയാ നുഭവങ്ങളെ വിവരിക്കുവാൻ പ്രത്യേക ചില സാങ്കേതിക പദങ്ങളുണ്ട്. മാന സാന്തരം, വീണ്ടും ജനനം, രക്ഷ, സ്നാനം, ആത്മസ്നാനം എന്നിങ്ങനെ. ഒരുവൻ യേശുവിനെക്കുറിച്ചുള്ള സുവിശേഷം കേട്ട് പാപവഴികളെ വിട്ടു മനംതിരിഞ്ഞ് യേശുവിൽ വിശ്വസിച്ച് തന്നെ കർത്താവും നാഥനുമെന്ന് ഹൃദയത്തിൽ സ്വീകരിക്കുമ്പോഴാണ് വീണ്ടും ജനനം നടക്കുന്നത്. സത്യ ത്തിൽ ഇത് എന്താണ്? യേശുവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ തുടക്കമാണിത്. തുടർന്ന് ഒരുവനിൽ വർദ്ധിച്ചു വരുന്ന ക്രിസ്ത്വനുഭവത്തെ സൂചിപ്പിക്കുന്ന നാഴികക്കല്ലുകളായിരിക്കണം മുകളിൽ പറഞ്ഞ വേദശാ സ്ത്രപരമായ സാങ്കേതിക പദങ്ങളോരോന്നും. അവ ഓരോന്നും അവയിൽ തന്നെ ഒരവസാനമല്ല. മറിച്ച് അവ സുവിശേഷത്തിന്റെ കേന്ദ്ര ലക്ഷ്യത്തി ലേക്കുള്ള പ്രയാണത്തിനിടയിലെ നിർണായകമായ ചുവടുവയ്പുകളെ സൂചി പ്പിക്കുന്ന നാഴികക്കല്ലുകൾ മാത്രമാണ്. കേന്ദ്ര ലക്ഷ്യം എന്നു പറയുന്നത് ശിഷ്യത്വത്തിന്റെ വഴിയിലൂടെ തന്നെ അനുഗമിച്ച് യേശു ജീവിച്ചതുപോലെ ജീവിക്കുകയും അവിടുന്നു നടന്നതു പോലെ നടക്കുകയും അവിടുത്തെ സ്വരൂപത്തോട് അനുരൂപരാകുകയും ചെയ്യുക എന്നതാണ്. ഇത് കേൾക്കു മ്പോൾ സുവിശേഷ വിഹിതരെന്ന് അവകാശപ്പെടുന്ന പലരും ചോദിക്കു ന്നത് ഇങ്ങനെയാണ് ''എന്ത്! യേശു ജീവിച്ചതു പോലെ ജീവിക്കുകയോ? അവിടുന്ന് ഈ ഭൂമിയിൽ നടന്നതുപോലെ നടക്കുകയോ? നമ്മൾ, ശരാ ശരി മനുഷ്യർക്ക് അതു സാധ്യമാണോ?. യേശു മരിച്ചവരെ ഉയിർപ്പിച്ചു.

വെള്ളത്തിനുമീതെ നടന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തൃപ്ത രാക്കി. യേശുവിനെപ്പോലെ ആയിത്തീരുവാൻ നമുക്കു കഴിയുമെന്നോ?. ഇതൊക്കെ അതിരുകടന്ന ചിന്തകളാണ്. ബൈബിളിലില്ലാത്ത കഠിന ഉപ ദേശങ്ങളാണിവയൊക്കെ....''

ബൈബിളിൽ നിന്ന് ഒരു വാക്യം കാണുക ''അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു'' (1 യോഹ.2:6) ഇത് ഒരു അർത്ഥശങ്കയ്ക്കും ഇടനൽകാത്ത വ്യക്തമായ ഒരു വചനമാണ്. അവനിൽ-ക്രസ്തുവിൽ-വസിക്കുന്നു എന്നാണോ നിന്റെ അവ കാശവാദം? ശരി, എങ്കിൽ നീ യേശുവിന്റെ ജീവനാൽ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു.

ഈ വചനത്തിനു മുമ്പിൽ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? ഇതി നോട് നമുക്കു രണ്ടു വിധത്തിൽ പ്രതികരിക്കുവാൻ സാധിക്കും. ഒന്ന്: 'ഓ ഇത് അത്ര ഗൗരവമായി എടുക്കേണ്ട കാര്യമില്ല. ഇതൊന്നും പ്രായോഗിക മല്ല.' രണ്ട്: 'അനുസരിക്കാൻ കഴിയാത്ത കാര്യങ്ങളൊന്നും ദൈവവചനം അനുശാസിക്കുകയില്ല. ഞാൻ ഇതു ഗൗരവമായി എടുത്ത് ഇക്കാര്യത്തിൽ ശ്രദ്ധിക്കും. എന്റെ സ്വന്ത പ്രവൃത്തികൊണ്ട് ഇതു സാധ്യമല്ലെങ്കിലും എന്നി ലുള്ള യേശുവിന്റെ ജീവൻ എല്ലാറ്റിനും പര്യാപ്തമാണ്.'

ഈ രണ്ടു പ്രതികരണങ്ങൾ ഉള്ളതിൽ നാം ഏതാണ് സ്വീകരിക്കു ന്നത് എന്നതിനെ ആശ്രയിച്ചാണു നമ്മുടെ ആത്മീയ പുരോഗതി മുഴുവൻ ഇരിക്കുന്നത്. നാം ഇതിൽ ഏത് വിശ്വസിക്കും? തീരുമാനം നിർണായകമാ ണ്. കാരണം നാം ഇതിൽ ഏതു വിശ്വസിച്ചാലും ഒടുവിൽ നമ്മുടെ ''വിശ്വാസം പോലെ നമുക്കു ഭവിക്കും''.

ബൈബിളിൽ ഈ വാക്യം കണ്ടപ്പോൾ ജോൺവെസ്ലി എന്ന ദൈവ പുരുഷൻ അതിനോട് ഇങ്ങനെയാണ് പ്രതികരിച്ചതെന്നു കേട്ടിട്ടുണ്ട്. ഈ വചനത്തിനു മുമ്പിൽ അദ്ദേഹം വളരെ ഉത്സാഹഭരിതനായി. സാധ്യതയുടെ ഒരു വലിയ വാതിലാണ് ഇതു തന്റെ മുൻപിൽ തുറന്നിടുന്നതെന്ന് അദ്ദേഹം കണ്ടു. ''എന്ത്? എന്നെപ്പോലെയുള്ള ഒരുവനും ഈ ഭൂമിയിൽ യേശു നട ന്നതുപോലെ നടക്കാമെന്നോ! ഹാ! എത്ര വലിയ സാധ്യത!'' അദ്ദേഹം ആശ്ചര്യഭരിതനായിപ്പറഞ്ഞുപോയി. യേശു നടന്നതുപോലെ നടക്കുവാനുള്ള കല്പന പലരേയും ഭാരപ്പെടുത്തുകയും അവരുടെ ഉത്സാഹം കെടുത്തു കയും ചെയ്യുമ്പോൾ ഇതേ കല്പന യുവാവായ വെസ്ലിയെ ഉത്തേജിപ്പിക്കു കയും വെല്ലുവിളിക്കുകയുമായിരുന്നു. ലോകം കണ്ട ഏറ്റവും വലിയ വിശു ദ്ധന്മാരിലൊരുവനായി പിന്നീട് വെസ്ലി മാറിയതിൽ എന്തത്ഭുതം.?

ഈ വചനത്തെ നമുക്കു സൂക്ഷ്മമായി ശ്രദ്ധിക്കാം. ഇതു നമ്മോടാവ ശ്യപ്പെടുന്നത് ''അവൻ നടന്നതുപോലെ നടക്കുവാനാണ്."നടപ്പ്. അതുമതി.





കാലുകളും നടപ്പും ജീവിതത്തെ കാണിക്കുമ്പോൾ കൈകളും പ്രവൃ ത്തിയും ശുശ്രൂഷയെ കുറിക്കുന്നു. ശുശ്രൂഷയുടെ തലത്തിൽ എല്ലാവർക്കും യേശുവിനെ പിൻപറ്റുവാൻ കഴിയുകയില്ല. എന്നാൽ ദൈനംദിനജീവിത സാഹചര്യങ്ങളിൽ, പ്രായോഗിക ജീവിതത്തിൽ, അവിടുത്തെ കാൽച്ചുവടു പിൻപറ്റുവാനുള്ള വിളി എല്ലാവർക്കും ഉള്ളതാണ്. പത്രോസ് പറയുന്നതു ശ്രദ്ധിക്കുക: ''നിങ്ങൾ കുറ്റം ചെയ്തിട്ട് അടികൊള്ളുന്നതു സഹിച്ചാൽ എന്ത് യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവ ത്തിനു പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.''

വായിൽ വഞ്ചന ഇല്ലാതെ, ശകാരിച്ചിട്ടു പകരം ശകാരിക്കാതെ, കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെ, ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിച്ച്, ഉറച്ച കണ്ണുനീരോടും നിലവിളിയോടും അപേക്ഷയും അഭയ യാചനയും കഴിച്ച്, കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി ഒരുവൻ നൂറ്റാണ്ടുകൾക്കു മുമ്പ് ഈ ഭൂമിയുടെ പരപ്പിലൂടെ നടന്നു പോയി. മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും അവൻ ജീവിച്ചു. തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയും രോമം കത്രിക്കു ന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ ആയി രുന്നു. അവന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ നാമെല്ലാം വിളിക്കപ്പെട്ടി രിക്കുന്നു...

ക്രൂശിന്റെ പാതയിലൂടെയുള്ള ഈ അനുഗമനത്തിൽ നാം ഒരോചുവ ടുവയ്പിലും യേശുവിനെ കൂടുതൽ കൂടുതൽ അറിഞ്ഞുകൊണ്ടിരിക്കും. ക്രിസ്തീയതയുടെ കേന്ദ്രത്തിലേക്ക്, സുവിശേഷത്തിന്റെ ഹൃദയത്തിലേ ക്ക്, നാം കൂടുതൽ നടന്ന് അടുത്തുകൊണ്ടിരിക്കും.

◆

# വിജയകരമായ ക്രിസ്തീയജീവിതം

**വി**ജയകരമായ ഒരു ക്രിസ്തീയജീവിതം. അതു സാധ്യമാണോ? സാധ്യമാണെങ്കിൽത്തന്നെ എല്ലാവർക്കും അതിൽ പ്രവേശിക്കാൻ കഴിയുമോ? ഇല്ലെങ്കിൽ എന്താണു തടസ്സം? കഴിയുമെങ്കിൽ എന്താണതിനുള്ള വഴി?....ആഴമുള്ള ഒരു ജീവിതത്തിന് ആഗ്രഹിക്കുന്നവർക്ക് ചോദ്യങ്ങൾ ഒട്ടേറെയാണ്; സംശയങ്ങളും.

വിജയകരമായ ക്രിസ്തീയജീവിതം. അങ്ങനെയൊന്നുണ്ടോ? ഉണ്ട്. എന്താണുറപ്പ്? ബൈബിളിൽ അങ്ങനെ പറയുന്നു എന്നതു തന്നെ. ഒരു വാക്യം കാണുക. "നിങ്ങൾ കൃപയ്ക്കധീനരാകയാൽ പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ലല്ലോ. "(റോമ. 6:14) പാപം നമ്മെ ഭരിക്കാത്ത, പാപത്തിന്മേൽ നമുക്കു ജയമുള്ള, കർത്താവുമായി നിരന്തരബന്ധമുള്ള, വീഴാതെ അവിടുന്നു നമ്മെ കാക്കുന്ന ഒരു ജീവിതമുണ്ടെന്നു ബൈബിൾ നമുക്ക് ഉറപ്പു നൽകുന്നു.

ഇങ്ങനെ ഒരു ജീവിതം ഇല്ലെന്നും ഈ ഭൂമിയിൽ നമുക്കതു സാധ്യമല്ലെന്നുമുള്ളതാണ് പിശാച് എപ്പോഴും നമ്മെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്ന ഭോഷ്ക്. ഒരു ദൈവികസത്യം അങ്ങനെ തന്നെയാണെന്നു നാം കേൾക്കുകയും അതുവിശ്വസിക്കുകയും ചെയ്താൽ മാത്രമേ അതു നമ്മുടെ ജീവിതത്തെ സംബന്ധിച്ചു യാഥാർത്ഥ്യമായിത്തീരുകയുള്ളു. അതുകൊണ്ടാണല്ലോ പൗലോസ് പറയുന്നത്: "അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും"? (റോമർ 10: 14) ഇക്കാര്യം വളരെ നന്നായി അറിയുന്നവനാണു പിശാച്. അതുകൊണ്ട് ആരും വിജയകരമായ ഒരു ജീവിതത്തിലേക്കു പ്രവേശിക്കാതിരിക്കാൻ അതേക്കുറിച്ചുള്ള കേൾവിയെത്തന്നെ അവൻ തടയുന്നു. കേട്ടാൽ തന്നെ അതു വിശ്വാസമായി പരിണമിക്കാതിരിക്കാൻ അത് ദുരുപദേശമാണെന്നോ, അസാധ്യമാണെന്നോ അവൻ നിരന്തരം മന്ത്രിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ദൈവത്തിനു മഹത്വം, 'പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനാണല്ലോ ദൈവപുത്രൻ വന്നത്'.

വിജയകരമായ ക്രിസ്തീയജീവിതത്തെക്കുറിച്ചു ബൈബിളിലുള്ള വാഗ്ദാനങ്ങൾ എല്ലാം സത്യമാണ് (Truth). പക്ഷേ ഈ സത്യങ്ങൾ നമ്മെ പലരെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമായി (Reality) പരിണമിച്ചിട്ടില്ല. സത്യം ഒരു ഉയർന്ന തലത്തിൽ നിലയുറപ്പിച്ചിരിക്കുന്നു. യാഥാർത്ഥ്യം പരാജയത്തിൽ മുഖം ഒളിപ്പിച്ച് വളരെ താഴെ നില്ക്കുന്നു. ഈ സത്യത്തിനും യാഥാർത്ഥ്യത്തിനും ഇടയിൽ വലിയ ഒരു വിടവുണ്ട്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതാണ് നമ്മുടെ ഇന്നത്തെ അസ്വസ്ഥതയ്ക്കു





കാരണം. ഈ സത്യത്തെയും യാഥാർത്ഥ്യത്തെയും തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാം? ഇവയെ എങ്ങനെ പൊരുത്തപ്പെടുത്താം? ഇവയ്ക്കിടയിൽ എങ്ങനെ ഒരു പാലം പണിയാം?

ഇക്കാര്യം വിശദീകരിക്കാൻ ഒരു ഉദാഹരണം കുറിക്കട്ടെ. ഒരു കോടീശ്വരൻ തന്റെ മകനു വേണ്ടി അവന്റെ പേരിൽ വളരെ വലിയ ഒരു തുക ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു എന്നു കരുതുക. പക്ഷേ മകൻ ഇത് അറിയുന്നില്ല. അങ്ങനെയിരിക്കെ പിതാവു മരിച്ചു. താൻ വലിയൊരു സമ്പത്തിന്റെ ഉടമയാണെന്നുള്ള സത്യം മനസ്സിലാക്കാതെ ഈ മകൻ ദരിദ്രനായിക്കഴിയുകയാണ്. കോടികൾ ബാങ്കിൽ നിക്ഷേപമുള്ള, വലിയ ധനികനാണ് ഈ മകൻ എന്നതാണു സത്യം. എന്നാൽ ഒരു നേരത്തെ ഭക്ഷണത്തിനു വകയില്ലാതെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് വെറും ദരിദ്രനായാണ് അവൻ ജീവിക്കുന്നത് എന്നതാണു യാഥാർത്ഥ്യം. എപ്പോഴാണ് ഈ സത്യവും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തപ്പെടുന്നത്? താൻ വലിയൊരു സ്വത്തിന്റെ ഉടമയാണെന്നും മേലിൽ ഉങ്ങനെ ദരിദ്രനായി ജീവിക്കേണ്ട കാര്യമില്ലെന്നും ഒരു ചെക്കെഴുതി കൊടുത്താൽ ബാങ്കിലുള്ള കോടികൾ സ്വന്തമാക്കാമെന്നും ഈ മകൻ തിരിച്ചറിയുന്ന നിമിഷമാണ് സത്യം യാഥാർത്ഥ്യമായിത്തീരുന്നത്.

ക്രിസ്തുയേശുവിൽ നമുക്കുള്ള എല്ലാ അനുഗ്രഹങ്ങളും പദവികളും വാഗ്ദാനങ്ങളും, ഈ നിലയിൽ ചിന്തിച്ചാൽ, ബാങ്കിൽ നമ്മുടെ പേരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന സ്ഥിരനിക്ഷേപം പോലെയാണ്. 'നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരുപനായ പുത്രന്റെ രാജ്യത്തിലാക്കി വച്ചിരിക്കുന്നു' 'അവനിൽ നിങ്ങൾ പരിപൂർണരായിരിക്കുന്നു'. 'നമ്മെ ക്രിസ്തുയേശുവിൽ അവനോടുകുടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു'. 'ആകയാൽ... പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല' 'മാത്രമല്ല, ഇപ്പോൾ നിങ്ങൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കുന്നു'. ഇതെല്ലാം നമ്മെ സംബന്ധിച്ച സത്യങ്ങളാണ്. പക്ഷേ ഇവയെല്ലാം സത്യമായിരിക്കുമ്പോൾ തന്നെ കീറിയ വസ്ത്രം ധരിച്ച ദരിദ്രനായ ആ മകനെപ്പോലെ നാം പരാജയപ്പെട്ട, പാപത്തിനു കീഴടങ്ങിയ, ഭാരപ്പെട്ട, ഒരു ക്രിസ്തീയജീവിതം നയിക്കുന്നു എന്നതല്ലേ യഥാർത്ഥ്യം? ബൈബിളിലെ സത്യങ്ങൾ പലതും നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യമായിത്തീർന്നിട്ടില്ല. ഈ സത്യങ്ങളെ യാഥാർത്ഥ്യമാക്കിത്തീർക്കാൻ നാം എന്തു ചെയ്യണം? ക്രിസ്തുയേശുവിൽ നാം സമ്പന്നരാണെന്ന സത്യത്തിലേക്കു നമ്മുടെ കണ്ണുകൾ തുറക്കുകയും വിശ്വാസത്തിന്റെ ഒരു ചെക്ക് എഴുതിക്കൊടുത്ത് ആ സമ്പന്നതയിലേക്കു നാം പ്രവേശിക്കുകയും ചെയ്യുമ്പോഴാണ് നമ്മെ സംബന്ധിച്ചിടത്തോളം ആ സത്യങ്ങൾ യാഥാർത്ഥ്യമായിത്തീരുന്നത്.

അപ്പോഴാണ് വിജയകരമായ ഒരു ജീവിതത്തിലേക്കു നാം ചുവടു വയ്ക്കുന്നത്.

നമ്മിൽ പലരുടെയും ധാരണ സ്വന്തപ്രവൃത്തിയുടെ ചെക്ക് എഴുതിക്കൊടുത്ത് ആ സ്വത്ത് കൈവശമാക്കാം എന്നാണ്. വിജയകരമായ ഒരു ജീവിതത്തെക്കുറിച്ചു കേൾക്കുമ്പോൾ കുറെക്കൂടി അച്ചടക്കം ഉള്ള ജീവിതം നയിച്ച്, കുറെക്കൂടി അനുസരണം പാലിച്ച്, സ്വയ പ്രയത്നങ്ങളിലൂടെ അതിലേക്ക് പ്രവേശിക്കാമെന്നു നാം കരുതും. പക്ഷേ കുറെ കഴിയുമ്പോൾ അതൊന്നും പ്രയോജനപ്പെടുകയില്ല എന്നു നാം കണ്ടെത്തും. ഇക്കാര്യത്തിൽ നമ്മൾ സ്വന്തശക്തിയുടെ നെല്ലിപ്പലകയിൽ എത്തുവാൻ വേണ്ടി നമ്മുടെ പ്രവൃത്തികൾ നിരന്തരം പരാജയപ്പെടുവാനും വീണ്ടുംവീണ്ടും തോല്ക്കുവാനും ദൈവം അനുവദിക്കും. സ്വയപ്രയത്നത്തിന്റെ ചെക്കുകൾ ഇങ്ങനെ പലവട്ടം മടങ്ങിവരുമ്പോൾ, സ്വന്തശക്തിയുടെ അവസാനകണികയും നഷ്ടപ്പെടുമ്പോൾ, ദൈവം തന്നെ നമ്മുടെ കണ്ണുകളെ തുറക്കുകയും നാം വിശ്വാസത്തിന്റെ ചെക്ക് എഴുതിക്കൊടുത്ത് ആ ജയജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. അപ്പോൾ നമുക്ക് ഒരു സ്വയപ്രശംസയും കൂടാതെ പറയുവാൻ കഴിയും 'നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം'. ഹല്ലേലുയ്യാ!.

◆



# ആ പാദമുദ്രകളിൽ പദമൂന്നി.....

"ക്രിസ്തീയതയെ ഇന്നു നമ്മൾ അങ്ങേയറ്റം ലഘൂകരിച്ചിരിക്കുന്നു: ദൈവം സ്നേഹം തന്നെ. യേശു നിനക്കുവേണ്ടി മരിച്ചു. വിശ്വസിക്കുക. സന്തോഷിക്കുക, വിനോദിക്കുക, മറ്റുള്ളവരോടും പറയുക. മതി, പോകാം – ഇതാണ് നമ്മുടെ കാലഘട്ടത്തിലെ ക്രിസ്തീയത." എ. ഡബ്ല്യൂ. ടോസറിന്റേതാണീ വാക്കുകൾ. സത്യത്തിന്റെ തിളങ്ങുന്ന വാൾത്തല ഈ വരികളിൽ നമുക്കു കാണാം.

'വിഡ്ഢിപ്പെട്ടി'യുടെ ചില്ലിൽ മിന്നിമറയുന്ന മായക്കാഴ്ചകളിൽ ഒതുങ്ങുന്നു ഇന്നു ഭൂരിപക്ഷം ആളുകളുടേയും ജീവിതം. അവരുടെ നേരമത്രയും അതിനുമുമ്പിൽ എരിഞ്ഞുതീരുന്നു. ഗൗരവമുള്ള എന്തെങ്കിലും ആലോചിക്കാനുള്ള സമയമോ ക്ഷമയോ ആർക്കും ഇല്ല. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിന്റെ ആഴംകുറഞ്ഞ അഭിരുചികൾക്കു യോജിച്ച നിലയിൽ ക്രിസ്തീയതയും അങ്ങേയറ്റം ലഘൂകരിക്കപ്പെട്ടിരിക്കുന്നു. ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ക്രിസ്തീയമീറ്റിംഗിൽ 'അമ്പതു മിനിറ്റ് ഗാനശുശ്രൂഷ, പത്തുമിനിട്ട് വചനശുശ്രൂഷ' എന്ന മട്ടിൽ പ്രോഗ്രാം ക്രമീകരിക്കുവാൻ നാം നിർബന്ധിതരാകുന്നതും ലഘൂകരിക്കപ്പെട്ട ഈ മനോഭാവത്തിലേക്കല്ലേ വിരൽ ചൂണ്ടുന്നത്?

ക്രിസ്തീയസത്യങ്ങളോടും ഉപദേശങ്ങളോടും അടുത്തുവരുമ്പോഴും ഉപരിപ്ലവമായ ഈ മനോഭാവത്തിന്റെ സ്വാധീനം ഇന്നു വ്യക്തമാണ്. പാപക്ഷമയും വീണ്ടുംജനനവും– പലരുടെയും ദൈവാനുഭവത്തിന്റെ ചക്രവാളം അവിടംകൊണ്ട് ഒതുങ്ങുന്നു. ഇതിനും അപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ ചിലർ എടുത്തടിച്ച മട്ടിൽ ചോദിക്കും: "ക്രൂശിലെ കള്ളൻ ഇതൊന്നും ചെയ്തില്ലല്ലോ. എന്നിട്ടും അവൻ പറുദീസയിൽ പോയില്ലേ? എനിക്കും സ്വർഗ്ഗത്തിൽ എങ്ങനെയെങ്കിലും പോയാൽ മതി. അതുകൊണ്ട് ഇത്രയൊക്കെ മതിയല്ലോ."

"മതിയെങ്കിൽ മതി. സുഹൃത്തേ, ക്രൂശിലെ കള്ളൻ മരിച്ചുപോയി. താങ്കൾ ജീവിച്ചിരിക്കുന്നു. ഇത്രയല്ലേ ഉള്ളു വ്യത്യാസം?" എന്നു ചോദിച്ച് ആ അദ്ധ്യായം അവസാനിപ്പിക്കുവാൻ നാം നിർബന്ധിതരാകും.

മറ്റൊരു കൂട്ടർ ഇതിനും ഒരു പടി മുൻപിലാണ്. ഉപദേശസത്യങ്ങളെല്ലാം കടുകിട തെറ്റാതെ അനുസരിക്കുന്നുവെന്ന് അവകാശപ്പെടുന്ന 'സുവിശേഷവിഹിതരായ' ക്രിസ്ത്യാനികളാണവർ. പക്ഷേ യേശു നടന്നതുപോലെ നടക്കുന്നതിനെക്കുറിച്ച് അവരോടു പറഞ്ഞുനോക്കൂ. ഒട്ടേറെ നെറ്റികൾ ചുളിയുകയും പുരികങ്ങൾ ഉയരുകയും ചെയ്യുന്നതു കാണാൻ കഴിയും. "യേശു ജീവിച്ചതുപോലെ ജീവിക്കുകയെന്നോ? മനുഷ്യരായ നമ്മളോ? ഹോ! എന്തൊരു ദുരുപദേശം!" ഇതാണു പ്രതികരണം.

യേശുക്രിസ്തു പൂർണദൈവമാണ്. അതേസമയം പൂർണമനുഷ്യനു മായിരുന്നു. മനുഷ്യന്റെ പരിമിതമായ ബോധ്യങ്ങൾക്കോ കൊച്ചുഹൃദയ ത്തിനോ എത്തിപ്പിടിക്കാൻ കഴിയാത്തവിധം ആദിയിൽതന്നെ അന്തവും അവസാനത്തിൽ തന്നെ ആദിയുമായിരിക്കുന്ന അപരിമേയനാണ് ദൈവം. ആ വലിയ ദൈവം മനുഷ്യർക്ക് മനസ്സിലാകും വിധത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തിയതാണ് യേശുക്രിസ്തു. അവിടുന്ന് ഈ ഭൂമിയിൽപ്പിറന്നു. മുപ്പതുവർഷം ആരാലും അറിയപ്പെടാതെ ഗലീലയിലെ ഒരു കൊച്ചുഗ്രാമ ത്തിൽ അമ്മയും സഹോദരങ്ങളുമടങ്ങുന്ന ഒരു കുടുംബത്തിന്റെ ഉത്തര വാദിത്വം വഹിച്ച് നിത്യവൃത്തിക്കുവേണ്ടി ഒരു ലളിതമായ തൊഴിൽ ചെയ്തു ജീവിച്ചു.

തുടർന്ന് മൂന്നരവർഷം ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു കൊണ്ട് ഗലീലയിലും യഹൂദ്യയിലും ചുറ്റി സഞ്ചരിച്ചു. അന്ന് സമൂഹം അറപ്പോടെ വീക്ഷിച്ചിരുന്ന അസ്പൃശ്യരായ കുഷ്ഠരോഗികളെ 'തൊട്ടു' സൗഖ്യമാക്കിയപ്പോൾ യേശു പിതാവിന്റെ കരുണാർദ്രമായ ഹൃദയം വെളി പ്പെടുത്തുകയായിരുന്നു. സ്വയം വിശന്നും തല ചായ്ക്കാനിടമില്ലാതെയും സഞ്ചരിക്കുമ്പോൾ തന്നെ വിശപ്പുകൊണ്ടു തളർന്നുപോകുന്ന പുരുഷാ രത്തെ കണ്ട് മനസ്സലിഞ്ഞ് അവരെ തൃപ്തരാക്കി അയച്ചപ്പോൾ പിതാവിന്റെ കനിവ് അവിടുന്നു പ്രദർശിപ്പിക്കുകയായിരുന്നു. ചുങ്കക്കാരെയും വേശ്യമാ രെയും അകലെ നിർത്താതെ അവരോട് ക്ഷമിച്ചും അവർക്കു നേർവഴി കാട്ടിയും 'പാപികളുടെ സ്നേഹിതൻ' എന്ന പേർ സമ്പാദിക്കുകയും ഒടു വിൽ കുരിശിൽ പാപികൾക്കുവേണ്ടി മരിക്കുകയും ചെയ്തപ്പോൾ എല്ലാ തരക്കാരും അടങ്ങുന്ന മാനവരാശിയോടുള്ള പിതാവിന്റെ സ്നേഹം അവി ടുന്നു വെളിപ്പെടുത്തുകയായിരുന്നു. കൃപയുടെ കരുണാർദ്രമായ ഈ മുഖം മാത്രമല്ല യേശുവിനുണ്ടായിരുന്നത്. സ്വന്ത ഇഷ്ടത്തെ പിതാവിന്റെ ഇഷ്ട ത്തിനു കീഴ്പ്പെടുത്തുന്ന ക്രൂശിന്റെ കഠിനപാതയും അവിടുത്തേക്ക് അന്യ മായിരുന്നില്ല. 'എനിക്കു സ്വയമായി ഒന്നും ചെയ്വാൻ കഴിയുകയില്ല' എന്നു പറഞ്ഞ യേശു ഈ രണ്ടു കാര്യത്തിനും പിതാവിൽ മാത്രം ആശ്രയിക്കുന്ന ഒരു ജീവിതമാണ് നയിച്ചിരുന്നത്.

യേശുക്രിസ്തുവിന്റെ ഈ ജിവിതം ആരെയും മോഹിപ്പിക്കുന്ന വിധം ചേതോഹരമാണ്. അത് എത്ര ലളിതം! പക്ഷേ എത്ര സുന്ദരം!! സത്യത്തെ സ്നേഹിക്കാൻ മനസ്സുള്ള എല്ലാവരും ഈ യേശുവിനെ നാഥനും കർത്താ വുമായി സ്വീകരിച്ച് അവിടുത്തെ കാൽച്ചുവടുകൾ പിൻതുടരുവാൻ ആഗ്ര ഹിക്കും. യേശു ആവശ്യപ്പെട്ടതും അതുതന്നെയായിരുന്നല്ലോ –"എന്നെ അനുഗമിക്കുക".

ഉപരിപ്ലവമായ ഒരു ക്രിസ്തീയജീവിതത്തോടു വിടപറഞ്ഞ് കൃപയു ടേയും ക്രൂശിന്റേയും വഴിയിലൂടെ പിതാവിലുള്ള പൂർണ്ണാശ്രയത്തിൽ യേശു നടന്നുപോയതുപോലെ നടക്കുവാനുള്ള ആഹ്വാനം നമുക്കുള്ളതാണ്. നാം ഇതിനോട് എങ്ങനെ പ്രതികരിക്കും? പ്രസക്തമായ ചോദ്യം ഇതാണ്.

◆



# വിഗ്രഹങ്ങളേ വിട

**ആ**ഫ്രിക്കയിൽ പ്രേഷിതവൃത്തിക്കായിപ്പോയ ഒരു മിഷനറിസായ്പിന്റെ അനുഭവം കേട്ടിട്ടുണ്ട്. അവിടെ ഗോത്രവർഗ്ഗക്കാരിൽ ചിലർ സായ്പിന്റെ പ്രസംഗം കേട്ട് മുന്നോട്ടുവന്നു. പക്ഷേ അവർക്ക് തങ്ങളുടെ പരമ്പരാഗതവിഗ്ര ഹങ്ങളെ ഉപേക്ഷിക്കാൻ മടി. പുതുവിശ്വാസവും പഴയ വിഗ്രഹങ്ങളും ഒന്നി ച്ചുകൊണ്ടുപോകാനാണ് അവർക്ക് താത്പര്യം. പക്ഷേ സായ്പ് സമ്മതി ക്കുന്നില്ല. അദ്ദേഹത്തെ പിണക്കാനും വയ്യ. ഒടുവിൽ അവർ ഒരു സൂത്രം പ്രയോഗിച്ചു.

ഗ്രാമത്തിൽ അവർക്കുവേണ്ടി സായ്പിന്റെ ഉത്സാഹത്തിൽ ഒരു പുതിയ പള്ളി കെട്ടിക്കൊണ്ടിരിക്കുകയാണ്. ചുവരുകളുടെ പണി നടക്കുന്നു. പണി യിൽ ഏർപ്പെട്ടിരിക്കുന്നതും ഈ പുതിയ വിശ്വാസികൾ തന്നെ. അവർ എന്തു ചെയ്തുവെന്നോ? രാത്രി പള്ളിയുടെ കിഴക്കുവശത്തെ ഭിത്തികെട്ടുമ്പോൾ തങ്ങളുടെ കൊച്ചുവിഗ്രഹങ്ങളെല്ലാം കൊണ്ടുവന്ന് ആ ഭിത്തിക്കുള്ളിൽ ഭംഗി യായി പ്രതിഷ്ഠിച്ചു. എന്നിട്ട് ചുവരുകൾ തേച്ചു വൃത്തിയാക്കി വെള്ള വലിച്ച് രാവിലെ ആയപ്പോഴേക്കും പണിതീർത്തു. ഭിത്തിക്കുമുകളിൽ മേൽക്കൂരയും പിടിപ്പിച്ചതോടെ അടുത്ത ഞായറാഴ്ചയ്ക്കു മുമ്പു പള്ളിപണി പൂർത്തി യായി.

ഞായറാഴ്ച പുതിയ പള്ളിയിൽ ആദ്യആരാധന നടക്കുകയാണ്. വിഗ്ര ഹാരാധന എല്ലാം ഉപേക്ഷിച്ച് പുതിയ വിശ്വാസികൾ ഭക്ത്യാദരപൂർവ്വം കിഴ ക്കോട്ടുതിരിഞ്ഞ് പള്ളിയാരാധനയിൽ പങ്കെടുക്കുന്നതുകണ്ട് സായ്പ് സന്തു ഷ്ടനായി. അതേസമയം ആരാധകരുടെയെല്ലാം മനക്കണ്ണിൽ ആ ഭിത്തി ക്കുള്ളിൽ സായ്പ് കാണാതെ ഭദ്രമായി ഇരിക്കുന്ന തങ്ങളുടെ പരമ്പരാ ഗതവിഗ്രഹങ്ങളായിരുന്നു. 'ഒരു വെടിക്കു രണ്ടു പക്ഷി' എന്ന മട്ടിൽ വിഗ്ര ഹാരാധനയും പുതിയ ആരാധനയും ഒന്നിച്ചുകൊണ്ടുപോകാൻ കഴിയുന്ന തിന്റെ ചാരിതാർത്ഥ്യത്തോടെ അവർ എല്ലാ ഞായറാഴ്ചയും മുടങ്ങാതെ പള്ളിയിൽ ഹാജരായി എന്നാണു കഥ.

ബൈബിളിൽ ഇതിനു സമാനമായ ഒരു സംഭവം വിവരിച്ചിട്ടുള്ളത് ഇപ്പോൾ ചിലരെങ്കിലും ഓർക്കുന്നുണ്ടാവും. പഴയനിയമപ്രവാചകനായ യെഹെസ്കേലിന്റെ പുസ്തകം എട്ടാം അദ്ധ്യായത്തിലാണിത്. യിസ്രാ യേൽജനത ഹൃദയംകൊണ്ട് ദൈവത്തെ ഉപേക്ഷിച്ചകാലം. യിസ്രായേൽമൂപ്പ ന്മാർപോലും കുടുംബാംഗങ്ങളോടൊപ്പം വിജാതീയദൈവങ്ങളെ രഹസ്യ മായി ആരാധിക്കാൻ തുടങ്ങി. പക്ഷേ അപ്പോഴും പുറമേ ദൈവികാരാധ നയും ദൈവാലയത്തിലെ ശുശ്രൂഷകളും നടന്നുപോന്നിരുന്നു.

യിസ്രായേൽ ജനതയുടേയും മൂപ്പന്മാരുടേയും ഈ ഇരട്ടമുഖം യെഹെ സ്കേലിനെ ബോധ്യപ്പെടുത്താൻ ഒരു രാത്രി ദൈവാത്മാവ് അവനെ യെരു

ശലേമിലേക്കു കൊണ്ടുപോയി. അവിടെ ദൈവാലയത്തിന്റെ പ്രാകാരവാതിൽക്കലാണ് ഇപ്പോൾ യെഹെസ്കേൽ നിൽക്കുന്നത്. അവൻ നോക്കിയപ്പോൾ അവിടെ അതാ ഭിത്തിയിൽ ഒരു ദ്വാരം. പെട്ടെന്ന് അവനെ കൂട്ടിക്കൊണ്ടുവന്ന ആത്മാവിന്റെ ശബ്ദം: "മനുഷ്യപുത്രാ, ഭിത്തികുത്തിത്തുരക്കുക." യെഹെസ്കേൽ അനുസരിച്ചു. അവൻ ഭിത്തി കുത്തിത്തുരന്നു. അപ്പോൾ ഇതാ ഒരു വാതിൽ. ആത്മാവിന്റെ ശബ്ദം വീണ്ടും: "അകത്തു കടന്ന് അവർ അവിടെ ചെയ്യുന്ന കൊടിയ മ്ലേച്ഛതകൾ കാണുക." യെഹെസ്കേൽ മടിച്ചുനിന്നില്ല. ആ വാതിൽ വലിച്ചുതുറന്ന് മുമ്പിൽ കണ്ട രഹസ്യഅറയിലേക്കു കാൽ വച്ച അവൻ നടുങ്ങിത്തെറിച്ചുപോയി. അവിടെ ഭിത്തിയിൽ നിറയെ സർവവിധ ഇഴജന്തുക്കളേയും അറപ്പുളവാക്കുന്ന മൃഗങ്ങളേയും യിസ്രായേൽഭവനത്തിന്റെ സർവവിഗ്രഹങ്ങളേയും ചിത്രീകരിച്ചിരിക്കുന്നു. അവയുടെ മുമ്പിൽ യിസ്രായേലിലെ എഴുപതു മൂപ്പന്മാരും അവരുടെ നായകനും നിന്ന് ആ വിഗ്രഹങ്ങളെ ആരാധിക്കുകയും ധൂപം കാട്ടുകയുമാണ്! സുഗന്ധധൂപം മേഘംപോലെ ഉയരുന്നു. അപ്പോൾ ആത്മാവ് യെഹെസ്കേലിനോടു ചോദിച്ചു "മനുഷ്യപുത്രാ, യിസ്രായേൽഭവനത്തിലെ മൂപ്പന്മാർ ഇരുട്ടിൽ തങ്ങളുടെ രഹസ്യമുറിയിൽ എന്താണു ചെയ്യുന്നത് എന്നു നീ കണ്ടോ?"

നടുക്കത്തോടെയും ഭയത്തോടെയുമല്ലാതെ നമുക്ക് ഈ ഭാഗം വായിച്ചവസാനിപ്പിക്കുവാൻ കഴിയുകയില്ല. യിസ്രായേൽജനതയെ വിഗ്രഹാരാധനയിൽ നിന്ന് മടക്കിക്കൊണ്ടുവരേണ്ടവരാണു മൂപ്പന്മാർ. പക്ഷേ അവർ തന്നെ അറപ്പുളവാക്കുന്ന വിഗ്രഹങ്ങളെ മടികൂടാതെ ആരാധിക്കുകയാണ്. വേലി തന്നെ വിളവുതിന്നുന്ന അനുഭവം. "ഞാനല്ലാതെ അന്യദൈവം നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്" എന്നു കല്പിച്ച യഹോവയുടെ ആലയത്തിൽ ദൈവികാരാധനയാണ് സദാ നടക്കേണ്ടത്. പക്ഷേ അവിടെ ഇരുളിൽ, രഹസ്യഅറയിൽ, വിഗ്രഹാരാധന കൊടികുത്തിവാഴുന്നു! വിശുദ്ധസ്ഥലത്ത് തന്നെ അശുദ്ധമാക്കുന്ന മ്ലേച്ഛത. എത്ര ഭയാനകം! എത്ര ലജ്ജാവഹം!!

പഴയനിയമയിസ്രായേലിന്റെ ഈ ആത്മീയാധഃപതനത്തെക്കുറിച്ച് ഓർത്ത് മൂക്കത്ത് വിരൽ വയ്ക്കാൻ വരട്ടെ. പുതിയ നിയമയിസ്രായേലായ നമ്മുടെ അവസ്ഥയോ? നാം വിഗ്രഹങ്ങളെ ആരാധിക്കുന്നുണ്ടോ? പുതിയനിയമകാലഘട്ടത്തിൽ ക്രിസ്ത്യാനികൾ ആരും തന്നെ അക്ഷരാർത്ഥത്തിൽ വിഗ്രഹങ്ങളെ സേവിക്കുന്നുണ്ടാവില്ല. എന്നാൽ ദൈവത്തെക്കാൾ ഉപരിയായി നാം എന്തിനെയെങ്കിലും വിലമതിക്കുന്നുണ്ടെങ്കിൽ അതു നമ്മുടെ വിഗ്രഹമാണ്. ഇതാണ് പുതിയനിയമകാഴ്ചപ്പാട്. ഇക്കാര്യം ബൈബിളിൽ വളരെ വ്യക്തമായിക്കാണാം. പഴയനിയമത്തിൽ ദൈവം സ്വയം വിളിക്കുന്ന ഒരു പേര് 'തീക്ഷ്ണതയുള്ള ദൈവം' (Jealous God) എന്നാണ്. അവിടുത്തെ തീക്ഷ്ണത (അസഹിഷ്ണുത, അസൂയ) എന്തി





ലാണ്? പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണശക്തിയോടും ദൈവത്തെ സേവിക്കുന്നതിൽ നിന്ന് പിന്മാറി വിഗ്രഹങ്ങളിലേക്കു തിരിയുന്നതിനോടു ബന്ധപ്പെട്ടാണ് ദൈവം 'തീക്ഷ്ണതയുള്ളവൻ' എന്ന് തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നത് (പുറപ്പാട് 34:14) ഇതുപോലെ പുതിയനിയമത്തിൽ വരുമ്പോൾ നമ്മിൽ വസിക്കുന്ന ദൈവാത്മാവിനെ 'അസൂയയോടെ കാംക്ഷിക്കുന്ന ആത്മാവ്' എന്നു വിവരിച്ചിരിക്കുന്ന ഭാഗം ശ്രദ്ധിക്കുക (യാക്കോബ് 4:5). ഇവിടെ ദൈവത്തോടുള്ള ഒന്നാമത്തെ സ്നേഹം വിട്ട് ലോകത്തിന്റെ കൂടി സ്നേഹിതനാകുവാൻ നാം ആഗ്രഹിക്കുമ്പോൾ നമ്മിലുള്ള അവിടുത്തെ ആത്മാവ്, ദൈവത്തിന്റെ തീക്ഷ്ണതയോടെ അതിനെതിരേ അസൂയയോടെ വാഞ്ഛിക്കുകയാണ്. തന്നോടുള്ള ആദ്യസ്നേഹം വിട്ട് തന്റെ ശത്രുവിനെക്കൂടി സ്നേഹിക്കാൻ ഭാര്യ തുനിഞ്ഞാൽ ഒരു ഭർത്താവിന്റെ ചേതോവികാരം എന്തായിരിക്കും? അതേ മനോഭാവം തന്നെയാണ് ഇവിടെ ദൈവത്തിനും ഉള്ളത് (2 കൊരിന്ത്യർ 11:2 കാണുക). ചുരുക്കത്തിൽ നമ്മുടെ മുൻഗണനാലിസ്റ്റിൽ ദൈവം ഒന്നാം സ്ഥാനം തന്നെ അവകാശപ്പെടുന്നു. അതിൽക്കുറഞ്ഞ ഒന്നുകൊണ്ട് അവിടുന്ന് തൃപ്തിപ്പെടുന്നില്ല. മുൻഗണനാപട്ടികയിൽ ദൈവത്തിനുമുകളിൽ നാം സ്ഥാനം കൊടുത്തിട്ടുള്ളതെല്ലാം – അതു ഭാര്യയാകട്ടെ, മക്കളാകട്ടെ, പണമാകട്ടെ, ജോലിയാകട്ടെ ശുശ്രൂഷയാകട്ടെ എന്തായാലും– വിഗ്രഹമായി അവിടുന്നു കണക്കാക്കുന്നു... ഉവ്വ്, ക്രിസ്തീയജീവിതം ഒരു തമാശയല്ല. അത് എത്രയും ഗൗരവമുള്ള ഒന്നാണ്.

അതുകൊണ്ടുതന്നെ യഥാർത്ഥദൈവഭക്തരെല്ലാം തങ്ങളുടെ മുൻഗണനകൾ സംബന്ധിച്ചു വ്യക്തതയുള്ളവരായിരുന്നു. ഒരു പഴയനിയമഭക്തനായ ആസാഫ് തന്റെ നിലപാട് വ്യക്തമാക്കുന്നതു ശ്രദ്ധിക്കുക: "സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളൂ? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല." (സങ്കീർത്തനം 73:25) സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ അവിടെ നമുക്കു ദൈവം മാത്രമേ ഉള്ളു. പക്ഷേ ഭൂമിയിൽ? ഇവിടെ നാം ദൈവത്തെയല്ലാതെ മറ്റൊന്നും ആഗ്രഹിക്കാത്തവരായിരിക്കുന്നുവോ?

◆

# 'സൂര്യകാന്തിപ്പൂവി'ന്റെ സന്ദേശം

**സൈ**മൺ വിസന്താൾ എന്നായിരുന്നു ആ ചെറുപ്പക്കാരന്റെ പേര്. പോള ണ്ടുകാരനായ ഒരു യഹൂദൻ. രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ ജർമനിയിലെ നാസിപട്ടാളത്തിന്റെ തടവുകാരനായി ജയിലറ യിൽ കഴിയുകയാണ് സൈമൺ.

യഹൂദന്മാരെ കൂട്ടക്കൊല ചെയ്യുന്നത് ഒരു ദൗത്യംപോലെ ഏറ്റെടുത്തി രുന്ന ഹിറ്റ്ലറിന്റെ നാസിപ്പടയോട് തീർത്താൽ തീരാത്ത പകയായിരുന്നു സൈമണിന്. അവന്റെ കണ്ണിനു മുമ്പിൽ വച്ചാണ് നാസികൾ സൈമണിന്റെ വലിയമ്മയെ വധിച്ചത്. തന്റെ ബന്ധുക്കളായ 89 യഹൂദരും പലപ്പോഴായി നാസികളുടെ തോക്കിനിരയായതു സൈമണിനറിയാമായിരുന്നു.

1944ലെ ഒരു സായാഹ്നം. യുദ്ധത്തിൽ മുറിവേറ്റ ജർമൻപടയാളികൾ കിട ക്കുന്ന ഒരു ഹോസ്പിറ്റൽ കഴുകി വൃത്തിയാക്കുകയായിരുന്നു തടവുകാ രെന്ന നിലയിൽ സൈമണും കൂട്ടുകാരും. പെട്ടെന്ന് ഒരു നഴ്സ് സൈമണെ സമീപിച്ചു ചോദിച്ചു.

"താങ്കൾ ഒരു യഹൂദനാണോ?"

"അതേ"

"എങ്കിൽ വരൂ" നഴ്സ് മുന്നോട്ടു നടന്നു. സൈമൺ അമ്പരപ്പോടെ അവ ളോടൊപ്പം ചെന്നു.

ഹോസ്പിറ്റലിന്റെ നീണ്ട ഇടനാഴികൾ പിന്നിട്ട് അവർ ചെന്നുനിന്നത് അത്യാസന്നനിലയിൽ കിടക്കുന്ന ഒരു ജർമൻപടയാളിയുടെ മുറിയിലാണ്. സൈമണെ ആ മുറിയിലാക്കി, പിന്നിൽ വാതിൽ ചാരി, നഴ്സ് പിൻവാങ്ങി.

"എന്റെ പേര് കാൾ എന്നാണ്". ബാൻഡേജിൽ പൊതിയപ്പെട്ട് കിടക്കുന്ന മരണാസന്നനായ ആ ജർമൻ പടയാളി സ്വയം പരിചയപ്പെടുത്തി. "എനിക്ക് ഇനി അധികസമയമില്ല. മരിക്കുന്നതിനു മുൻപ് എനിക്ക് ഒരു കുറ്റസമ്മതം നടത്താനുണ്ട്. അത് നിങ്ങളോട് തുറന്നു പറയുവാൻ ആഗ്രഹിക്കുന്നു. കാരണം നിങ്ങൾ ഒരു യഹൂദനാണെന്നതു തന്നെ."

തളർന്ന സ്വരം. വിറയാർന്ന ചുണ്ടുകൾ. പക്ഷേ സൈമണിന് വലിയ അനുകമ്പയൊന്നും തോന്നിയില്ല.

തുടർന്നു കാൾ തന്റെ കഥ പറയുവാൻ തുടങ്ങി. ഒരു ക്രിസ്തീയകുടും ബത്തിലാണ് കാൾ ജനിച്ചത്. ശിശുസഹജമായ വിശ്വാസത്തോടെ ചെറുപ്പ ത്തിൽ പള്ളിയിൽപോയിരുന്നത് കാളിന് ഓർമയുണ്ട്. പക്ഷേ യൗവ്വനത്തിൽ ഹിറ്റ്ലറുടെ നാസിപ്പടയിൽ അംഗമായതോടെ വിശ്വാസം എല്ലാം പഴങ്കഥ യായി മാറി.

ആര്യവംശത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള ചിന്ത തലയ്ക്കു പിടിച്ചതോടെ യഹൂദന്മാർ കാളിനും കൂട്ടർക്കും കണ്ണിലെ കരടായി. അവരെ കശാപ്പുചെയ്യുന്നതിൽ മൃഗീയമായ ഒരു ആനന്ദം അവർ കണ്ടെത്തി.





രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ ജർമൻ പടയാളികൾ എന്ന നിലയിൽ കാളും സുഹൃത്തുക്കളും 'യഹൂദവേട്ട' കൂടുതൽ തീക്ഷ്ണത യോടെ തുടർന്നു. പകയുടെയും കൂട്ടക്കൊലയുടെയും നാളുകൾ. കേട്ടാൽ തലപെരുത്തുപോകുന്ന ചോരമണമുള്ള കഥകൾ...

പറഞ്ഞുവന്നപ്പോൾ കാളിന്റെ ശബ്ദം പലപ്പോഴും പതറി. സൈമൺ പുറമേ നിർവികാരതയോടെ, ഉള്ളിൽ പകയോടെ, കേട്ടുകൊണ്ടിരുന്നു.

"ഈ സംഭവങ്ങളുടെ കൂട്ടത്തിൽ ഒരു ഓർമ എന്നെ നിരന്തരം വേട്ടയാ ടുന്നു." കാൾ മറ്റൊരു വിവരണത്തിന്റെ ചുരുളഴിച്ചു.

തോറ്റു പിന്മാറുന്ന റഷ്യൻ പട്ടാളത്തെ പിന്തുടർന്ന് ഉക്രെയിനിലൂടെ കാളും കൂട്ടരും ജയഭേരിയോടെ മുന്നേറുമ്പോഴാണ് അതുണ്ടായത്. ഓർക്കാ പ്പുറത്തുണ്ടായ ഒരു ഒളിപ്പോർ ആക്രമണത്തിൽ കാളിന്റെ യൂണിറ്റിലെ 30 പടയാളികൾ കൊല്ലപ്പെട്ടു. ഇതിനു പകരം വീട്ടാനായി നാസി പടയാളി കൾ മുന്നൂറിൽപ്പരം യഹൂദന്മാരെ വളഞ്ഞുപിടിച്ച് ഒരു മൂന്നുനില കെട്ടിട ത്തിന്റെ മുകളിലേക്ക് ഓടിച്ചുകയറ്റി. പിന്നെ ആ കെട്ടിടത്തിനു തീ കൊളു ത്തി. തീ പിടിച്ച കെട്ടിടത്തിൽ നിന്ന് രക്ഷപ്പെടാൻ ആരെങ്കിലും ശ്രമിച്ചാൽ അവരെ വകവരുത്താൻ തോക്കുകളും കൈബോംബുകളുമായി നാസിപ്പട യാളികൾ കെട്ടിടത്തെ വളഞ്ഞുനിന്നു.

"ആ കെട്ടിടത്തിൽ നിന്ന് ഉയർന്ന കൂട്ടക്കരച്ചിൽ അസഹനീയമായ വേദ നയുടേതായിരുന്നു" കാൾ തുടർന്നു "ഞങ്ങൾ നോക്കി നിൽക്കുമ്പോൾ ഒരു ജനാലയ്ക്കൽ ഒരാൾ ഒരു കുഞ്ഞിനെ കയ്യിലേന്തി നിൽക്കുന്നു. അയാ ളുടെ വസ്ത്രത്തിൽ തീപിടിച്ചിട്ടുണ്ട്. അടുത്ത് ഒരു യുവതി. തീർച്ചയായും ആ കുഞ്ഞിന്റെ അമ്മയാണ്. ഒരു നിമിഷം. അയാൾ സ്വതന്ത്രമായ മറ്റേ കൈകൊണ്ട് ആ കുഞ്ഞിന്റെ കണ്ണുപൊത്തി. പിന്നെ മൂന്നാം നിലയിൽ നിന്ന് താഴേക്കു ചാടി. തൊട്ടുപിന്നാലെ തീപിടിച്ച വസ്ത്രങ്ങളുമായി യുവ തിയും. ഞങ്ങളുടെ തോക്കുകൾ തീതുപ്പി. ആ അച്ഛനും അമ്മയും കുഞ്ഞും താഴെ വരുന്നതിനു മുമ്പ് ഒരു അഗ്നിഗോളമായി മാറി... തുടർന്ന് മറ്റ് ജനാല കളിലൂടെയും തീ പിടിച്ച ശരീരങ്ങൾ പ്രാണവേദനയോടെ താഴേക്ക് ചാടി ക്കൊണ്ടിരുന്നു. ഞങ്ങൾ ഉന്മാദത്തോടെ വെടിവെച്ചുകൊണ്ടും... ഓ ദൈവമേ"

കാൾ നടുക്കുന്ന ഓർമ്മകൾക്കു വിരാമമിട്ടു. പിന്നെ സൈമണിന്റെ കണ്ണു കളിലേക്കു നോക്കി വേദനയോടെ തുടർന്നു. "ഒടുവിൽ ഇതാ, ഞാൻ എന്റെ കൊടുംപാതകങ്ങളുമായി ഇവിടെ മരണത്തെ സമീപിക്കുന്നു. എന്റെ ജീവി തത്തിന്റെ അവസാനമണിക്കൂറുകളിൽ നിങ്ങൾ എന്നോടൊപ്പം ഉണ്ട്. നിങ്ങൾ ആരാണെന്ന് എനിക്കറിഞ്ഞുകൂടാ. നിങ്ങൾ ഒരു യഹൂദനാണെന്നു മാത്രം എനിക്കറിയാം. അതു മതിതാനും. ഞാൻ നിങ്ങളോടു പറഞ്ഞ കഥ കൾ ഭയങ്കരമാണെന്ന് എനിക്കറിയാം. എങ്കിലും മരണത്തെ കാത്ത് നീണ്ട രാത്രികളിൽ ഉറക്കമില്ലാതെ കിടക്കുമ്പോൾ ഈ കഥകളെല്ലാം ഒരു യഹൂദ നോടു തുറന്നു പറഞ്ഞ് ക്ഷമയാചിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു... പറ

യൂ, ഞാൻ നിങ്ങളുടെ ആളുകളോടു ചെയ്ത തെറ്റുകൾ എന്നോടു ക്ഷമി ക്കുമോ? നിങ്ങൾ ക്ഷമിച്ചാലേ എനിക്കു സമാധാനത്തോടെ മരിക്കാൻ കഴി യൂ." കാൾ അപേക്ഷാഭാവത്തിൽ മുഖം ഉയർത്തി.

പക്ഷേ.... സൈമണിന്റെ മുഖം കടുത്തിരുന്നു. അവൻ തല തിരിച്ചു. പിന്നെ ഒരു വാക്ക് മറുപടി പറയാതെ കതകുവലിച്ചടച്ച് കനത്ത കാൽവ യ്പുകളോടെ പുറത്തേക്കു നടന്നു. അന്നു രാത്രി കാൾ മരിച്ചു-ഒരു യഹൂ ദന്റെ ചുണ്ടിൽ നിന്ന് 'ക്ഷമിച്ചു' എന്നൊരു വാക്ക് കേൾക്കാൻ കഴിയാതെ.

വർഷങ്ങൾ കടന്നുപോയി. സൈമൺ തടവറയിൽനിന്ന് പുറത്തുവന്നു. എങ്കിലും തന്നോടു ക്ഷമയ്ക്കായി കേണപേക്ഷിച്ച കാളിന്റെ ഓർമ്മകൾ സൈമണെ നിരന്തരം വേട്ടയാടി. താൻ ചെയ്തതു ശരിയായോ? തുടർന്ന് "എന്റെ സ്ഥാനത്തു നിങ്ങളായിരുന്നെങ്കിൽ കാളിനോടു ക്ഷമിക്കുമായി രുന്നോ?" എന്ന ചോദ്യവുമായി സൈമൺ പാശ്ചാത്യലോകത്തെ പ്രശസ്ത രായ ചിന്തകരേയും, എഴുത്തുകാരേയും, രാഷ്ട്രീയക്കാരേയും, യഹൂദറ ബ്ബിമാരേയും, ക്രിസ്തീയനേതാക്കളേയും സമീപിച്ചു. അവർ നൽകിയ മറു പടികൾ സൈമൺ രേഖപ്പെടുത്തി. ഒടുവിൽ ഇതെല്ലാം ചേർത്ത് അദ്ദേഹം ഒരു പുസ്തകം രചിച്ചു. അതാണ് The sun flower (സൂര്യകാന്തിപ്പൂവ്) എന്ന പ്രശസ്തമായ ഗ്രന്ഥം.

അതിന്റെ ആദ്യഭാഗത്ത് സൈമൺ കാളുമായുള്ള തന്റെ കൂടിക്കാഴ്ച വിവരിക്കുന്നു. രണ്ടാം ഭാഗത്ത് പ്രശസ്തരായ ആളുകൾ സൈമണിനു നൽകിയ മറുപടി ചേർത്തിരിക്കുന്നു. ഇവരിൽ ഭൂരിപക്ഷം പേരും സൈമൺ ചെയ്തതിൽ തെറ്റില്ല എന്ന അഭിപ്രായക്കാരാണ്. എന്നാൽ യഥാർത്ഥ ക്രിസ്ത്യാനികളായ ചുരുക്കം പേർ മാത്രമാണ് സൈമൺ ക്ഷമിക്കേണ്ടതാ യിരുന്നു എന്നു മറുപടി പറഞ്ഞത്. അക്കൂട്ടത്തിൽ കറുത്ത വർഗ്ഗക്കാരനായ ഒരു ക്രിസ്തീയപുരോഹിതൻ പറഞ്ഞിരിക്കുന്നു: "നിങ്ങൾ ക്ഷമിക്കാതിരു ന്നത് 'കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്ന പഴയനിയമത്തിന്റെ ആത്മാവിലാണ്. എന്നാൽ ഒരു പുതിയ നിയമം ഉണ്ട്. അത് സുവിശേഷങ്ങ ളിൽ കാണുന്ന ക്രിസ്തുവാണ്. നിങ്ങൾ ക്ഷമിക്കേണ്ടതായിരുന്നു എന്നാണ് ഒരു ക്രിസ്ത്യാനി എന്ന നിലയിൽ എന്റെ അഭിപ്രായം."

അതേ ക്രിസ്തുവിനു മാത്രമേ, ഒരു യഥാർത്ഥക്രിസ്ത്യാനിക്കു മാത്ര മേ, ആത്മാർത്ഥമായി ക്ഷമിക്കാൻ കഴിയൂ.

ഒരോ പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോഴും നാം പകയുടേയും പ്രകോപനങ്ങളുടേയും നിശ്ശബ്ദസഹനങ്ങളുടെയും ഒരു വർഷത്തിലേക്കു കൂടിയാണ് കാൽ വയ്ക്കുന്നത്. ഇതുവരെ ഉണ്ടായിട്ടില്ലാത്ത പീഡനങ്ങളും കയ്പേറ്റങ്ങളുമാവാം പുതുവർഷത്തിൽ നമ്മെ കാത്തിരിക്കുന്നത്. അപ്പോൾ യേശുവിനെപ്പോലെ ക്ഷമിക്കാൻ, യഥാർത്ഥക്രിസ്ത്യാനിയെപ്പോലെ പ്രതി കരിക്കാൻ, നമുക്ക് ഇടയാകുമോ? "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ" എന്ന ക്രൂശിലെ മൊഴികൾ നമുക്കു മാർഗ്ഗദീപം ആകട്ടെ!

◆